മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 08 No. 46 | THE ONLINE OFFICIAL NEWS BULLETIN | 2025 November 13

SEASON OF THE ANNUNCIATION ❁ അറിയിപ്പുകാലം ❁ ܥܕܢܐ ܕܒܫܪܬܐ

SUNDAY	MONDAY	TUESDAY	WEDNESDAY	THURSDAY	FRIDAY	SATURDAY
16	17	18	19	20	21	22
Suboreh dazkharyo Annunciation to Zachariah (Father of St. John the Baptist)				14th Mem. of Job Mar Philoxenose ✠ (Pathanapuram Mt. Tabor Dayara)	✠ Feast of the Entrance of St. Mary to the Jerusalem Temple	

കോപ്റ്റിക് സഭാതലവനെ സന്ദർശിച്ച് കാതോലിക്കാ ബാവാ

കയ്റോ: പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ കോപ്റ്റിക് ഓർത്തഡോക്സ് സഭാതലവൻ പോപ്പ് തവാദ്രോസ് രണ്ടാമനുമായി ഈജിപ്തിലെ കയ്റോയിൽ കൂടിക്കാഴ്ച നടത്തി.

ഡൽഹി സ്ഫോടനം ഭാരതത്തിന്റെ ഏകതയ്ക്ക് നേരെയുണ്ടായ ആസൂത്രിത നീക്കം

പ. മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ

അത്യന്തം വേദനാജനകമായ അന്തരീക്ഷത്തിലൂടെയാണ് നമ്മുടെ രാജ്യം കടുന്നുപോകുന്നത്. ഡൽഹി ചെങ്കോട്ടയ്ക്ക് സമീപമുണ്ടായ സ്ഫോടനം ഭാരതത്തിന്റെ ഏകതയ്ക്ക് നേരെയുണ്ടായ ആസൂത്രിത നീക്കമാണ്. ഇത്തരം നിഴൽയുദ്ധങ്ങളിലൂടെ രാജ്യസമാധാനത്തെയും, ഭാരതത്തിന്റെ പുരോഗതിയെയും തകർക്കാനാണ് ദുഷ്ടബുദ്ധികൾ ശ്രമിക്കുന്നത്. ദേശസുരക്ഷയ്ക്ക് വിഘാതം സൃഷ്ടിക്കുന്ന എല്ലാ വിധ്വംസക പ്രവർത്തനങ്ങളും തുടച്ചുനീക്കപ്പെടണം. ഭാരതീയരെന്ന നിലയിൽ നാം നമ്മുടെ രാജ്യത്തിനൊപ്പം ഒരുമിച്ച് നിൽക്കണം. കുറ്റക്കാരെ എത്രയുംവേഗം നിയമത്തിന് മുന്നിൽ കൊണ്ടുവരുവാൻ ഭരണാധികാരികൾക്ക് കഴിയട്ടെ. സ്ഫോടനത്തിൽ കൊല്ലപ്പെട്ട പ്രിയ സഹോദരങ്ങൾക്ക് ആദരാഞ്ജലികൾ. ഉറ്റവരെ നഷ്ടപ്പെട്ടവരുടെ വേദനയിൽ പങ്കുചേരുന്നു. പരുക്കേറ്റവർ എത്രയും വേഗം സുഖം പ്രാപിക്കുവാൻ പ്രാർത്ഥിക്കുന്നു.



ഡോ. ജെ. അലക്സാണ്ടർ പുരസ്കാരം കാതോലിക്കാ ബാവായ്ക്ക്

കൊച്ചി: ഇന്ത്യൻ ക്രിസ്ത്യൻ മൂവ്മെന്റിന്റെ (ഐസിഎം) ഡോ. ജെ. അലക്സാണ്ടർ പുരസ്കാരം (25,000 രൂപ) പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായ്ക്ക്. 15നു രാവിലെ 9-നു എറണാകുളം ഹോളി ഡേ ഇൻ ഹോട്ടലിൽ നടക്കുന്ന ചടങ്ങിൽ കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ സമ്മാനിക്കും.

പരിശുദ്ധ മാത്യൂസ് പ്രഥമൻ ബാവായുടെ 29-ാം ഓർമ്മപ്പെരുന്നാളിന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ മുഖ്യകാർമ്മികത്വം വഹിച്ചു.

ഫാ.സജി യോഹന്നാൻ
കാതോലിക്കേറ്റ് ആൻഡ്
എം.ഡി സ്ക്കൂൾസ് ഓഫീസ്
അഡ്മിനിസ്ട്രേറ്റർ
മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ കാതോലിക്കേറ്റ് ആൻഡ് എം.ഡി സ്ക്കൂൾസ് കോർപറേറ്റ് മാനേജ്മെന്റ് ഓഫീസ് അഡ്മിനിസ്ട്രേറ്ററായി ഫാ.സജി യോഹന്നാനെ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ നിയമിച്ചു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

His Holiness Pope Twadros II Receiving H.H. Baselius Mar Thoma Mathews III Catholicos

His Holiness Moran Mar Baselios Marthoma Mathews III, Catholicos of the East & Malankara Metropolitan offered a fraternal visit to His Holiness Pope Tawadros II of the Coptic Orthodox Church.

His Holiness was received at the Papal Residence in Cairo, with the accompanying delegation.

During the reception, Pope Tawadros welcomed His Holiness the Catholicos and his companions, then accompanied him on a tour of the Papal Residence. The visit included the Church of Archangel Michael and the Gift Museum, before a joint session was held, presided over by both His Holiness Pope Tawadros and His Holiness the Catholicos, and attended by the delegations of both Churches.

His Holiness the Catholicos and his delegation toured Saint Mark's Cathedral, the Church of St. Peter (El-Botroseya), the Shrine of Saint Mark the Apostle, and the Shrine of Saint Athanasius the Apostolic, where they were given an explanation of the history of these places.

The delegation of the Malankara Orthodox Syrian Church included His Eminence, Metropolitan Abraham Mor Stephanos, Metropolitan of London, Rev. Fr. Aswin Zephrin Fernandez, Rev. Fr Baiju Johnson, and Mr. Jacob Mathew.

The delegation of the Coptic Orthodox Church included His Eminence Metropolitan Thomas, Metropolitan of El-Qussia and Mir, His Eminence Archbishop Angaelos of London, His Grace Bishop Angelos, General Bishop of Northern Shoubra Churches, Hegumen Mousa Ibrahim, Spokesman of the Coptic Orthodox Church, Monk Fr. Kyrillos El-Maqari, Dr. Girgis Saleh, Honorary Secretary-General of the Middle East Council of Churches and Deacon Joseph Reda from the Secretariat of His Holiness the Pope.

The Coptic Orthodox Church and the Malankara Orthodox Syrian Church are sister churches which belong to the ancient Oriental Orthodox Churches.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ചരിത്രരേഖകൾ

പ. ഗീവർഗീസ് രണ്ടാമൻ ബാവായുടെ ഡയറിക്കുറിപ്പുകൾ (1956)



1956 ഒക്ടോബർ മാസം

30 ചൊവ്വ. രാവിലെ ഇ. ജെ. അബ്രഹാം കത്തനാർ വി. കുർബ്ബാന അർപ്പിച്ചു. കൊച്ചുണ്ണൂണ്ണി 11 മണിയോടു കൂടി ചക്രവർത്തിക്കു മംഗളപത്രം കൊടുക്കാനുള്ള കാസ്കറ്റുമായി വന്നു. ഈട്ടിപെട്ടിമേൽ ആനക്കൊമ്പു കൊണ്ടുള്ള പണികൾ ചെയ്തതാണ് കാസ്ക്കറ്റ്. അതിൽ രണ്ട് ആനകളും മാലാഖമാരുടെയും തോമ്മാ ശ്ലീഹായുടെയും രൂപം കൊത്തിയിട്ടുണ്ട്. വളരെ ഭംഗിയായിരിക്കുന്നു.

ചക്രവർത്തി ഇന്ന് കോട്ടയം ഗസ്റ്റ് ഹൗസിൽ വന്നുചേരുമെന്നുള്ള പ്രോഗ്രാം കാലാവസ്ഥയുടെ മാറ്റം മൂലം റദ്ദു ചെയ്തെന്നും നാളെ 10 മണിക്കേ ഇവിടെ വന്നു ചേരുകയുള്ളുവെന്നും 10 മണിക്ക് നാം ഗസ്റ്റ് ഹൗസിൽ എത്തി അദ്ദേഹത്തെ കാണണമെന്നും 12 മണിക്കാണ് അദ്ദേഹം സെമിനാരിയിൽ എത്തുന്നതെന്നും പന്ത്രണ്ടരയ്ക്ക് അവിടെ നിന്നും ഗസ്റ്റ് ഹൗസിലേക്കു മടങ്ങുമെന്നും കൊച്ചുണ്ണൂണ്ണി മൂലം കളക്ടർ ഇവിടെ അറിയിച്ചു.

ഉച്ചകഴിഞ്ഞ് തീമോത്തിയോസ് മെത്രാച്ചനുമൊന്നിച്ച് പഴയസെമിനാരിയിൽ പോയി. മെത്രാച്ചൻ അവിടെ താമസിച്ചു. പാമ്പാടിയിലെ മെത്രാച്ചനും, തേവോദോസ്യോസ് മെത്രാച്ചനും പഴയസെമിനാരിയിൽ വന്നു താമസിച്ചു. 5 മണിക്ക് നാം സെമിനാരിയിൽ നിന്നും ദേവലോകത്തേക്കു വരികയും താമസിക്കുകയും ചെയ്തു. ആറ് മണിക്ക് ഒസ്താത്തിയോസ്, പീലക്സിനോസ്, കൂറിലോസ് എന്നീ മെത്രാച്ചന്മാർ അരമനയിൽ വന്നു താമസിച്ചു.

31 ബുധൻ. എത്യോപ്യൻ ചക്രവർത്തി ഹെയ്ലി സെലാസിയുടെ വരവ് പ്രമാണിച്ച് അച്ചന്മാർ, ശെമ്മാശന്മാർ മറ്റ് ധാരാളം ആളുകൾ വന്നുകൊണ്ടിരുന്നു. 8 മണിക്ക് മെത്രാച്ചന്മാർ പഴയസെമിനാരിയിലേക്കു പോയി. 9 മണിക്ക് ദീവന്നാസ്യോസ് മെത്രാച്ചൻ പഴയസെമിനാരിയിൽ നിന്ന് ദേവലോകം അരമനയിലേക്കു വന്നു. 10 മണിക്ക് നമ്മോട് ഒരുമിച്ചു ദീവന്നാസ്യോസ് മെത്രാച്ചനും പോൾ വർഗീസ്, സെക്രട്ടറി ഉമ്മൻ ശെമ്മാശൻ എന്നിവർ ദേവലോകത്തു നിന്നും ചക്രവർത്തിയെ കാണ്മാൻ കോട്ടയത്തുള്ള ഗസ്റ്റ് ഹൗസിലേക്കു പുറപ്പെട്ടു. പോകുന്ന വഴി എം.ഡി. സെമിനാരിയിൽ കയറി കുറെ സമയം വിശ്രമിച്ചു. 10 മണിക്ക് സി. പി. മാത്തൻ എം.ഡി സെമിനാരിയിൽ വന്ന് ചക്രവർത്തിയോട് പറയേണ്ട കാര്യങ്ങൾ നമ്മെ അറിയിച്ചു. പത്തര മണിക്ക് അവിടെ നിന്നും ഗസ്റ്റ് ഹൗസിലേക്കു പോയി. അവിടെ എത്തിച്ചേർന്ന ഉടനെ ഡോക്ടർ സൈമൺ ശെമ്മാശൻ ചക്രവർത്തിയുടെ എ.ഡി.സി. തുമ്പമൺകാരൻ മാത്യു എന്നിവർ നമ്മെ സ്വീകരിച്ച് മുറിയിൽ കൊണ്ടുപോകയും ചക്രവർത്തിയുമായി കൂടിക്കാഴ്ച ആരംഭിക്കുകയും ചെയ്തു. പത്തു മിനിട്ടു നേരം ചക്രവർത്തിയുമായി നാം സംഭാഷണം നടത്തിയശേഷം അവിടെ നിന്നും പഴയസെമിനാരിയിലേക്കു പോകുകയും ചെയ്തു. 12 മണി കഴിഞ്ഞ് ചക്രവർത്തി സെമിനാരിയിൽ വന്നു. അദ്ദേഹത്തിന് അതിവിപുലമായ ഒരു സ്വീകരണം കൊടുത്തു. നൂറിൽപരം അച്ചന്മാരും ശെമ്മാശന്മാരും കറുത്ത കുപ്പായം ഇട്ടുകൊണ്ട് കത്തിച്ച മെഴുകുതിരികളുമായി അദ്ദേഹത്തെ എതിരേറ്റു. മെത്രാച്ചന്മാർ എല്ലാവരും ഉണ്ടായിരുന്നു. അദ്ദേഹത്തെ പള്ളിയിൽ വച്ച് കൈ കൊടുത്ത് സ്വീകരിച്ച് മദ്ബഹായിലേക്കു കൊണ്ടുപോയി ലുത്തിനിയായും പ്രത്യേക പ്രാർത്ഥനകളും നടത്തി. അദ്ദേഹത്തിന് ആനക്കൊമ്പും കരിന്താളിയും കൊണ്ടു സ്വർണ്ണം കെട്ടിയ ഒരു വടി സമ്മാനിച്ചു. വീണ്ടും എതിരേറ്റ് പൂമുഖത്ത് പ്രത്യേകം തയ്യാറാക്കിയ പന്തലിൽ ഇരിപ്പിടത്തിൽ ഇരുത്തി മംഗളപത്രം, കാസ്ക്കറ്റ് എന്നിവയും കൂടെ ഉണ്ടായിരുന്ന ചക്രവർത്തിയുടെ മകനും മകളും മറ്റുള്ളവർക്കും ആനക്കൊമ്പ് നിർമ്മിതമായ സമ്മാനങ്ങളും കൊടുത്തു. അദ്ദേഹം ഒരു പ്രസംഗം പറഞ്ഞതിനുശേഷം ഒരു കുരിശ്, ധൂപക്കുറ്റി, കാർപറ്റ്, ഒരു വേദപുസ്തകം എന്നിവകൾ സഭയ്ക്കു വേണ്ടിയും നമുക്കു വേണ്ടിയും നൽകുകയുണ്ടായി. ഒരു മണിക്ക് അദ്ദേഹം പിരിഞ്ഞു പോയി. വലിയ ഒരു ജനക്കൂട്ടം അവിടെ കൂടിയിരുന്നു. ഒന്നര മണിക്ക് നാമും ദീവന്നാസ്യോസ് മെത്രാച്ചനും പരിവാരസമേതം പഴയസെമിനാരിയിൽ നിന്നും ചേപ്പാട്ടു പള്ളിയിലേക്കു തിരിച്ചു. പോകുന്ന വഴിയിൽ ചക്രവർത്തിക്കു വേണ്ടി കെട്ടി അലങ്കരിച്ചിട്ടുള്ള എല്ലാ സ്ഥാനങ്ങളിലും വണ്ടി നിർത്തി അവർക്കു വേണ്ട നിർദ്ദേശങ്ങൾ കൊടുത്തു. 3 മണിക്ക് ചേപ്പാട്ടു പള്ളിയിൽ എത്തി ലുത്തിനിയാ നടത്തി മുറിയിൽ വന്നു വിശ്രമിച്ചു, ഉച്ചമേശ കഴിക്കുകയുണ്ടായി. ചക്രവർത്തിക്ക് ഗംഭീര സ്വീകരണവും മീറ്റിംഗും കാലം ചെയ്ത ചേപ്പാട്ടു മാർ ദീവന്നാസ്യോസിന്റെ ശതാബ്ദ ജൂബിലിയും മറ്റും ഉണ്ടായിരുന്നു. നാലര മണിക്ക് പ്രത്യേകം തയ്യാർ ചെയ്തിരുന്ന മന്ദിരത്തിൽ ചക്രവർത്തിയെ സ്വീകരിച്ചു. സി. പി. മാത്തൻ, കെ. എം. ചെറിയാൻ, ഐ. ഡാനിയേൽ, മാർ ദീവന്നാസ്യോസ് മെത്രാച്ചൻ ആദിയായവർ പ്രസംഗിച്ചു. ചക്രവർത്തിയും ഒരു പ്രസംഗം നടത്തി. നാമും ഒടുവിൽ ചക്രവർത്തിയെക്കുറിച്ച് അല്പ കാര്യങ്ങൾ പറഞ്ഞ് വാഴ്വ് കൊടുത്ത് അദ്ദേഹത്തെ അഞ്ചേമുക്കാൽ മണിക്ക് യാത്ര അയയ്ക്കയുണ്ടായി. ചേപ്പാട്ടു പള്ളിക്കാർ ചക്രവർത്തിക്ക് ചില സമ്മാനങ്ങൾ നൽകി. ചക്രവർത്തിയും പള്ളിക്കു ചില സമ്മാനങ്ങൾ കൊടുത്തു. ആറ് മണിക്കു നാമും ദീവന്നാസ്യോസ് മെത്രാച്ചനും കൂടി ചേപ്പാട്ടു നിന്നും തിരിച്ച് മാവേലിക്കര പുതിയകാവ് പള്ളിയിൽ കയറി സന്ധ്യാനമസ്കാരം നടത്തി. രാത്രി അവിടെ വിശ്രമിച്ചു.

നവംബർ മാസം

1 വ്യാഴം. കാലത്ത് നമസ്കാരം കഴിഞ്ഞിരിക്കുമ്പോൾ അച്ചന്മാർ മൂന്നു പേരും കുറെ ആളുകളും വന്നു. കെ. ഒ. മാത്യു വക്കീലും, ഡോ. എ. ഡി. വറു

ഗീസ് ആദിയായവർ വന്നു സഭാകാര്യങ്ങൾ സംസാരിക്കയുണ്ടായി. 9 മണിക്കു കാപ്പിമേശയും കഴിഞ്ഞു അവിടെ നിന്നും തിരിച്ച് പരുമലയ്ക്കു പോരുകയും പത്തര മണിക്ക് പരുമല സെമിനാരിയിൽ നാമും മെത്രാച്ചനും വന്നുചേരുകയും ചെയ്തു. ഉമ്മൻ ശെമ്മാശനെ കോട്ടയത്തേക്കു പറഞ്ഞു വിടുകയും ചക്ര വർത്തി സമ്മാനിച്ച കുരിശ് കൊണ്ടുവരികയും ചെയ്തു. പെരുന്നാളിന്റെ എല്ലാ പരിപാടികളും സജ്ജീകരിച്ചു കഴിഞ്ഞിരുന്നു. മാർ തീമോത്തിയോസ്, മാർ ദീവന്നാസ്യോസ്, മാർ ഒസ്താത്തിയോസ്, മാർ പീലക്സിനോസ്, മാർ കൂറിലോസ് എന്നീ മെത്രാച്ചന്മാരും വളരെ അധികം വൈദികരും വന്നുചേർന്നു. ആറര മണിക്ക് സന്ധ്യാനമസ്കാരത്തിന് പള്ളിയിലേക്കു ആഘോഷസമേതം പോകുകയും നമസ്കരിക്കുകയും ചെയ്തു. യാത്രയുടെയും മറ്റും അല്പ ക്ഷീണം നമുക്കുണ്ടായിരുന്നു.

2 വെള്ളി. പരുമല സെമിനാരിയിലെ മെത്രാച്ചന്റെ പെരുന്നാൾ പ്രമാണിച്ച്, ആദ്യ കുർബ്ബാന തീമോത്തിയോസ് മെത്രാച്ചൻ ചൊല്ലി. പിന്നീട് ഏഴര മണിക്ക് പ്രഭാത നമസ്കാരവും അതിനെ തുടർന്ന് വിശുദ്ധ മൂന്നിന്മേൽ കുർബ്ബാനയും ഉണ്ടായിരുന്നു. പീലക്സിനോസ് മെത്രാച്ചനും കൂറിലോസ് മെത്രാച്ചനും തോമസ് റമ്പാച്ചനും കൂടി കുർബ്ബാന ചൊല്ലി. കുർബ്ബാനമദ്ധ്യേ അല്പസമയം പീലക്സിനോസ് മെത്രാച്ചൻ പ്രസംഗം പറഞ്ഞു. നാമും മറ്റു മെത്രാച്ചന്മാരും കുർബ്ബാനയിൽ സംബന്ധിച്ചു. കുർബ്ബാന കഴിഞ്ഞ് മെത്രാച്ചന്റെ കബറിങ്കൽ ധൂപം വച്ചശേഷം മുറിയിലേക്കു വന്നു വിശ്രമിക്കുകയുണ്ടായി. ധാരാളം വൈദികരും ജനക്കൂട്ടവും ഉണ്ടായിരുന്നു. 11 മണിക്ക് സിറിയൻ ക്രിസ്ത്യൻ കോൺഗ്രസിന്റെ ഒരു മീറ്റിംഗ് കൂടുകയും നാമും മെത്രാച്ചന്മാരും സംബന്ധിക്കുകയും നാം അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു. ഒരു പ്രസംഗം നാം പറഞ്ഞു. കൂടാതെ വക്കീൽ കെ. ഒ. മാത്യു, റ്റി. എസ്. അബ്രഹാം കോറെപ്പിസ്കോപ്പാ, മാത്യു ഇഞ്ചക്കലോടി, സി. ഐ. നൈനാൻ എന്നിവർ പ്രസംഗിച്ചു. ഒരു മണിക്ക് മീറ്റിംഗ് കഴിഞ്ഞ് പള്ളിമേടയിൽ വന്നു വിശ്രമിച്ചു. ഉച്ചമേശ കഴിഞ്ഞു മൂന്നു മണിക്ക് വൈദികയോഗം കൂടുകയും അവിടെ വച്ച് വൈദികരുടെയും സഭയുടെ കാര്യങ്ങളെയും കുറിച്ച് ചില ഗുണദോഷങ്ങൾ പറയുകയും ചെയ്തു. 4 മണിക്ക് പീലക്സിനോസ് മെത്രാച്ചനും കൂറിലോസ് മെത്രാച്ചനും മടങ്ങിപ്പോയി. അച്ചന്മാരും ജനങ്ങളും റാസ കഴിഞ്ഞ് പോകുകയും ചെയ്തു. പള്ളിയകത്തു പോയി സന്ധ്യാനമസ്കാരം നടത്തി.

3 ശനി. ഇന്നു നമസ്കാരത്തോടു ചേർന്ന് മൂന്നിന്മേൽ കുർബ്ബാനയുണ്ടായിരുന്നു. പ്രധാന ത്രോണോസിന്മേൽ നാം കുർബ്ബാന ചൊല്ലി. മൂലവട്ടത്തു അബ്രഹാം കത്തനാരും മേല്പാടത്തുകാരൻ മത്തായി കത്തനാരും ഇരുവശങ്ങളിൽ കുർബ്ബാന ചൊല്ലി. തീമോത്തിയോസ് മെത്രാച്ചനും ദീവന്നാസ്യോസ് മെത്രാച്ചനും ഒസ്താത്തിയോസ് മെത്രാച്ചനും മറ്റ് അച്ചന്മാരും കുർബ്ബാനയിൽ സംബന്ധിച്ചു. 8 മണിക്ക് കുർബ്ബാനയും കബറിങ്കലെ ധൂപപ്രാർത്ഥനയും കഴിഞ്ഞ് പള്ളിമുറിയിൽ വന്നു വിശ്രമിച്ചു. 9 മണിക്ക് നമ്മുടെ വണ്ടിയിൽ തീമോത്തിയോസ് മെത്രാച്ചൻ മൂവാറ്റുപുഴ അരമനയിലേക്കു പോയി. ഏലിയാസ് കോറെപ്പിസ്കോപ്പാ മറ്റ് അച്ചന്മാർ എന്നിവർ ഉച്ചയോടുകൂടി പോകുകയും ചെയ്തു. രണ്ടു മണിക്ക് തേവോദോസ്യോസ് മെത്രാച്ചൻ കോട്ടയത്തു നിന്നും പെരുനാട്ടിനു പോകുന്ന വഴി പരുമല വരികയും പള്ളിയിൽ കയറി ലുത്തിനിയാ നടത്തി നമ്മെ കണ്ടു വർത്തമാനങ്ങൾ പറഞ്ഞ് സുഖസൗഖ്യാദികൾ അറിഞ്ഞ് നാലു മണിക്ക് മടങ്ങിപ്പോകുകയും ചെയ്തു. 5 മണിക്ക് ഒസ്താത്തിയോസ് മെത്രാച്ചൻ മാവേലിക്കര പള്ളിയിലേക്കു പോയി. ഉച്ചകഴിഞ്ഞ് ഭണ്ഡാര വരുമാനങ്ങൾ എല്ലാം എണ്ണിത്തിട്ടപ്പെടുത്തി. കഴിഞ്ഞ വർഷത്തേതിനേക്കാൾ വരുമാനങ്ങൾ കൂടുതലായിരുന്നു.

4 ഞായർ. കൂദശീത്തോ ഞായറാഴ്ചയായിരുന്നു. കെ. ബി. മാത്യൂസ് കത്തനാർ കുർബ്ബാന ചൊല്ലി. നാം നമസ്കാരത്തിലും കുർബ്ബാനയിലും മറ്റും സംബന്ധിച്ചു. ദീവന്നാസ്യോസ് മെത്രാച്ചനും ഉണ്ടായിരുന്നു. മെത്രാച്ചൻ നല്ല ഒരു പ്രസംഗം പറഞ്ഞു. പെരുന്നാൾ കഴിഞ്ഞ ഞായറാഴ്ച ആയിരുന്നതിനാലും ധാരാളം ആളുകൾ പള്ളിയിൽ വന്നിരുന്നു. കോട്ടയത്തു നിന്നും പല മാന്യ വ്യക്തികളും പള്ളിയിൽ വന്നു. ഉച്ചകഴിഞ്ഞ് ഉമ്മൻ ശെമ്മാശൻ വീട്ടിലേക്കു പോയി. അച്ചനും റമ്പാച്ചനും ശെമ്മാശന്മാരും ഉണ്ടായിരുന്നു.

5 തിങ്കൾ. നമസ്കാരത്തിനും മറ്റും പള്ളിയിൽ പോയി. കരുവാറ്റക്കാരൻ കുറിയാക്കോസ് കത്തനാർ കാഴ്ചകളുമായി നമ്മെ വന്നു കാണുകയും സുഖസ്ഥിതികൾ അറിയുകയും ചെയ്തു. മോടിശേരിയിൽ കത്തനാർ തിരുവനന്തപുരത്തു നിന്നു വന്നു വിശേഷങ്ങൾ അറിയുകയുണ്ടായി. മാവേലിക്കര നിന്നും സി. ചാക്കോയും മറ്റും വരികയും മകൻ അയച്ചു കൊടുത്തിരുന്ന കളർ മെഴുകുതിരികളും പുതപ്പും മറ്റും നമുക്ക് കാഴ്ചവയ്ക്കുകയും ചെയ്തു.

6 ചൊവ്വ. അരികുപുറത്തു മാത്തന്റെ ചാത്ത കുർബ്ബാനയുണ്ടായിരുന്നു. കാരിക്കോട് മാത്യൂസ് കത്തനാർ കുർബ്ബാന ചൊല്ലി. മെത്രാച്ചൻ അതിൽ സംബന്ധിച്ച് ധൂപം വച്ചു. മഠത്തിൽ തോമസ് വൈദ്യൻ വരികയും കാലിലെ നീരിനു വേണ്ട ചികിത്സകൾ നടത്താൻ പറകയും ചെയ്തു. ഉച്ചകഴിഞ്ഞ് കോട്ടയത്തു നിന്നും മാനേജർ കത്തനാരും മണലിൽ യാക്കോബ് കത്തനാരും വന്നിരുന്നു. കേസിന്റെ സംശയമുള്ള പോയിന്റുകളെ കുറിച്ച് വീണ്ടും വാദം കേൾക്കണമെന്നുള്ള ജഡ്ജിമാരുടെ നിർദ്ദേശങ്ങൾക്കു വേണ്ടി വാദം കേൾക്കുന്നതിനും മറ്റും മെത്രാച്ചന്മാർക്കു കല്പനകൾ അയച്ചു. എത്യോപ്യൻ ചക്രവർത്തിയെ കാണിക്കാൻ കൊണ്ടുപോയ ചേപ്പേടുകളെക്കുറിച്ച് അന്വേഷണം നടത്തുകയും സെക്രട്ടറിയായിരുന്ന ഉമ്മൻ ശെമ്മാശനോട് ചോദിച്ച് അറിയുകയും ഫോൺമാർഗ്ഗം കോട്ടയത്തു വിളിച്ച് അവിടെ അത് സൂക്ഷിച്ചിരിക്കുന്നതായി അറിയുകയും ചെയ്തു. മെത്രാച്ചൻ ഇവിടെ താമസിക്കുന്നുണ്ടായിരുന്നു. നമുക്ക് ഒരുവിധം സുഖമായിരുന്നു.

7 ബുധൻ. വിശേഷങ്ങൾ ഒന്നുമില്ല. റമ്പാച്ചനും കത്തനാരന്മാരും ശെമ്മാശന്മാരും ഇവിടെയുണ്ടായിരുന്നു. പല സ്ഥലങ്ങളിൽ നിന്നും നമ്മെ കാണുവാൻ ആളുകൾ വന്നിരുന്നു. ഉമ്മൻ ശെമ്മാശൻ കോട്ടയത്തു പോയി ചേപ്പേടുകളെക്കുറിച്ച് അന്വേഷിച്ച് ദേവലോകത്ത് ഇരിപ്പുണ്ടെന്നും മറ്റും വന്ന് അറിയിച്ചു. ദീവന്നാസ്യോസ് മെത്രാച്ചൻ ഇവിടെ നമ്മോടു കൂടി താമസിക്കുന്നുണ്ടായിരുന്നു.

8 വ്യാഴം. കാലിലെ നീര് കുറവുണ്ടായിരുന്നു. ഉച്ചമേശ കഴിഞ്ഞ് 2 മണിക്ക് പരുമല സിമ്മനാരിയിൽ നിന്നും മാന്നാർ മോടിശ്ശേരി ഭാഗത്ത് ഒരു പള്ളിക്കു കല്ലിടുന്നതിനായി നമ്മെ അച്ചന്മാർ കൊണ്ടുപോയി. നാമും ദീവന്നാസ്യോസ് മെത്രാച്ചനും കശ്ശീശന്മാരും ശെമ്മാശന്മാരും കൂടി ബോട്ടിലും വള്ളങ്ങളിലും കളിവള്ളങ്ങളുടെ അകമ്പടിയോടു കൂടി ആഘോഷസമേതം നാലു മണിക്ക് അവിടെ എത്തി. മാർത്തോമ്മാ ശ്ലീഹായുടെ നാമത്തിൽ പള്ളിക്ക് കല്ലിടീൽ ശുശ്രൂഷ നടത്തി. പിന്നീട് ദീവന്നാസ്യോസ് മെത്രാച്ചൻ ഒരു നല്ല പ്രസംഗം പറഞ്ഞു. അഞ്ചു മണിക്ക് കാപ്പിമേശ കഴിഞ്ഞു അവിടെ നിന്നും തിരിച്ച് ഏഴര മണിക്ക് പരുമല വന്ന് സന്ധ്യാനമസ്കാരം നടത്തി. കോട്ടയത്തു നിന്നും ഈവാനിയോസ് മെത്രാച്ചനും പീലക്സിനോസ് മെത്രാച്ചനും പി. എൻ. നൈനാനും മറ്റും കൂടി വരികയും സമുദായക്കേസിന്റെ വീണ്ടുമുള്ള വാദത്തെ സംബന്ധിച്ച് നാമുമായി ആലോചിക്കുകയും പണം പിരിക്കുന്നതിനായി പള്ളികൾക്കു നമ്മുടെ കല്പനകൾ അയക്കുകയും പോയി പിരിക്കുകയും ചെയ്യണമെന്നും മറ്റും നിശ്ചയിച്ചു. ഒമ്പതു മണിക്ക് മേശ കഴിഞ്ഞ് അവർ പോയി. ദീവന്നാസ്യോസ് മെത്രാച്ചൻ നമ്മോടു കൂടി ഇവിടെ താമസിച്ചു. യാത്ര ചെയ്തതിൽ അല്പം ക്ഷീണമുണ്ടായിരുന്നു.

9 വെള്ളി. താമസം പരുമല സെമിനാരിയിൽ. മാരേട്ട് തോമസ് റമ്പാച്ചൻ കുർബ്ബാന ചൊല്ലി. നാം മുകളിൽ തട്ടിന്മേൽ നിന്നു കാണുകയുണ്ടായി. കാലിന്റെ നീരും വേദനയും കുറയുന്നതിന് വൈദ്യൻ ഒരു തൈലം ഉണ്ടാക്കി കൊണ്ടുവന്നു തന്നു. ദീവന്നാസ്യോസ് മെത്രാച്ചനും ഇവിടെയുണ്ടായിരുന്നു. ഉച്ചകഴിഞ്ഞ് മെത്രാച്ചൻ തിരുവൻവണ്ടൂർ എന്ന സ്ഥലത്ത് പുതുതായി വച്ചിട്ടുള്ള ചാപ്പലിന്റെ വകയായി വെയ്ക്കുന്നതിനു ഉദ്ദേശിച്ച കുരിശുംതൊട്ടിക്ക് കല്ല് ഇടുന്നതിനായി പോയി. അഞ്ചു മണിക്ക് തിരിച്ച് പരുമല സെമിനാരിയിൽ വന്നു. വിശേഷങ്ങൾ ഒന്നുമില്ല. നാം സുഖമായി ഇവിടെ താമസിച്ച് വിശ്രമിച്ചു.

10 ശനി. പരുമല സെമിനാരിയിൽ താമസം. നിരണത്തു നിന്നും പല ആളുകളും വന്നു കാണുകയുണ്ടായി. മോടിശേരിൽ കത്തനാരും നിരണത്തു വികാരി കാട്ടുപറമ്പിൽ തോമസ് കത്തനാരും വന്നിരുന്നു. നാം നിരണത്ത് അച്ചന്മാരോടും ആളുകളോടും വളരെ കോപിച്ച് സംസാരിക്കുകയുണ്ടായി. ഉച്ചകഴിഞ്ഞ് ദീവന്നാസ്യോസ് മെത്രാച്ചൻ നിരണം വലിയപള്ളിയിലേക്കു പോയി അച്ചന്മാരെ കൂട്ടിവരുത്തി വേണ്ട നിർദ്ദേശങ്ങൾ കൊടുക്കുകയുണ്ടായി. ആറു മണിക്ക് മെത്രാച്ചൻ തിരിച്ചു പരുമല വന്ന് വിവരം നമ്മെ അറിയിക്കുകയുണ്ടായി. നാം സുഖമായി ഇവിടെ താമസിച്ചു.

11 ഞായർ. ഹൂദശീത്തോ ഞായറാഴ്ചയായിരുന്നു. പരുമല പള്ളിയിൽ നാം നമസ്കാരങ്ങളിലും കുർബ്ബാനയിലും സംബന്ധിച്ച് കാണുകയും മറ്റും ചെയ്തു. ദീവന്നാസ്യോസ് മെത്രാച്ചൻ കുർബ്ബാന ചൊല്ലുകയും പ്രസംഗിക്കുകയും

ചെയ്തു. കുർബ്ബാനയ്ക്കുശേഷം ധൂപപ്രാർത്ഥന കഴിഞ്ഞ് വിശ്രമിക്കുകയും ചെയ്തു. മൂന്നു മണിക്ക് അരികുപുറത്തു മേടയിലെ പ്രായംചെന്നു മരിച്ച സ്ത്രീയുടെ ശവസംസ്കാരത്തിന്റെ ശുശ്രൂഷ നടത്തുകയുണ്ടായി. ദീവന്നാസ്യോസ് മെത്രാച്ചനും അച്ചന്മാരും മറ്റും ഉണ്ടായിരുന്നു. അഞ്ചു മണിക്ക് ദീവന്നാസ്യോസ് മെത്രാച്ചൻ തിരുവല്ലാ ബഥനി അരമനയിലേക്കു പോകുകയും ചെയ്തു. കാലിലെ നീരും മറ്റും വളരെ കുറവും സുഖവും ഉണ്ടായിരുന്നു.

12 തിങ്കൾ. റമ്പാച്ചൻ വി. കുർബ്ബാന ചൊല്ലി. നാം തട്ടിന്മേൽ നിന്നു കാണുകയുണ്ടായി. തോനയ്ക്കാട് തട്ടാശേരിൽ കത്തനാർ വന്നിരുന്നു. മന്നാത്ത് മോടിശേരി ഭാഗത്തു നിന്നും പുതിയ ചാപ്പലുകാർ വരികയും അവിടെയുള്ള ഭിന്നതകളെക്കുറിച്ച് പറയുകയും ചെയ്തു. പരുമലപള്ളി ഇടവകക്കാർ വരികയും ശവക്കോട്ടയ്ക്കു സ്ഥലം വാങ്ങുന്ന കാര്യവും മതിൽകെട്ടുന്ന കാര്യവും നമ്മെ അറിയിക്കുകയും നാം അനുവദിച്ച് മാനേജർ കത്തനാരെ ചുമതലപ്പെടുത്തുകയും ചെയ്തു.

13 ചൊവ്വ. ചാത്ത കുർബ്ബാന ഉണ്ടായിരുന്നു. മാത്യൂസ് കത്തനാർ കുർബ്ബാന ചൊല്ലി. ഇന്ന് കാലിൽ തൈലം തേച്ചു കുളിക്കുകയുണ്ടായി. മട്ടയ്ക്കൽ വല്യ കത്തനാരും പനയ്ക്കാമറ്റത്ത് കുഞ്ഞച്ചൻ കത്തനാരും കൂടി വന്ന് മാന്നാത്ത് ചാപ്പലിന്റെ ഭിന്നതകളെക്കുറിച്ച് അറിയിക്കുകയുണ്ടായി. സന്ധ്യയ്ക്ക് മട്ടയ്ക്കൽ കൊച്ചു കത്തനാരും വന്നു നമ്മെ കാണുകയുണ്ടായി. നാം സുഖമായി ഇവിടെ താമസിക്കുകയുണ്ടായി.

14 ബുധൻ. കാരിക്കോട്ടു മാത്യൂസ് കത്തനാർ പരുമല കുർബ്ബാന ചൊല്ലി. നാം തട്ടേൽ നിന്നുകൊണ്ട് കുർബ്ബാന കണ്ടു. റമ്പാച്ചനും ശെമ്മാശന്മാരും പള്ളിയകത്ത് ഉണ്ടായിരുന്നു. ഇന്ന് ക്ഷുരകൻ വന്ന് പട്ടം വെട്ടുകയുണ്ടായി. തട്ടാർ കുട്ടപ്പൻ വരികയും മെത്രാച്ചന്റെ കബറിൽ വന്നതായ സ്വർണ്ണം, വെള്ളി ഉരുപ്പടികൾ മുഴുവൻ ഉരുക്കി തൂക്കി കോട്ടയത്തു കൊണ്ടുപോകുന്നതിനായി പെട്ടിക്കകത്തു വച്ചു സൂക്ഷിച്ചു. ഉച്ചയ്ക്കു കുണ്ടറ ഹെഡ്മാസ്റ്റർ എം. എം. യാക്കോബ് കത്തനാർ വരികയും വിശേഷങ്ങൾ പറഞ്ഞു തിരിച്ചു പോകുകയും ചെയ്തു.

15 വ്യാഴം. കാരിക്കോട്ട് മാത്യൂസ് കത്തനാർ പരുമല കുർബ്ബാന ചൊല്ലി. നാം മുകളിൽ തട്ടിന്മേൽ നിന്നു കാണുകയുണ്ടായി. സുഖമായി ഇവിടെ താമസിച്ചു. ഉച്ചകഴിഞ്ഞ് രണ്ടര മണിക്ക് നാം പരുമല ലുത്തിനിയാ നടത്തി കോട്ടയത്തിനു തിരിച്ച് കടത്തു കഴിഞ്ഞ് കാറിൽ കയറി അഞ്ചു മണിക്ക് ദേവലോകം അരമനയിൽ സസുഖം തിരിച്ച് എത്തിച്ചേർന്നു വിശ്രമിക്കുകയുണ്ടായി. പള്ളിയിൽ പോയി സന്ധ്യാനമസ്കാരം നടത്തി ആറു മണിക്കു മണലിൽ യാക്കോബ് കത്തനാരും മാനേജർ ജേക്കബ് കത്തനാരും കൂടി വരികയും സമുദായക്കേസ് കാര്യങ്ങളെക്കുറിച്ച് സംസാരിച്ച് പണം ഉണ്ടാകേണ്ട മാർഗ്ഗങ്ങൾ ആലോചിക്കുകയും മറ്റും ചെയ്തശേഷം സെമിനാരിക്ക് മടങ്ങിപ്പോയി.

16 വെള്ളി. കാലത്ത് മല്പാൻ യോഹന്നാൻ കത്തനാർ വന്ന് വിശേഷങ്ങൾ അറിഞ്ഞു മടങ്ങിപ്പോയി. മത്തായി കത്തനാർ ഇവിടെ ഉണ്ടായിരുന്നു. മാനേജർ കത്തനാരും ഫീലിപ്പോസ് കത്തനാരും വന്ന് ആപ്പീസ് കാര്യങ്ങൾ നോക്കുകയുണ്ടായി. നാം സുഖമായി ഇവിടെ താമസിച്ചു. മറ്റു വിശേഷങ്ങളൊന്നുമില്ല. ഡോക്ടർ മാത്യു സന്ധ്യ കഴിഞ്ഞു വന്ന് പരിശോധിക്കുകയുണ്ടായി.

17 ശനി. നാം ഇവിടെ സുഖമായി താമസിച്ചു. 3 മണി കഴിഞ്ഞ് കേസിന്റെ കാര്യങ്ങളെക്കുറിച്ച് ആലോചിക്കുന്നതിനായി ഈവാനിയോസ് മെത്രാച്ചനും മാനേജർ ജേക്കബ് കത്തനാർ, ഫീലിപ്പോസ് കത്തനാർ, മാത്തുക്കുട്ടി, ബേബി, കുഞ്ഞച്ചൻ, കൊച്ചുകൊച്ച് ആദിയായവർ അരമനയിൽ നമ്മുടെ അടുക്കൽ വരികയും പണപ്പിരിവിനെപ്പറ്റിയും മറ്റും ആലോചിച്ച് അഞ്ചു മണിക്ക് എല്ലാവരും മടങ്ങിപ്പോയി. സ്കറിയാ ശെമ്മാശന്റെ ജ്യേഷ്ഠന്റെ കല്യാണം പ്രമാണിച്ച് ശെമ്മാശൻ വീട്ടിൽ പോയി. മേൽപ്പാടത്തെ മത്തായി കത്തനാർ പള്ളം പള്ളി നടത്തുന്നതിനായിപ്പോയി.

18 ഞായർ. സഖറിയായുടെ അറിയിപ്പിന്റെ ഞായറാഴ്ചയായിരുന്നു. നാം ഇവിടെ അരമന ചാപ്പലിൽ കുർബ്ബാന ചൊല്ലുകയും പ്രസംഗിക്കുകയും ചെയ്തു. എം.ഡി. സെമിനാരിയിൽ നിന്ന് രണ്ടു മൂന്നു ശെമ്മാശന്മാർ ശുശ്രൂഷയ്ക്കു കൂടുന്നതിന് വന്ന് കുർബ്ബാന കഴിഞ്ഞു പോയി. പത്തര മണിക്ക് പള്ളിയിലെ ശുശ്രൂഷകൾ കഴിഞ്ഞു മുറിയിൽ വന്നു വിശ്രമിക്കുകയുണ്ടായി. മറ്റ് വിശേഷങ്ങൾ ഒന്നുമില്ല. സുഖമായി നാം ഇവിടെ വിശ്രമിച്ചു.

19 തിങ്കൾ. കാലത്ത് കാപ്പിമേശ കഴിഞ്ഞ് എട്ടു മണിക്ക് നാം ഇവിടെ നിന്നും കല്ലിശ്ശേരി പള്ളിയിലേക്കു പോയി. ഒമ്പതു മണിക്ക് അവിടെ ആ പള്ളിയിൽ കയറി ലുത്തിനിയാ നടത്തിയശേഷം അല്പനേരം അവിടെ വിശ്രമിച്ചു. പത്തു മണിക്ക് ആ പള്ളിവികാരി തോട്ടത്തിൽ ഗീവർഗീസ് കത്തനാരുടെ മകന്റെ കല്യാണം നാം നടത്തി. സഹായത്തിന് കുറ്റൂർ ഫീലിപ്പോസ് കത്തനാരും ആറാട്ടുപുഴ പള്ളി വികാരിയും ഉണ്ടായിരുന്നു. 11 മണിക്ക് കല്യാണ ശുശ്രൂഷ കഴിഞ്ഞ് പള്ളിമുറിയിൽ വിശ്രമിച്ചു. ഉച്ചനമസ്കാരവും ഭക്ഷണമേശയും കഴിഞ്ഞ് ഒരു മണിക്ക് നാം ആ പള്ളിയിൽ കയറി ലുത്തിനിയാ നടത്തി അവിടെ നിന്നും തിരുവൻവണ്ടൂർ പുതുതായി വച്ചിരിക്കുന്ന ചാപ്പൽ സന്ദർശിച്ച് ലുത്തിനിയാ നടത്തിയശേഷം, അവിടെ അല്പം വിശ്രമിച്ച് അവിടെ നിന്നും രണ്ടു മണിക്ക് തിരിച്ച് മൂന്നു മണിക്ക് ദേവലോകം അരമനയിൽ തിരിച്ച് എത്തി വിശ്രമിക്കുകയുണ്ടായി. ഇവിടെ മത്തായി കത്തനാരും മറ്റും ഉണ്ടായിരുന്നു. പള്ളം പള്ളിയിൽ നിന്ന് മാണി വാദ്ധ്യാർ കേസിന്റെ പണം കൊണ്ടുവന്നു തരികയുണ്ടായി. കേസിന്റെ വാദം ഇന്ന് എറണാകുളത്തു കേൾക്കുകയുണ്ടായി.

20 ചൊവ്വ. ഇന്നും സമുദായക്കേസ് വാദം കേൾക്കുന്നുണ്ടായിരുന്നു. വാദം അവസാനിച്ചതായി ഉച്ചയ്ക്കു ഫോൺ മാർഗ്ഗം നമ്മെ അറിയിക്കുകയും ചെയ്തു. വാദഭാഗങ്ങൾ പത്രം മുഖേന നാം വായിച്ച് അറിഞ്ഞു. യോഹന്നാൻ മല്പാൻ കാലത്ത് എട്ടു മണിക്കു വന്നു വിശേഷങ്ങൾ അറിഞ്ഞു മടങ്ങിപ്പോയി. മത്തായി കത്തനാർ ഇവിടെയുണ്ടായിരുന്നു. വെൺമണി തെക്കേത്തലയ്ക്കൽ ഗീവറുഗീസ് കത്തനാരും ഉമ്മൻ ശെമ്മാശന്റെ അപ്പനും കൂടി വരികയും ശെമ്മാശനു പട്ടം കൊടുക്കുന്ന കാര്യങ്ങളെക്കുറിച്ചും മറ്റും നമ്മോടു പറകയുണ്ടായി. കുറിച്ചിയിൽ നിന്നും വേണാട്ടുകളത്തിൽ ചാക്കോച്ചൻ വരികയും കൊച്ചുപാപ്പിക്കു സുഖക്കേട് അല്പം കൂടുതലാണെന്ന് അറിയിച്ച് വിശേഷങ്ങൾ അറിഞ്ഞു പോകുകയും ചെയ്തു.

21 ബുധൻ. അകമ്പള്ളിൽ കെട്ടിച്ചിരുന്ന അച്ചാമ്മ മരിച്ചതിന്റെ നാല്പതാം ദിവസമായിരുന്നു. വെളുപ്പിനു നമസ്കാരത്തോടു ചേർന്ന് നാം അരമനയിൽ കുർബ്ബാന ചൊല്ലുകയും അവൾക്കുവേണ്ടി ധൂപം വയ്ക്കുകയും ചെയ്തു. വെൺമണിയിലെ കത്തനാർ കുർബ്ബാന കഴിഞ്ഞ് പോയി. കേസ് വാദിച്ചതിന്റെ പണം കൊടുക്കുന്നതിനായി പഴയസെമിനാരിയിലെ മാനേജർ കത്തനാർ വരികയും രണ്ടായിരം രൂപാ കൊടുത്തു എറണാകുളത്തിനു വിടുകയും നമ്പ്യാരെ യാത്ര അയച്ചശേഷം അച്ചൻ വന്നു വിവരങ്ങൾ അറിയിക്കുകയും ചെയ്തു. കുറിച്ചിയിൽ നിന്നും കൊച്ചുപാപ്പിയുടെ വിവരങ്ങൾ കുഞ്ഞന്നാമ്മയുടെ മകൻ വന്ന് അറിയിക്കുകയുണ്ടായി.

22 വ്യാഴം. ഇന്ന് മെത്രാച്ചന്മാരുടെ കൗൺസിൽ ഉണ്ടായിരുന്നു. ഈവാനിയോസ്, അത്താനാസ്യോസ്, പീലക്സിനോസ് എന്നീ മെത്രാച്ചന്മാർ 10 മണിക്ക് ഇവിടെ അരമനയിൽ വരികയും കൂടി ആലോചന നടത്തി ഉച്ചനമസ്കാരവും മേശയും മെത്രാച്ചന്മാരും ഒന്നിച്ച് നടത്തുകയുണ്ടായി. നാലു മണിക്ക് മെത്രാച്ചന്മാർ അവരുടെ ആസ്ഥാനങ്ങളിലേക്ക് പോയി. നാം ഇന്നു തേച്ചു കുളിച്ചു. ചന്ദനപ്പള്ളിൽ നിന്നും കൊപ്പാറ കത്തനാർ വന്നു താമസിക്കുകയുണ്ടായി. ഫീലിപ്പോസ് കത്തനാർ വരുകയും ആപ്പീസ് കാര്യങ്ങൾ അന്വേഷിക്കുകയും ചെയ്തു.

23 വെള്ളി. വിശേഷങ്ങൾ ഒന്നുമില്ല. നാം ഇവിടെ സുഖമായി വസിച്ചു. നാലു മണി കഴിഞ്ഞ് പോൾ വർഗീസ് വരികയും ചക്രവർത്തിയുമായി സംസാരിച്ച കാര്യങ്ങളും അദ്ദേഹം നാം നൽകിയ സ്വീകരണത്തിൽ സ്നേഹം പ്രകടിപ്പിച്ചതായി പറഞ്ഞ കാര്യങ്ങളും മറ്റും പറഞ്ഞശേഷം മടങ്ങിപ്പോയി.

24 ശനി. കുറിച്ചിയിൽ നിന്നും യോഹന്നാൻകുട്ടിയും വേണാട്ടുകളത്തിൽ ചാക്കോച്ചനും വരികയും കൊച്ചുപാപ്പിയുടെ സുഖക്കേടു വിവരങ്ങൾ കുറവുള്ളതായി നമ്മെ അറിയിക്കുകയും ചെയ്തശേഷം തിരിച്ചുപോകുകയും ചെയ്തു. ഫീലിപ്പോസ് കത്തനാർ, മണലിൽ യാക്കോബ് കത്തനാർ, മാനേജർ കത്തനാർ എന്നിവർ വരികയും കേസിന്റെ പണപ്പിരിവിനെ സംബന്ധിച്ചും മറ്റും വിശേഷങ്ങൾ പറഞ്ഞശേഷം നാലു മണിക്ക് തിരിച്ചുപോകുകയും ചെയ്തു.

(തുടരും)

സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

കാണുന്നതൊന്നും സത്യമല്ല എന്നും, കണ്ണാടിയിൽ കാണുന്നത് കടമെടുത്തിയാണെന്നും അറിയാവുന്ന ഒരാൾ കണ്ട സൗന്ദര്യത്തെ വിലയിരുത്തുന്നതിലെ വെല്ലുവിളിയാണ് ഈ പുസ്തകത്തിലെ ഓരോ ലേഖനവും. അത് ഇന്നിനെയും സമൂഹായി തുറക്കുന്ന വാതായനങ്ങൾ തമ്മെ വഞ്ചിക്കാൻ സാദ്ധ്യതയുണ്ടെ നറിയുന്ന ഗ്രന്ഥകർത്താവ് സ്പർശനത്തിലൂടെയും, കേൾവിയുടെയും, കാഴ്ചയുടെയും, ഗന്ധത്തിലൂടെയും, സ്വാദിലൂടെയും സൗന്ദര്യത്തെ അന്വേഷിക്കാനിരങ്ങുകയാണ്.
– എസ്. ഗോപാലകൃഷ്ണൻ
ലാവണ്യ ദർശനം
ഒരു വേദശാസ്ത്ര വീക്ഷണം
ഫാ. ഡോ. കെ.എം. ജോർജ്
ചിത്രകാരനായ തത്ത്വചിന്തകനും തത്ത്വചിന്തകനായ വൈദശാസ്ത്രജ്ഞനും വൈദശാസ്ത്രജ്ഞനായ പുരോഹിതനും പുരോഹിതനായ അദ്ധ്യാപകനും ഒരുമിച്ച് ദേയുവിൽ ഭാഗഭാഗത്വം വഹിക്കുന്ന കർത്തൃത്വമാണ് ഈ ഗ്രന്ഥത്തെ അനുഗ്രഹിക്കുന്നത്. അതുകൊണ്ട് ഈ കൃതി ഗഹനമായിരിക്കുമ്പോൾത്തന്നെ ലളിതവുമാണ്.
CSS
സി.എസ്.എസ് ബുക്സ്
cssthiruvalla@gmail.com
Study
Lavanya darsanam
Oru Vedasasthra
Veekshanam
₹ 390
ISBN 978-81-7621-976-9
70125
ലാവണ്യ ദർശനം ഒരു വേദശാസ്ത്ര വീക്ഷണം
ഫാ. ഡോ. കെ.എം. ജോർജ്
അനന്തവിചിത്രവും അമേയ വിസ്തൃതവുമായ ഈ കരാ പ്രപഞ്ചത്തെ ബാഹ്യേന്ദ്രിയങ്ങളെ പിൻവലിച്ച് അന്തരേന്ദ്രിയങ്ങളാൽ സാക്ഷാത്കരിക്കുമ്പോൾ ഒരു വിരാട് സംഗീതിക (Cosmic Orchestration) യാണ് ഈ പ്രപഞ്ചം എന്ന ദർശനത്തിലേക്ക് നാം ഉണരുന്നു. അത് ഒറ്റ വീർപ്പിന് സാധിക്കുന്ന കാര്യമല്ല. ആ കാഴ്ച യിലേക്കുള്ള വഴി അടയാളപ്പെടു ത്തുകയാണ് ഈ ഗ്രന്ഥം ചെയ്യുന്ന തെന്ന് പറയാം.
– എം. തോമസ് മാത്യു
ലാവണ്യ ദർശനം ഒരു വേദശാസ്ത്ര വീക്ഷണം
ഫാ. ഡോ. കെ.എം. ജോർജ്
CSS

സൗന്ദര്യദർശനം ആദ്ധ്യാത്മികതയുടെ കണ്ണുകൊണ്ട്

പ്രൊഫ. എം. തോമസ് മാത്യു

സൗന്ദര്യത്തെക്കുറിച്ച് എഴുതുന്നതാണ് ഏറ്റവും അസുന്ദരവും വിരസവുമായ എഴുത്തെന്നു പറഞ്ഞുകൊണ്ടാണ് വിൽ ഡ്യൂറന്റ് തന്റെ പ്രൗഢവും ദീർഘവുമായ കലാദർശനചിന്തകൾ ആരംഭിക്കുന്നത്. ആ പറച്ചിലിൽ കാര്യമുണ്ടെന്നു സമർത്ഥിക്കാൻ മത്സരിക്കുംപോലെയാണ് മിക്ക കലാദർശനവിചാരങ്ങളും എഴുതപ്പെട്ടിരിക്കുന്നത്. എന്നാൽ, എല്ലായ്പോഴും അങ്ങനെ ആയിരിക്കണമെന്നില്ലെന്ന് തെളിയിക്കുന്നതാണ് ഫാ. ഡോ. കെ.എം. ജോർജ് അച്ചൻ രചിച്ച *ലാവണ്യദർശനം – ഒരു വേദശാസ്ത്ര വീക്ഷണം* എന്ന ഗ്രന്ഥം. സൗന്ദര്യാനുഭവത്തെ പുറത്തു നിർത്തി അതിന്റെ പിന്നിലുള്ള തത്ത്വമെന്തെന്ന് തത്ത്വചിന്താപരമായ നിസ്സംഗതയോടെ നിർദ്ധാരണം ചെയ്യാൻ ശ്രമിക്കുന്നതുകൊണ്ടാണ് മിക്ക ലാവണ്യചിന്തകളും ഇങ്ങനെ വിരസാഖ്യാനങ്ങൾ ആയിത്തീരുന്നത്. ഉദയാസ്തമയങ്ങളുടെ പിന്നിലുള്ള തത്ത്വം വിവരിക്കുന്നതിൽ സൂര്യോദയമോ അസ്തമയമോ നോക്കിനില്ക്കുന്ന ആളിന്റെ ഹർഷപുളകങ്ങൾ വിരിയുന്ന ഹൃദയസ്പന്ദനത്തിന്റെ താളം അടയാളപ്പെടുകയില്ലല്ലോ. അങ്ങനെ ലാവണ്യദർശനം അഥവാ കലാദർശനം – ഈസ്തറ്റിക്സ് – ആ വിഷയത്തിൽ സവിശേഷ കൗതുകമുള്ള തത്ത്വചിന്താപ്രവണമായ മനസ്സുകളെ മാത്രം ആകർഷിക്കുകയും മറ്റുള്ളവർ അതിനെ രസശൂന്യമെന്ന് തള്ളിക്കളയുകയും ചെയ്യുന്നു.

ഇവിടെയാണ് കെ.എം. ജോർജച്ചന്റെ *ലാവണ്യദർശനം – ഒരു വേദശാസ്ത്ര വീക്ഷണം* എന്ന ഗ്രന്ഥം വ്യത്യസ്തമാകുന്നത്. തത്ത്വചിന്തയോ ദൈവശാസ്ത്രമോ അന്യമായ മനസ്സല്ല അദ്ദേഹത്തിന്റേത്. അന്യമല്ലെന്നു മാത്രമല്ല, അവയുടെ സൂക്ഷ്മവും സങ്കീർണ്ണവുമായ വിചാരപദ്ധതികളെ അക്ഷീണമായ ഔത്സുക്യത്തോടെ പിന്തുടരുകയും ആ യാത്രയിൽ ആമോദം കൊള്ളുകയും ചെയ്യുന്നതിനു പുറമേ, അവയെ പഠിച്ചു സ്വാംശീകരിക്കാൻ സമർപ്പിക്കപ്പെട്ട അനേകം തലമുറകളുടെ സാകൂതമായ മനസ്സുകളെ സന്തർപ്പണം ചെയ്യാൻ നിയോഗിക്കപ്പെട്ട ആളുമാണ് അദ്ദേഹം. ഇതിനെല്ലാം പുറമെയാണ് മറ്റൊരു കൃപ അദ്ദേഹത്തിന്റെ മേൽ വർഷിക്കപ്പെട്ടിരിക്കുന്നത്. ശ്രദ്ധേയനായ ഒരു ചിത്രകാരനുമാണ് കെ.എം.ജോർജച്ചൻ. ചായത്തട്ടിൽ ഒരുക്കിവച്ചിരിക്കുന്ന നിറക്കൂട്ടുകളെ ഒറ്റയ്ക്കും കൂട്ടിക്കലർത്തിയും ഒരു പ്രതലത്തിലേക്കു പകർന്ന് ചില രൂപക്രമങ്ങൾ വരച്ചുണ്ടാക്കുന്ന ആളെ അല്ല നാം ചിത്രകാരനെന്നു വിളിക്കുന്നത്. തന്റെ അന്തർനേത്രങ്ങളുടെ മുമ്പിൽ പാതി തെളിഞ്ഞും പാതി ഒളിഞ്ഞും കളിച്ചു പ്രലോഭിപ്പിക്കുന്ന ദർശനസുഭഗതയെ രേഖകളിലും വർണ്ണങ്ങളിലും വർണ്ണങ്ങളുടെ ഈഷൽഭേദങ്ങളിലും തിടംകൊള്ളിക്കാൻ സ്വയം ബലിയാകാൻ സന്നദ്ധനാകുന്നവനാണ് യഥാർത്ഥ ചിത്രകാരൻ; മറ്റുള്ളവർ ചായത്തൊഴിലാളികൾ മാത്രം!

ഈ വൈഭവങ്ങളെല്ലാം വേറെ വേറെ നില്ക്കുന്നത് വിഭക്ത മനസ്സുകളിലാണ്. അത് രോഗമാണ്, ചികിത്സിക്കപ്പെടേണ്ടതും ചിലപ്പോൾ ചികിത്സ ഇല്ലാത്തതുമായ രോഗം. വ്യത്യസ്ത ദിശകളിലേക്ക് വഴിയൊരുക്കിയ വൈഭവങ്ങളും പ്രവണതകളും സംസക്ത മനസ്സുകളിൽ ഒരേ സമയം ഇടം നേടുകയും അവയുടെ സാന്നിദ്ധ്യം നിഴൽ രൂപത്തിലെങ്കിലും അനുഭവപ്പെടുത്തുകയും ചെയ്യും. കുർബ്ബാന അർപ്പിക്കുന്ന പുരോഹിതനു ഇഞ്ചിക്കൃഷി ചെയ്യുന്നിടത്തും ഉണ്ടായിരിക്കും കൗദാശിക വിശുദ്ധിയെക്കുറിച്ചുള്ള ജാഗ്രത. ഈ ജാഗ്രത ഇല്ലാതാകുന്നത് ആന്തരികമായ ദ്വൈതീഭാവത്തിന്റെ (Internal dichotomy) ലക്ഷണമാണ്. ഏതെല്ലാം കർമ്മവൈവിധ്യങ്ങളിൽ വ്യാപരിച്ചാലും അവിടെയെല്ലാം ഒരു സംസക്ത വ്യക്തിത്വ (Coherent personality) ത്തിന്റെ മുദ്ര പതിഞ്ഞു കിടക്കണം. *ലാവണ്യദർശനം – ഒരു വേദശാസ്ത്ര വീക്ഷണം* എന്ന ഗ്രന്ഥം ഇക്കാര്യത്തിൽ സവിശേഷമായി അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു. ചിത്രകാരനായ തത്ത്വചിന്തകനും തത്ത്വചിന്തകനായ ദൈവശാസ്ത്രജ്ഞനും ദൈവശാസ്ത്രജ്ഞ

നായ പുരോഹിതനും പുരോഹിതനായ അദ്ധ്യാപകനും ഒരുമിച്ച് ഒരേ അളവിൽ ഭാഗഭാഗിത്വം വഹിക്കുന്ന കർത്തൃത്വമാണ് ഈ ഗ്രന്ഥത്തെ അനുഗ്രഹിക്കുന്നത്. അതുകൊണ്ട് ഈ കൃതി ഗഹനമായിരിക്കുമ്പോൾ തന്നെ ലളിതവുമാണ്. കുട്ടികളുടെ വഴിക്കണക്കു പോലെയാണ് ഇത്. ഉത്തരത്തിലെത്താൻ പല പടികൾ ചവുട്ടിക്കയറേണ്ടതുണ്ട്. അതൊക്കെ വഴിക്കു വഴിയായി രേഖപ്പെടുത്തി ഉത്തരത്തിൽ എത്തുന്നവരുണ്ട്, ഈ വഴി മുഴുവൻ മനക്കണക്കായി ചെയ്ത് ഇന്ദ്രജാലക്കാരൻ തൊപ്പിയിൽനിന്ന് മുയലിനെ എടുക്കുംപോലെ ഉത്തരം പറഞ്ഞ് നമ്മെ അമ്പരപ്പിക്കുന്നവരും ഉണ്ട്. തത്ത്വചിന്തകന്മാർ മനക്കണക്കുകാരെപ്പോലെയാണ്. അദ്ധ്യാപകന് അങ്ങനെ ആകാൻ വയ്യ. വിദ്യാർത്ഥികളെ ഇന്ദ്രജാലം കാട്ടി വിഭ്രമിപ്പിക്കാനല്ല അദ്ധ്യാപകൻ ഉദ്യമിക്കുന്നത്. ഉത്തരത്തിലെത്താൻ താണ്ടേണ്ട വഴികളത്രയും വിദ്യാർത്ഥിയുടെ കൈ പിടിച്ചു നടക്കാൻ ഗുരു സന്നദ്ധനാണ്. പതുക്കെപ്പതുക്കെ ഓരോ പടിയും ചവിട്ടാതെ കവച്ചുവച്ചു കടന്നു പോവുകയും ചെയ്യും. തന്റെ കൂടെ നടക്കുന്ന ശിഷ്യൻ അത്രത്തോളം വളർന്നിരിക്കുന്നു എന്നു കണ്ടു സന്തോഷിക്കുന്ന ഗുരുവാണ് ഇവിടെയുള്ളത്. ഇത്തരത്തിലുള്ള ഒരു അദ്ധ്യാപനരീതി ഈ ഗ്രന്ഥത്തിന്റെ രചനയിൽ ഗ്രന്ഥകാരൻ സ്വീകരിച്ചതായി ഇതു വായിക്കുമ്പോൾ തോന്നും. ഓരോ അദ്ധ്യായം കഴിയുമ്പോഴും അത്രയും വളർന്ന ശിഷ്യനെയാണ് അല്ലെങ്കിൽ വായനക്കാരനെയാണ് ഗ്രന്ഥകാരൻ അഭിസംബോധന ചെയ്യുന്നത്.

അനന്തവിചിത്രവും അമേയവിസ്തൃതവുമായ ഈ മഹാപ്രപഞ്ചത്തെ ബാഹ്യേന്ദ്രിയങ്ങളെ പിൻവലിച്ച് അന്തരേന്ദ്രിയങ്ങളാൽ സാക്ഷാത്കരിക്കുമ്പോൾ ഒരു വിരാട് സംഗീതിക (Cosmic Orchestration) യാണ് ഈ പ്രപഞ്ചം എന്ന ദർശനത്തിലേക്ക് നാം ഉണരുന്നു. അത് ഒറ്റ വീർപ്പിന് സാധിക്കുന്ന കാര്യമല്ല. ആ കാഴ്ചയിലേക്കുള്ള വഴി അടയാളപ്പെടുത്തുകയാണ് ഈ ഗ്രന്ഥം ചെയ്യുന്നതെന്ന് പറയാം. 'ബഹുമോഹനമതി കമനീയം / മായുന്നൂ പകലിൻ ദീപ്തി...' എന്ന പ്രാർത്ഥനാഗാനം പകലിന്റെ സൗന്ദര്യത്തിലേക്കും അത് അടുത്ത നിമിഷത്തിൽ ഇരുളിൽ അലിഞ്ഞ് ഇല്ലാതാകേണ്ടതാണല്ലോ എന്ന സത്യത്തിലേക്കും ഒരേ നിമിഷം പ്രജ്ഞയെ തിരിച്ചു നിർത്തുന്നു. പ്രപഞ്ച പ്രതിഭാസങ്ങളെല്ലാം മോഹിപ്പിക്കുന്ന ക്ഷണികതകളാണെന്ന അറിവ് ഇതിന്റെ പൊരുളെന്ത് എന്ന ചോദ്യത്തിന്റെ മുനയിൽ കോർക്കാൻ ചേതനയെ വിട്ടുകൊടുക്കുന്നു. ഇങ്ങനെ കാണുന്നവയിൽ നിന്ന് കാണേണ്ടവയിലേക്ക് മനസ്സിനെ തിരിച്ചു വിടേണ്ടതെങ്ങനെ എന്നു വിവരിച്ചുകൊണ്ടാണ് *ലാവണ്യദർശനം - ഒരു വേദശാസ്ത്ര വീക്ഷണം* എന്ന ഗ്രന്ഥം ആരംഭിക്കുന്നത്.



നമ്മുടെ ജാഗ്രത്തായ ഇന്ദ്രിയങ്ങളുടെ മുമ്പിലാണ് ബാഹ്യപ്രപഞ്ചം വിടർന്നാടുന്നത്. പുറത്തേക്കു തുറന്നു വച്ചിരിക്കുന്ന വാതായനങ്ങളാണ് ജ്ഞാനേന്ദ്രിയങ്ങൾ. അവ കൊട്ടിയടച്ച് നമ്മുടെ പുറത്ത് ഒരു ലോകമുള്ള കാര്യം അറിയാതെയും അംഗീകരിക്കാതെയും ജീവിക്കുന്നത് അഭികാമ്യമായ കാര്യമല്ല; ആ ജീവിതം ആദ്ധ്യാത്മിക ജീവിതവുമല്ല. വയലിലെ പൂവിനെ നോക്കൂ, രാജകീയ പ്രൗഢികൾ ചൂഴുന്ന ശലോമോനു പോലുമില്ല ഇവയുടെ അഴക് എന്നാണ് ദൈവപുത്രൻ ഉപദേശിച്ചത്. ആ സൗന്ദര്യപ്രകർഷത്തിൽ അപഹൃതചിത്തനായി നിന്നുകൊള്ളൂ എന്നല്ല, പക്ഷേ, ഉപദേശം. ഈ കാഴ്ചയിലേതുടങ്ങാനൊക്കൂ. ഇതു തുടക്കമാണെന്നു പറയുമ്പോൾ തുടർച്ചയുണ്ടെങ്കിലേ തുടക്കമാകൂ എന്ന് അർത്ഥം എന്നുകൂടി നാം വിവക്ഷിക്കുന്നുണ്ട്. ചക്രവാളപര്യന്തം വിരിച്ചിട്ടിരിക്കുന്ന 'ചാരുചിത്രപട പംക്തി' പോലെത്തെ കാനനഭംഗിയിൽ മനസ്സർപ്പിച്ചു നില്ക്കുന്ന ദിവാകരയോഗിയുടെ സൗന്ദര്യാസ്വാദനത്തെ 'അനവദ്യഭോഗം' എന്നാണ് ആശാൻ വിശേഷിപ്പിക്കുന്നത്. ഇന്ദ്രിയമോദകങ്ങളായ ലൗകികാനുഭവങ്ങളുടെ നേരെ വളർത്തിക്കൊണ്ടു വരേണ്ട മനോഭാവം എന്താണെന്ന് സൂക്ഷ്മതയോടെ ചൂണ്ടിക്കാണിക്കുകയാണ് കവി ചെയ്യുന്നത്. സ്വന്തമാക്കണമെന്ന സ്വാർത്ഥതയോ ഉപഭോഗവാഞ്ഛയുടെ ലാഞ്ഛനയെങ്കിലുമോ ഇവിടെയില്ല. ഈഗ്രന്ഥകാരന്റെ വീക്ഷണത്തിൽ ഈ ആസ്വാദനം അവയുടെ സ്രഷ്ടാവിലേക്ക് നയിക്കേണ്ടതാണ്. സുറിയാനി പ്രാർത്ഥനയിൽ ചൊല്ലുന്നതു പോലെ ദാവീദിന്റെ മനോഭാവമാണ് ഉണ്ടാകേണ്ടത്: "രാത്രിയുടെ മദ്ധ്യത്തിൽ ദൈവത്തിന്റെ അദ്ഭുതങ്ങളെയും അത്യുന്നതന്റെ ന്യായങ്ങളെയും കുറിച്ച് സ്തോത്രം ചെയ്യാൻ ദാവീദ് എഴുന്നേറ്റു. അവൻ ആകാശത്തെ ശ്രദ്ധയോടെ നിരീക്ഷിച്ചു. ആകാശവിതാനത്തെയും പ്രകാശഗോളങ്ങളെയും അവയുടെ അയനത്തിന്റെ അഴകിനെയും കണ്ടു. സൃഷ്ടികളിലുള്ള ശാന്തിയും ക്രമവും കണ്ട് അദ്ഭുതം നിറഞ്ഞ് ദൈവത്തെ സ്തോത്രം ചെയ്തു."

ബാഹ്യ ലോകത്തെയും അത് ഒരുക്കി നിരത്തുന്ന സൗഭാഗ്യപൂർണ്ണിമയെയും നോക്കേണ്ട ശരിയായ രീതി എന്താണ്, എന്തായിരിക്കണം, എന്നാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. ലോകം മുഴുവൻ മനുഷ്യനെ പ്രലോഭിപ്പിക്കാൻ ഒരുക്കി വച്ചിരിക്കുന്ന ചതിവിടങ്ങളാണ്, ലോകവും അതിന്റെ അഴകുകളും ആദ്ധ്യാത്മികതയുടെ ശത്രുവാണ്, എന്നു കരുതുന്ന ആദ്ധ്യാത്മിക ഭീരുത്വത്തിൽനിന്ന് തീർത്തും ഭിന്നമാണ് ഈ മനോഭാവം. നിസ്സംഗത (detachment) യും ആർക്കോ എന്തോ എവിടെയോ സംഭവിക്കട്ടെ, എനിക്കെന്ത് എന്ന ഭാവവും (indifference) ഒന്നല്ല എന്ന് അറിയുകയാണ് ആദ്ധ്യാത്മികതയ്ക്ക് ആദ്യം വേണ്ടത്.

ഈ തിരിച്ചറിവ് ഉറയ്ക്കുമ്പോൾ ഇന്ദ്രിയബോധങ്ങളുടെ ആപേക്ഷികതയും പരിമിതികളും ബോദ്ധ്യപ്പെട്ടു തുടങ്ങും. കണ്ടതിൽ കാഴ്ച അവസാനിക്കുകയല്ല, ആരംഭിക്കുകയാണ് ചെയ്യുന്നത്. കാഴ്ചകളുടെ തുടർകഥയാണ് ഇത്. കണ്ടിടത്തോളമേ കാണാനുള്ളൂ, അനുഭവിച്ചിടത്തോളമേ അനുഭവിക്കാനുള്ളൂ എന്നു വന്നാൽ ഭോഗവാദ (Hedonism) ത്തിൽ ഒടുങ്ങി എന്നാണ് അർത്ഥം. ഈ ഗ്രന്ഥത്തിലെ 'വഞ്ചിക്കുന്ന വാതായനങ്ങൾ' എന്ന അദ്ധ്യായം ഈ ആപത്തു വരാതെ ആത്മരക്ഷ ഉറപ്പാക്കേണ്ടതെങ്ങനെ എന്ന് വിശദീകരിക്കാൻ ശ്രദ്ധിക്കുന്നു. അതിനുമേൽ വിഷയത്തിന്റെ നാനാവശങ്ങളിലേക്ക് ഗ്രന്ഥകാരൻ നമ്മെ കൂട്ടിക്കൊണ്ടു പോകുന്നു.

ലാവണ്യദർശനം - ഒരു വേദശാസ്ത്ര വീക്ഷണം എന്ന ഗ്രന്ഥത്തിൽ ഡോ. കെ. എം. ജോർജ് അച്ചൻ അവതരിപ്പിക്കുന്ന ആശയലോകത്തെ സംഗ്രഹിക്കാനോ വിടർത്തിക്കാണിക്കാനോ ഉദ്ദേശിച്ചല്ല ഇവിടെ ഇത്രത്തോളം എഴുതിവന്നത്. ക്രൈസ്തവ ആരാധനയിലും ക്രിസ്തീയ ലോക വീക്ഷണത്തിലും ഒരു ലാവണ്യശാസ്ത്രാവബോധം അന്തർഭവിക്കുന്നുണ്ടെന്നും അതിനെ ക്രൈസ്തവ ആദ്ധ്യാത്മികതയിൽനിന്ന് വേർതിരിക്കാൻ ആവുകയില്ലെന്നും സമർത്ഥിക്കുന്ന ഈ നവദർശനത്തിലേക്ക് പ്രവേശിക്കാൻ അവശ്യം നടത്തേണ്ട മുന്നൊരുക്കങ്ങളെ എങ്ങനെ വിവരിച്ചുതന്നിരിക്കുന്നു എന്നു മാത്രമാണ് ഇവിടെ ചൂണ്ടിക്കാണിക്കുന്നത്. ആ വിവരണത്തിനു പിന്നാലെ അദ്ദേഹം എഴുതി:

''യേശുക്രിസ്തുവിൽ ദൈവം സ്വയം വെറുമയാക്കി എന്നു പറഞ്ഞ പൗലൊസ് അപ്പൊസ്തലൻ ദൈവത്തിന്റെ ആത്മശൂന്യവത്കരണത്തെ (Self-emptying) ക്രിസ്തീയവിശ്വാസത്തിന്റെ ആണിക്കല്ലാക്കി. ഇവിടെ കലയുടെയും മനുഷ്യന്റെ സകല സൃഷ്ടിയുടെയും ഭാഗധേയം കൂടി സൂചിപ്പിക്കുന്നു. സ്നേഹത്തിന്റെ സമ്പൂർണ്ണതയിൽ, കരുണയുടെ ആർദ്രതയിൽ, സ്വയം ത്യജിക്കുന്ന കലയ്ക്കു മാത്രമേ സ്ഥായിയായ സൗന്ദര്യം സൃഷ്ടിക്കാൻ കഴിയൂ. ഇതായിരുന്നു ക്രിസ്തുവിന്റെ ജീവിതം. അത് ദൈവത്തിന്റെ മഹനീയ സർഗ്ഗസൃഷ്ടി ആയിരുന്നു. അതിലൂടെ സകല സൃഷ്ടിയുടെയും വീണ്ടെടുപ്പും വിമോചനവും ഉണ്ടായി. ചുരുക്കത്തിൽ മനുഷ്യപുത്രനായ യേശുവിന്റെ നിയോഗം ഈ ചരിത്രത്തിൽ എന്തായിരുന്നുവോ അതേ നിയോഗത്തിൽ പങ്കുചേരാനാണ് നല്ല കലയും കലയുടെ സ്രഷ്ടാക്കളും വിളിക്കപ്പെട്ടിരിക്കുന്നത്.''

ആദ്ധ്യാത്മികതയും സൗന്ദര്യദർശനവും എങ്ങനെയാണ് സമന്വയിക്കപ്പെടുക എന്ന ചോദ്യത്തിനു മുന്നിൽ സ്വയം പ്രതിഷ്ഠിക്കാൻ സന്നദ്ധനായ എഴുത്തുകാരനു മാത്രം അവകാശപ്പെട്ടതാണ് ഈ വാക്കുകൾ. ഈ സമന്വയത്തിന്റെ വഴി ക്ലിഷ്ടമാണ്. ക്ലിഷ്ടമാകാൻ പ്രധാന കാരണം ആദ്ധ്യാത്മികതയും ലൗകികതയും ആജന്മശത്രുക്കളാണ് എന്ന തെറ്റിദ്ധാരണ വിശ്വാസജീവിതത്തിൽ എങ്ങനെയോ ഉറച്ചുപോയതാണ്. ഒരു പനിനീർപൂവ് വിരിഞ്ഞുല്ലസിക്കുന്നത് കാൺകെ കവിൾ തുടുക്കുകയും കരൾ തുടിക്കുകയും ചെയ്താൽ ലൗകിക ഭോഗങ്ങൾക്ക് അടിമയായി ദൈവികതയ്ക്ക് അന്യനായി എന്നു പരിഭ്രാന്തി കൊള്ളുന്നതാണ് നമ്മുടെ സാമാന്യരീതി. ഈ ഉടക്കിൽനിന്ന് വിടർത്തി മസൃണമായ ഹൃദയത്തോടെ ലോകത്തെ നോക്കാൻ സഹായിക്കുന്നതാണ് യേശു എങ്ങനെയാണ് ലോകത്തിലെ മുഗ്ധസൗഭാഗ്യങ്ങളെ വീക്ഷിച്ചതെന്ന് ചൂണ്ടിക്കാണിക്കുന്ന സന്ദർഭങ്ങൾ. ലോകത്തെ പ്രലോഭനഹേതുവായി കണ്ട് ഒഴിയാൻ ശ്രമിക്കുന്നത് ലോകത്തിന്റെ കുറ്റംകൊണ്ടല്ല നമ്മുടെ മനസ്സിൽ നുരയിടുന്ന തീരാക്കൊതി കൊണ്ടാണ്. അങ്ങനെയാണ് അവനവനെ വിശ്വാസമില്ലാത്തവന്റെ പാഴ്വിശ്വാസമായി ആദ്ധ്യാത്മികത പരിണമിച്ചത്. ജീവിതത്തിനും വിശ്വാസജീവിതത്തിനും ഇടയിൽ എത്ര കനത്ത മതിലാണ് നാം പണിതു വച്ചത്. ഈ മതിൽ പൊളിച്ച് ലൗകികതയും ആദ്ധ്യാത്മികതയും ശത്രുക്കളല്ല, അവയെ വേർതിരിക്കുമ്പോൾ കപട ആദ്ധ്യാത്മികതയാണ് ഉണ്ടാകുന്നത് എന്ന് ബോദ്ധ്യപ്പെടുത്തുന്നതാണ് കെ.എം. ജോർജ് അച്ചന്റെ ഈ ഗ്രന്ഥം.

ഈ ദർശനത്തിലേക്ക് നമ്മെ ഉപനയിക്കാൻ വളരെ വിപുലമായ സന്നാഹങ്ങളാണ് ഒരുക്കിയിരിക്കുന്നത്. പഴയ ഐക്കണോഗ്രാഫിയുടെ തത്ത്വം മുതൽ ദാദായിസത്തിന്റെയും സർറിയലിസത്തിന്റെയും മറ്റും സ്വഭാവം വരെ സൂക്ഷ്മതയോടെ വിശകലനം ചെയ്ത് അവതരിപ്പിക്കുന്നുണ്ട് ഈ ഗ്രന്ഥത്തിൽ. നവീന ശാസ്ത്രത്തിന്റെയും പ്രയുക്ത ശാസ്ത്രത്തിന്റെയും ഉപദർശനങ്ങളും കണ്ടുപിടുത്തങ്ങളും എങ്ങനെ പുതിയ ലോകസങ്കല്പത്തെ വിശദീകരിക്കാൻ ഉതകുന്നു എന്നും അവ എങ്ങനെ വിശ്വാസ സത്യങ്ങളോട് അവിരുദ്ധത പുലർത്തുന്നു എന്നും സൂക്ഷ്മതയോടെ അന്വേഷിക്കുന്നതാണ് ഇതിന്റെ രീതി. പ്രപഞ്ചത്തെക്കുറിച്ചുള്ള ഓരോ പുതിയ കണ്ടെത്തലും വിശ്വാസജീവിതത്തെ ഉലയ്ക്കുന്നു എന്നായിരുന്നു പണ്ടത്തെ പേടി. ആ പേടി മൂലം ചെയ്തു കൂട്ടിയ അബദ്ധങ്ങൾക്ക് കണക്കില്ല. സഭയുടെ ചരിത്രത്തിലെ തീരാകളങ്കമായി അവ രേഖപ്പെട്ടു കിടക്കുന്നു. എന്നാൽ ബലിഷ്ഠമായ വിശ്വാസത്തെ കൂടുതൽ ബലിഷ്ഠമാക്കാൻ അവ എങ്ങനെ ഉപകരിക്കുന്നു എന്ന് അന്വേഷിക്കുന്നതാണ് ഈ ഗ്രന്ഥത്തിന്റെ സ്വഭാവം. ലോകത്തോടും അതിന്റെ സൗഭാഗ്യസമൃദ്ധികളോടും കലഹിക്കാനല്ല, ആദ്ധ്യാത്മിക ജീവിതത്തെ ആഴമുള്ളതാക്കാൻ ഉപകരിക്കുന്നതായി ലോകത്തെ കാണാനാണ് ഇത് ആവശ്യപ്പെടുന്നത്. ദൈവത്തിന്റെ കണ്ണുകൊണ്ട് ലോകത്തെ കാണുക എന്നല്ലേ ഇതിന്റെ അർത്ഥം?

കലാദർശനം അഥവാ സൗന്ദര്യശാസ്ത്രം ഏറെ പരിചരിക്കപ്പെട്ടിട്ടുള്ള വിഷയമല്ല, നമ്മുടെ ഭാഷയിൽ. എം.പി. പോൾ *സൗന്ദര്യനിരീക്ഷണം* എന്ന ചെറിയ ഗ്രന്ഥത്തിൽ അതിന് പ്രാരംഭം കുറിച്ചു. അതിന് വേണ്ടത്ര പിൻതുടർച്ച ഉണ്ടായില്ല; തീരെ ഉണ്ടായില്ല എന്നും പറഞ്ഞുകൂടാ. അങ്ങനെ ഏറെപ്പേർ കയറിയിറങ്ങി സമ്പന്നമാക്കപ്പെട്ട ഇടത്തിലല്ല കെ.എം. ജോർജ് അച്ചൻ വ്യാപരിക്കുന്നത്. തനിക്കു മാത്രം കഴിയുന്ന, തനിക്കു മാത്രം അധികാരമുള്ള എന്നു പോലും പറയാവുന്ന, അനന്യപരിചരണം ആണ് ഇവിടെ സാധിച്ചിരിക്കുന്നത്. മലയാള വായനക്കാരനെ, ഈ ഗ്രന്ഥം കൊണ്ട് അദ്ദേഹം ഋണബദ്ധനാക്കിയിരിക്കുന്നു എന്നു പറയട്ടെ. ഈ കടപ്പാട് രേഖപ്പെടുത്താൻ എന്നെ നിയോഗിച്ച സ്നേഹത്തിന് എങ്ങനെ നന്ദി പറയേണ്ടൂ? ❑

ഡോ. പൗലോസ് മാർ ഗ്രിഗോറിയോസിനെ അനുസ്മരിച്ചു

കോട്ടയം: ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ് ചെയർ, സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആൻഡ് ഡെവലപ്മെന്റ് സ്റ്റഡീസ്, സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസ് എന്നിവ ചേർന്ന് എംജി സർവകലാശാലയിൽ ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ് അനുസ്മരണം സംഘടിപ്പിച്ചു. സിൻഡിക്കറ്റ് അംഗം റെജി സഖറിയ ഉദ്ഘാടനം ചെയ്തു. സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആൻഡ് ഡെവലപ്മെന്റ് സ്റ്റഡീസ് ഡയറക്ടർ ഡോ. പി പി നൗഷാദ് അധ്യക്ഷനായി. കൺസൾട്ടന്റ് സൈക്കാട്രിസ്റ്റ് ഡോ. ജോർജ് ജോൺ അനുസ്മരണ പ്രഭാഷണം നടത്തി. രജിസ്ട്രാർ ഡോ. ബിസ്മി ഗോപാലകൃഷ്ണൻ, ഡോ. പി സി വർഗീസ്, മെഡിക്കൽ കോളജ് പ്രിൻസിപ്പൽ ഡോ. വർഗീസ് പുന്നൂസ്, ഡോ. മാത്യു കുര്യൻ, ഡോ. വിനോദ് കുമാർ, ഡോ. ബാബു ജോൺ, ചെയർ പ്രൊഫസർ ഫാ. ഡോ. കെ. എം. ജോർജ്, ഡോ. ബോബൻ ജോസഫ് എന്നിവർ സംസാരിച്ചു.

ഫാ. ബിജു പി. തോമസ് രചിച്ച ഫ്രാൻസിസ് മാർപാപ്പ സ്നേഹത്തിന്റെ പ്രകാശ ഗോപുരം എന്ന ജീവചരിത്ര ഗ്രന്ഥം ഡോ. തിയഡോഷ്യസ് മാർ ത്തോമ്മ മെത്രാപ്പോലീത്താ, മാർ ശാമുവേൽ തെയോഫിലോസ് മെത്രാപ്പോലിത്തായിക്ക് നല്കി പ്രകാശനം ചെയ്തു. ആർച്ച് ബിഷപ്പ് കുര്യാക്കോസ് മാർ സേവേറിയോസ് വലിയ മെത്രാപ്പോലിത്താ, ആർച്ച് ബിഷപ്പ് ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലിത്താ, സഭകളുടെ ദേശീയ കൗൺസിൽ അധ്യക്ഷൻ ഡോ. ഗീവറുഗീസ് മാർ യൂലിയോസ് മെത്രാപ്പോലിത്താ, ഡോ. പോൾ മണലിൽ ഫാ. ബിജു പി. തോമസ്, ഫാ. സിജോ പന്തപ്പള്ളിൽ, ലിനോജ് ചാക്കോ, പ്രോഗ്രാം കൺവീനർ ജോജി പി. തോമസ് എന്നിവർ സമീപം.

ബോംബെ ഓർത്തഡോക്സ് സംഗമം പരുമലയിൽ

പരുമല: ബോംബെ ഭദ്രാസനത്തിന്റെ സുവർണ്ണ ജൂബിലിയുടെ ഭാഗമായി 2026 ജനുവരി മാസം 14-നു ബോംബെ ഓർത്തഡോക്സ് സംഗമം പരുമല സെമിനാരിയിൽ നടക്കും. ക്രമീകരണങ്ങളുടെ ആലോചന മീറ്റിംഗ് പരുമല സെമിനാരിയിൽ വെച്ച് ബോംബെ ഭദ്രാസന സഹായ മെത്രാപ്പോലീത്താ ഡോ. ഗീവർഗീസ് മാർ തെയോഫിലോസിന്റെ അധ്യക്ഷതയിൽ നടത്തപ്പെട്ടു.

പുന്നത്ര മാർ ദീവന്നാസിയോസ്: പ്രകാശപൂർണ്ണമായ ഒരു ജീവിതം

ഡോ. ബിജു തോമസ്

ആമുഖം

കാലത്തിന്റെ കുത്തൊഴുക്കിൽ ചരിത്രത്തിൽ വിസ്മരിക്കപ്പെട്ടു പോകുന്ന ചില അപൂർവ്വ വ്യക്തിത്വങ്ങളുണ്ട്. ചിലർ ബോധപൂർവ്വം തമസ്കരിക്കപ്പെടുന്നവരാവാം. മറ്റു ചിലർ അതിപ്രഗത്ഭരായ മുൻഗാമികളുടെയോ പിൻഗാമികളുടെയോ പ്രാഭവത്തിൽ നിഷ്പ്രഭരായി മാറിയവരാവാം. എന്നാൽ ഇവ രണ്ടുമല്ലാതെ കാലഗതിയിൽ വിസ്മൃതനായിപ്പോയ ഒരു വ്യക്തി ത്വമാണ് മലങ്കര മെത്രാപ്പോലീത്താ പുന്നത്ര ഗീവർഗീസ് മാർ ദീവന്നാസ്യോസ് മൂന്നാമന്റേത്. വലിയ മാർ ദീവന്നാസ്യോസിന്റെ സംഭവബഹുലമായ കാലത്തിനു ശേഷം കണ്ടനാട് പടിയോല, സെമിനാരി സ്ഥാപനം, ബ്രിട്ടീഷ് ബാന്ധവത്തിന്റെ പ്രാരംഭം എന്നിങ്ങനെ ചരിത്രപ്രാധാന്യമുള്ള പല സംഭവങ്ങളും അരങ്ങേറി. അതിനു തൊട്ടുപിന്നാലെയാണ് പുന്നത്ര മാർ ദീവന്നാസ്യോസി ന്റെ കടന്നു വരവ്. അദ്ദേഹത്തിന് ശേഷമാകട്ടെ, ബ്രിട്ടീഷ് മിഷനറിമാരുമായുള്ള ബന്ധത്തിന്റെ പരിസമാപ്തി, മാവേലിക്കര പടിയോല, ആദ്യത്തെ നവീകരണ മെത്രാൻ പാലക്കുന്നത്ത് മാത്യൂ സ് മാർ അത്താനാസ്യോസ്, യൂയാക്കീം മാർ കൂറീലോസിന്റെ ആഗമനം എന്നിങ്ങനെ വിപുലമാ യി ചർച്ച ചെയ്യുവാനുള്ള ഒരു പിടി സംഭവങ്ങളുമുണ്ടായി. മുൻപും പിൻപും ചരിത്രവിധേയമാ യപ്പോൾ അതിനിടയിലെ വ്യക്തിയും അദ്ദേഹത്തിന്റെ കാലവും അഗണ്യമാക്കപ്പെട്ടു എന്നതാണ് വാസ്തവം.

'സമുദ്രാന്തർഭാഗത്തെ തമോഗർത്തങ്ങളിൽ അതീവശോഭയുള്ള അമൂല്യ രത്നങ്ങൾ മറഞ്ഞു കിടക്കുന്നു'. തോമസ് ഗ്രേ എന്ന ആംഗലേയ കവിയുടെ അനശ്വരമായ ഈ വരികൾ കോട്ടയം ചെറിയപള്ളിയുടെ വി. മദ്ബഹായിൽ കബറടങ്ങിയിരിക്കുന്ന പുന്നത്ര തിരുമേനിയെ സംബന്ധിച്ച് അക്ഷരംപ്രതി ശരിയാണെന്നു കാണാം. സഭാചരിത്രത്തിന്റെ ഒരു നിർണ്ണായക കാലഘട്ടത്തിൽ ഏഴരവർഷത്തോളം സഭയെ അതിസാഹസികമായി നയിച്ച ഈ പുണ്യ പിതാവ് താരതമ്യേന ശ്രദ്ധിക്കപ്പെടാതെ പോയി എന്നത് സത്യമാണ്. എന്നാൽ ഏറെ കർമ്മചൈതന്യവും ഭാവനാവിലാസവുമുള്ള ഒരു മെത്രാപ്പോലീത്തായ്ക്ക് എന്തുകൊണ്ട് സഭാചരിത്രത്തിൽ വേണ്ട സ്ഥാനം ലഭിക്കാതെ പോയി എന്നത് ഒരു ചോദ്യചിഹ്നമായി അവശേഷിക്കുന്നു. മലങ്കരസഭ മറന്നു പോകരുതാത്ത ഒരു സാമൂഹ്യപരിഷ്കർത്താവ് ആയിട്ടുപോലും, ആ നിലയിൽ അദ്ദേഹത്തിന്റെ പേരുകൾ എവിടെയും കേൾക്കാതെ പോയതിന്റെ കാരണങ്ങൾ എന്താവാം? ഒന്നാമത്, അദ്ദേഹത്തിന്റെ പിൻഗാമികളായ ചേപ്പാട് മാർ ദീവന്നാസ്യോസ്, പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് എന്നിവരുടെ ദീർഘ ഭരണകാലവുമായി തട്ടിച്ചുനോക്കുമ്പോൾ വളരെ ചുരുങ്ങിയ കാലം മാത്രമേ ഇദ്ദേഹം സഭയെ ഭരിച്ചുള്ളൂ എന്ന് കാണാം. രണ്ടാമത് ഏഴര വർഷത്തെ അദ്ദേഹത്തിന്റെ ഭരണം താരതമ്യേന പ്രക്ഷുബ്ധരഹിതവും ശാന്തവുമായിരുന്നതിനാൽ സംഭവബഹുലം എന്ന് രേഖപ്പെടുത്തുവാൻ സാധ്യവുമല്ല, കാരണം വലിയ പ്രതിസന്ധികളുണ്ടാവുകയും അതിനെ തരണം ചെയ്യുവാൻ പ്രയാസം നേരിടുകയും ഒക്കെ ചെയ്യുമ്പോഴാണ് സാധാരണയായി വാർത്താ പ്രാധാന്യവും ചരിത്ര പ്രസക്തിയും ഉണ്ടാവുന്നത്. മൂന്നാമത്, അദ്ദേഹം കബറടങ്ങിയ കോട്ടയം ചെറിയപള്ളി, പിൽക്കാലത്ത് വികാരിയായിരുന്ന താഴത്ത് കത്തനാരുടെ നേതൃത്വത്തിൽ നവീകരണ ആശയങ്ങളുടെ കേന്ദ്രമായി പ്രവർത്തിച്ചതിനാലും പിന്നീട് കക്ഷിവഴക്കിൽ ഉൾപ്പെട്ട് വ്യവഹാരക്കുരുക്കിൽ അനേക വർഷങ്ങൾ പൂട്ടിക്കിടന്നതിനാലും അവിടെ അന്ത്യവിശ്രമം കൊള്ളുന്ന പിതാവിനെ വിസ്മരിച്ചു പോയതാവാം. മറ്റൊന്ന് ബ്രിട്ടീഷ് മിഷനറിമാരുടെ നേതൃത്വത്തിൽ നവീകരണ ആശയങ്ങൾ സഭയിൽ ശക്തി പ്രാപിച്ച് വളർന്നത് ഈ പിതാവിന്റെ കാലഘട്ടത്തിൽ ആയിരുന്നു എന്നതുകൊണ്ടുമാവാം മറ്റു മലങ്കരമെത്രാപ്പോലീത്താമാർക്ക് ലഭിച്ചിട്ടുള്ള പ്രാമാണ്യതയും പ്രാധാന്യവും ഇദ്ദേഹത്തിന് ലഭിക്കാതെ പോയത്. ഏതുകാരണം കൊണ്ടായാലും സഭാ ചരിത്രത്തിൽ പ്രായേണ നിഷ്പ്രഭനായിപ്പോയ ഒരു പിതാവിന്റെ ജീവിതത്തെയും സഭയ്ക്കും സമൂഹത്തിനും അദ്ദേഹം നൽകിയ സംഭാവനകളെയും അദ്ദേഹത്തിന്റെ ചരമ ദിശതാബ്ദിയോടനുബന്ധിച്ച് ഓർക്കുന്നത് അനുഗ്രഹപ്രദമാണ്.

ചരമ ദിശതാബ്ദി (1825–2025)

പുന്നത്ര മാർ ദീവന്നാസ്യോസിന്റെ ഭരണകാലം

ഒട്ടും നിസാരവൽക്കരിക്കാവുന്ന ഒന്നല്ല പുന്നത്ര മെത്രാൻ എന്ന വ്യക്തിയും അദ്ദേഹത്തി ന്റെ ഭരണകാലവും. ഇരുപത്തിയൊന്നാമത്തെ വയസിൽ മലങ്കര എങ്ങും അറിയപ്പെട്ട ഈ യുവ പ്രതിഭ മുപ്പത്തിരണ്ടാം വയസിൽ മലങ്കര മെത്രാപ്പോലീത്താ ആയി. ഒട്ടേറെ പ്രത്യേകതകൾ ഉള്ള തും സമാനതകൾ ഇല്ലാത്തതുമായ ഒരു തെരഞ്ഞെടുപ്പായിരുന്നു അത്. കോട്ടയം പ്രദേശത്തു നിന്നും തെക്കൻ കേരളത്തിൽ നിന്നുമുള്ള ആദ്യമെത്രാപ്പോലീത്താ എന്ന സ്ഥാനം പുന്നത്ര തിരുമേനിക്കവകാശപ്പെട്ടതാണ്. കൂടാതെ മലങ്കരസഭാചരിത്ര

ത്തിൽ ഏറ്റവും ഇളംപ്രായത്തിൽ (48ആം വയസിൽ) കാലം ചെയ്ത മെത്രാപ്പോലീത്തായും അദ്ദേഹമാണ്. പൗരോഹിത്യത്തിന്റെ എല്ലാ പടികളും (ശെമ്മാശ സ്ഥാനം മുതൽ മേല്പട്ടസ്ഥാനം വരെ) മാതൃ ഇടവകയിൽ വെച്ചുതന്നെ സ്വീകരിക്കുകയും സ്വന്തം ഇടവകയിൽ വികാരിയായിരിക്കുകയും പൗരോഹിത്യത്തിന്റെ എല്ലാ സ്ഥാനങ്ങളും സ്വീകരിച്ച് അതെ മദ്ബഹായിൽ കബറടങ്ങുകയും ചെയ്ത മറ്റൊരു മെത്രാപ്പോലീത്താ മലങ്കരസഭാചരിതത്തിൽ ഇല്ല!

കേവലം ഏഴര വർഷം മാത്രമാണ് ഇദ്ദേഹത്തിന്റെ ഭരണകാലമെങ്കിലും സംഭവിച്ച കാര്യ ങ്ങൾ നിസ്സാരങ്ങളല്ല. സെമിനാരിയിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം ആരംഭിച്ചത് ഇക്കാലത്താണ്. കേരള ത്തിൽ ആദ്യമായി മലയാളം മുദ്രണം ചെയ്തതും, സെമിനാരിയിലെ അച്ചുകൂടത്തിൽ ആദ്യമായി മലയാളം അച്ചടിച്ചതും പുന്നത്ര മെത്രാന്റെ ഒരു പൊതു കല്പനയിലായിരുന്നു. പരിമിതികളുടെയും പ്രതിസന്ധികളുടെയും നടുവിലായിരുന്നു അദ്ദേഹം മലങ്കര മെത്രാപ്പോലീത്താ സ്ഥാനം ഏറ്റെടുത്തത്. കുത്തഴിഞ്ഞ സഭ, സന്മാർഗ്ഗനിഷ്ഠയും അച്ചടക്കവും പരിമിതമായ വൈദീകശ്രേണി, ജാതിനിയമങ്ങളാൽ മാത്രം നയിക്കപ്പെടുന്ന- രാഷ്ട്രീയമായി പരാധീനതയിലായ നസ്രാണിക ൾ: ഇതായിരുന്നു അദ്ദേഹത്തിന് ഭരിക്കാൻ ലഭിച്ച സഭ. ഈ സമൂഹത്തെ ആധുനികതയുടെ പാതയിലേക്ക് നയിക്കുക എന്ന ദുഷ്കരമായ കൃത്യമാണ് മാർ ദീവന്നാസ്യോസിനു മുമ്പിൽ ഉണ്ടായിരുന്നത്.

പുന്നത്ര മാർ ദീവന്നാസ്യോസ് ഒരു സാമൂഹിക വിദ്യാഭ്യാസ പരിഷ്കർത്താവ്

പുന്നത്ര തിരുമേനിയെ ഒരു സാമൂഹിക പരിഷ്കർത്താവായി കാണണമെങ്കിൽ പത്തൊൻപതാം നൂറ്റാണ്ടിലെ മലങ്കരനസ്രാണികളുടെ സാമൂഹിക പശ്ചാത്തലവും മനസിലാക്കിയിരിക്കണം. പത്തൊൻപതാം നൂറ്റാണ്ടിന്റെ ആരംഭകാലം തിരുവിതാംകൂർ-കൊച്ചി നാട്ടുരാജ്യങ്ങ ളുടെ രാഷ്ട്രീയ അടിമത്വത്തിന്റെ കാലഘട്ടമായിരുന്നു. തൽഫലമായി ഒരു ക്രിസ്ത്യൻ റിപ്പബ്ലിക് ആയി ജീവിച്ച മാർത്തോമാ ക്രിസ്ത്യാനികൾ ബ്രിട്ടീഷ് ഭരണത്തിന്റെ ഭാഗവാക്കായി മാറി. മതപരവും ആഭ്യന്തരവുമായ കാര്യങ്ങളിൽപോലും ബ്രിട്ടീഷ് രാഷ്ട്രീയ മേധാവിത്വത്തിന്റെ അനുമതി അനിവാര്യമായി മാറി (ഉദാ. രാജകീയ വിളംബരം). രാഷ്ട്രീയ അടിമത്വം, മതപരമായ അസ്വാതന്ത്ര്യത്തിനും സാമൂഹിക നീതിനിഷേധത്തിനും (ഉദാ. സൈനിക സേവനത്തിനുള്ള അവസര ങ്ങൾ നിഷേധിക്കപ്പെടുക) കാരണമായിത്തീർന്നു. മാർത്താണ്ഡവർമ്മയുടെയും കാർത്തിക തിരുനാൾ രാമവർമ്മയുടെയും കാലത്ത് ഹൈന്ദവമത വിശ്വാസപ്രചാരണത്തിനു കൂടുതൽ സഹായങ്ങളും സാധ്യതകളും ലഭ്യമായി. ക്രിസ്ത്യാനികൾക്ക് പാരമ്പര്യമായി ലഭിച്ചു വന്നിരുന്ന അധികാരാവകാശങ്ങൾ ഹനിക്കപ്പെടുകയും ജാതികേന്ദ്രീകൃതമായ ഹൈന്ദവസംസ്കാരം പ്രോത്സാഹിക്കപ്പെടുകയും ചെയ്തു. ഹിന്ദുക്കൾക്ക് സർക്കാർ ഉദ്യോഗങ്ങൾക്കായി സംവരണം ഏർപ്പെടുത്തുകയും അവർക്ക് കൂടുതൽ ഔദ്യോഗിക ചുമതലകൾ നല്കപ്പെടുകയും ചെയ്തു. തൽഫലമായി നൂറ്റാണ്ടുകളായി മാർത്തോമാ ക്രിസ്ത്യാനികൾ അനുഭവിച്ചുപോന്ന ഉന്നത മായ സാമൂഹ്യനിലവാരത്തിനു കോട്ടം സംഭവിച്ചു. അധികാരവർഗ്ഗത്തിന്റെ രാഷ്ട്രീയ-സാമൂഹ്യ മേഖലകളുടെ കൈത്താങ്ങലായി വർത്തിച്ചു വന്ന നസ്രാണിസമൂഹം സാമൂഹ്യമായി പിന്തള്ളപ്പെട്ടു. നസ്രാണികൾ മതപരമായും സാമൂഹ്യപരമായും പീഡിപ്പിക്കപ്പെട്ടു എന്ന് പറയുന്നതിൽ അതിശയോക്തിയില്ല. കാരണം, ഹൈന്ദവ ആരാധനാലയങ്ങളിലെ കർമ്മങ്ങൾക്കും, പൂജാവിധികൾക്കും വേണ്ടി നികുതി അടയ്ക്കുക, ഔദ്യോഗിക സർക്കാർ സർവീസുകളിൽ നിന്നും ഒഴിവാക്കുക, ദാരിദ്ര്യവും പട്ടിണിയും മൂലം വശംകെടുക, വ്യവസായരംഗങ്ങളിൽ പുതിയ വെല്ലുവിളികൾ നേരിടുക തുടങ്ങി ഒട്ടനവധി സാമൂഹ്യ പ്രതിബന്ധങ്ങൾ ഇക്കാലത്ത് മലങ്കര നസ്രാണികളെ കാത്തിരുന്നു. തീരപ്രദേശങ്ങളിൽ താമസമുറപ്പിച്ച് കച്ചവടം കൈവശ പ്പെടുത്തിയ അറബികളും നസ്രാണികൾക്ക് ഒരു ഭീഷണിയായി. വിദ്യാഭ്യാസ മേഖലകളിൽ ഉന്നതനിലവാരവും സ്ഥാനവും നിലനിർത്തുന്നതിൽ പോലും ക്രിസ്ത്യാനികൾ പരാജയപ്പെട്ടു. ഇടവക സ്കൂളുകളിലെ അധ്യാപകരിലേറെയും നായന്മാരായിരുന്നു. ആയുധാഭ്യാസത്തിൽ അഗ്രഗണ്യരായിരുന്ന നസ്രാണിസമൂഹത്തിന്റെ നൈപുണ്യവും ഇക്കാലത്ത് നഷ്ടപ്പെട്ടു. വ്യവസായ രംഗങ്ങളിലെ പാളിച്ചകളും വിദ്യാഭ്യാസമേഖലയിലെ തളർച്ചയും ഔദ്യോഗിക ഗവൺമെന്റ് സർവീസുകളിൽ നിന്നുള്ള ഒഴിവാക്കലും പ്രത്യേക അധികാര അവകാശങ്ങളുടെ നിഷേധവുമെല്ലാം നസ്രാണികളുടെ സാമൂഹിക ജീവിത ക്രമത്തെ സാരമായി ബാധിച്ചു.

പത്തൊൻപതാം നൂറ്റാണ്ടിൽ നസ്രാണികളുടെ നവോത്ഥാനത്തിന് അടിസ്ഥാനമിട്ട, വൈദികവിദ്യാഭ്യാസം കർശനമാക്കി അവർക്ക് ശക്തമായ നേതൃ ത്വനിരയെ സമ്മാനിച്ച പുന്നത്ര ഗീവർഗീസ് മാർ ദീവന്നാസ്യോസിന്റെ സംഭാവനകൾ യഥായോഗ്യം അംഗീകരിക്കപ്പെട്ടിട്ടില്ല.

എന്നാൽ പുന്നത്ര മാർ ദീവന്നാസ്യോസിന്റെ ഭരണകാലത്താണ് മാർത്തോമാ ക്രിസ്ത്യാനി കൾക്ക് നഷ്ടപ്പെട്ടുപോയ പല അധികാരാവകാശങ്ങളും പുനഃസ്ഥാപിക്കപ്പെടുന്നത്. മാർ ദീവന്നാ സ്യോസിന്റെ സൗഹാർദ്ദപരമായ പെരുമാറ്റം, മിഷനറിമാർക്കും നാട്ടുരാജാക്കന്മാർക്കും നസ്രാണികളിൽ അനുകമ്പ ഉണ്ടാകുന്നതിനും അനുകൂലസാഹചര്യങ്ങൾ സൃഷ്ടിച്ചെടുക്കുന്നതിനും സാധിച്ചു. യോഗ്യതയുള്ള സുറിയാനിസഭാംഗങ്ങൾക്ക് ജഡ്ജി, മജിസ്ട്രേറ്റ്, തഹസീൽദാർ ആദിയായി ഉയർന്നതും താണതുമായ ഉത്തരവാദിത്വമുള്ള അനേകം ഗവൺമെന്റ് ഉദ്യോഗങ്ങൾ ലഭിച്ചു. ആയതിനു മെത്രാന്റെ ശുപാർശക്കത്ത് മാത്രമേ ആവശ്യമുണ്ടായിരുന്നുള്ളൂ. ഉന്നത സ്ഥാനങ്ങളിലും പദവികളിലുമുള്ള നിയമനങ്ങൾ ക്രിസ്ത്യാനികളുടെ സാമൂഹികനിലവാരം ഉയർത്തി. തന്റെ പരിപാലനത്തിൽ ഏല്പിക്കപ്പെട്ടിരുന്ന നസ്രാണികളുടെ ഭൗതികമായ ഉന്നമനത്തിലും അദ്ദേഹം ശ്രദ്ധാലുവായിരുന്നു. ഗ്രാമീണസ്കൂളുകളുടെ സ്ഥാപനത്തെ അദ്ദേഹം പ്രോത്സാഹിപ്പിച്ചു. അതുവഴി ഗ്രാമാന്തരങ്ങളിൽപ്പോലും വിദ്യയുടെ വെളിച്ചം കടന്നുചെല്ലാനും നവോത്ഥാനത്തിന്റെ പാതയിലേക്ക് നസ്രാണികളെ നയിക്കുവാനും സാധിച്ചു. സെമിനാരിയെക്കൂടാതെ കോട്ടയത്തും മൺറോതുരുത്തിലും Preparatory അഥവാ Grammar സ്കൂളുകൾ സ്ഥാപിക്കുകയും വിദ്യാഭ്യാസത്താൽപ്പര്യം നസ്രാണികളിൽ ജനിപ്പിക്കുകയും ചെയ്തു. വിദ്യാഭ്യാസ നിലവാരം സാമൂഹികക്രമത്തിൽ സാരമായ സ്വാധീനം ചെലുത്തി. 'സമയം തക്കത്തിൽ ഉപയോഗിപ്പിൻ' (എഫേ. 5:15, 16) എന്ന വചനം അദ്ദേഹത്തെ വളരെ സ്വാധീനിച്ചിട്ടുണ്ടാവും.

സെമിനാരിയിൽ വൈദികവിദ്യാർത്ഥികൾക്ക് ആധുനികവിദ്യാഭ്യാസം നൽകുന്നതിനെ അദ്ദേഹം അനുകൂലിച്ചു; ഒരു സമൂഹത്തെ ഉണർത്തുവാനും ഉയർത്തുവാനും ഏറ്റവും അത്യന്താപേക്ഷിതം കഴിവുറ്റ നേതൃനിരയാണ് എന്നുള്ള തിരിച്ചറിവ് അദ്ദേഹത്തിനുണ്ടായിരുന്നു. ഒപ്പം വൈദികരുടെ സന്മാർഗനില ഉയർത്തുന്നതിലും അദ്ദേഹം ശ്രദ്ധിച്ചു. റോമൻ കത്തോലിക്കാ സ്വാധീനത്താൽ നിലച്ചുപോയ വൈദികവിവാഹം പുനഃസ്ഥാപിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. ആരാധന മാതൃഭാഷയിലാക്കുന്നതിനെ അദ്ദേഹം സർവ്വാത്മാനാ സ്വാഗതം ചെയ്തു. മിഷനറിമാരുടെ വേദപുസ്തക പരിഭാഷയ്ക്ക് എല്ലാ പിന്തുണയും നൽകി. അതേ സമയം തന്റെ സത്യവിശ്വാസം പരസ്യമായി പ്രഖ്യാപിക്കുന്നതിന് അദ്ദേഹം മടികാണിച്ചിരുന്നുമില്ല. സമകാലിക യാഥാർഥ്യങ്ങളോട് പൊരുത്തപ്പെട്ട് ബ്രിട്ടീഷ് അധികാരികളും ആംഗ്ലിക്കൻ മിഷനറിമാരുമായി സഹകരിക്കുമ്പോഴും തന്റെ സഭയുടെ സത്യവിശ്വാസം അഭംഗുരം പരിപാലിക്കുന്നതിൽ അദ്ദേഹം വിജയിച്ചു. സൗമ്യവും നയതന്ത്രപരവുമായ നീക്കത്തിലൂടെ മിഷനറി മുന്നേറ്റത്തെ രണ്ട് ദശവർഷമെങ്കിലും വൈകിപ്പിക്കുവാൻ അദ്ദേഹത്തിന് സാധിച്ചു എന്നത് അദ്ദേഹത്തിന്റെ ഏറ്റവും വലിയ വിജയമായി കണക്കാക്കാം.

ഉപസംഹാരം

'As is a tale, so is life; not how long it is, but how good it is, is what matters'. സ്റ്റോയിക് ദർശികനായ സെനേക്കായുടെ ഈ വാക്കുകൾ പുന്നത്ര മാർ ദീവന്നാസ്യോസ് തിരുമേനിയുടെ കാര്യത്തിലും അർത്ഥവത്താണ്. ഹൃസ്വവും ഫലസമ്പന്നവുമായ ഒരു ജീവിതം ദീർഘവും ഫലശൂന്യവുമായ ജീവിതത്തേക്കാൾ പ്രകാശപൂർണമാണ്. പത്തൊൻപതാം നൂറ്റാണ്ടിൽ നസ്രാണികളുടെ നവോത്ഥാനത്തിന് അടിസ്ഥാനമിട്ട, വൈദികവിദ്യാഭ്യാസം കർശനമാക്കി അവർക്ക് ശക്തമായ നേതൃ ത്വനിരയെ സമ്മാനിച്ച, ഇദ്ദേഹത്തിന്റെ സംഭാവനകൾ യഥായോഗ്യം അംഗീകരിക്കപ്പെട്ടിട്ടില്ല. ബ്രിട്ടീഷ് സാമ്രാജ്യശക്തിയും മിഷനറിമാരുടെ പ്രൊട്ടസ്റ്റന്റ് നവീകരണശ്രമങ്ങളും ചുമത്തിയ സമ്മർദ്ദത്തിനിടയിലും സത്യവിശ്വാസം നിലനിർത്തുവാനും, തന്നെ ഏൽപ്പിച്ച അജഗണത്തിന്റെ സാമൂഹിക ഉന്നമനത്തിനായി യത്നിക്കുവാനും ഒപ്പം സംഘർഷങ്ങൾ ഒഴിവാക്കുവാനും സാധിച്ച, പ്രാർത്ഥനാമനുഷ്യൻ എന്ന് വിശേഷിപ്പിക്കപ്പെട്ട പുന്നത്ര ഗീവർഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ പ്രാർത്ഥന നമുക്ക് കാവലും കോട്ടയും ആയിരിക്കട്ടെ.

❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ജസ്റ്റിസ് കെ. ജോൺ മാത്യു അന്തരിച്ചു



കൊച്ചി: ഹൈക്കോടതി മുൻ ജഡ്ജിയും സുപ്രീം കോടതിയിലെ സീനിയർ അഭിഭാഷകനുമായിരുന്ന ജസ്റ്റിസ് കെ. ജോൺ മാത്യു (93) അന്തരിച്ചു.

മേപ്രാൽ കട്ടപ്പുറത്ത് സംസ്ഥാന ഡപ്യൂട്ടി ചീഫ് എൻജിനീയറായിരുന്ന കെ. എം. മാത്യുവിന്റെ പുത്രൻ. ബി. എൽ. പാസ്സായശേഷം 22-ാമത്തെ വയസ്സിൽ തിരുവല്ലയിൽ പ്രാക്ടീസ് ആരംഭിച്ചു. പിന്നീട് പ്രാക്ടീസ് ഹൈക്കോടതിയിലേക്ക് മാറ്റി. കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ നിയമവിഭാഗം ഗസ്റ്റ് ലക്ചറർ, ഗവ. പ്ലീഡർ എന്നീ നിലകളിൽ ശോഭിച്ചു. 1984-ൽ കേരള ഹൈക്കോടതി ജഡ്ജിയായി. 1994-ൽ റിട്ടയർ ചെയ്തശേഷം സുപ്രീംകോടതിയിൽ പ്രാക്ടീസ് ആരംഭിച്ചു. പല കമ്മീഷനുകളുടെയും തലവൻ. സ്വാശ്രയ കോളജ് നടത്തിപ്പിന്റെ ഫീസ് നിശ്ചയിക്കാൻ നിയമിതമായ കമ്മീഷന്റെ തലവൻ. സഭാ മാനേജിംഗ് കമ്മറ്റി, വർക്കിംഗ് കമ്മറ്റി എന്നിവയിൽ അംഗം ആയിരുന്നു. അസോസിയേഷൻ ട്രൈബ്യൂണലംഗമായും പ്രവർത്തിച്ച സഭാകാര്യ വിശാരദൻ.

പരുമല സെമിനാരിയിൽ 20-3-2002 ൽ ചേർന്ന ചരിത്രപ്രധാനമായ മലങ്കര അസോസിയേഷൻ യോഗത്തിന്റെ നടത്തിപ്പിൽ നിസ്തുല സേവനം ചെയ്തു. ഇതിലേക്കുള്ള നിരീക്ഷകനായി പ്രത്യേകം നിയോഗിച്ചിരുന്ന ജസ്റ്റിസ് വി. എസ്. മളീമഠ് (കേരള ഹൈക്കോടതിയിൽ ജസ്റ്റീസ് ജോൺ മാത്യുവിന്റെ സഹപ്രവർത്തകൻ) ആദ്യന്തം പങ്കെടുത്തിരുന്ന അസോസിയേഷന്റെ നടത്തിപ്പു സംബന്ധിച്ച നിരീക്ഷകന്റെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനുള്ള മുഴുവൻ ചുമതലയും സമർത്ഥമായി നിർവ്വഹിച്ചത് ജസ്റ്റീസ് ജോൺ മാത്യു ആയിരുന്നു.

1989-ൽ 209 പ്രവൃത്തി ദിവസങ്ങളിൽ 28,221 കേസുകൾ തീർപ്പാക്കി ലിംക ബുക്ക് ഓഫ് റെക്കോർഡ്സിൽ ഇടം നേടി. വിരമിച്ച ശേഷം സുപ്രീം കോടതി അദ്ദേഹത്തെ സീനിയർ അഭിഭാഷകനായി നിയമിക്കുകയും 2003 വരെ ഡൽഹിയിൽ പ്രാക്ടീസ് ചെയ്യുകയും ചെയ്തു. 2005-ൽ കേരളത്തിലെ തീരപ്രദേശങ്ങളിലെ ധാതുമണൽ ഖനനത്തിന്റെ പ്രത്യാഘാതങ്ങൾ പഠിക്കാൻ സംസ്ഥാന സർക്കാർ രൂപീകരിച്ച കമ്മിഷന്റെ തലവനായും പ്രവർത്തിച്ചു. 2009 മുതൽ 2014 വരെ സംസ്ഥാന സർക്കാർ രൂപീകരിച്ച ജുവനൈൽ ജസ്റ്റിസ് നിയമപ്രകാരമുള്ള സെലക്ഷൻ കമ്മിറ്റിയുടെ ചെയർപഴ്സനായും പ്രവർത്തിച്ചു.

2002 മുതൽ 2007 വരെ സെബി നോമിനി ഡയറക്ടറായും കൊച്ചി സ്റ്റോക്ക് എക്സ്ചേഞ്ചിന്റെ ചെയർമാനായും പ്രവർത്തിച്ചു. 2008 മുതൽ 2017 വരെ മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡിന്റെ സ്വതന്ത്ര ഡയറക്ടറായും പ്രവർത്തിച്ചു. 2001 മുതൽ 2024 വരെ പീപ്പിൾസ് കൗൺസിൽ ഫോർ സോഷ്യൽ ജസ്റ്റിസിന്റെ (പിസിഎസ്ജെ) പ്രസിഡന്റായും സേവനമനുഷ്ഠിച്ചു. മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ചിന്റെ വർക്കിങ് കമ്മിറ്റി അംഗം, പരുമല സെന്റ് ഗ്രിഗോറിയോസ് മെഡിക്കൽ മിഷൻ ആശുപത്രിയുടെയും തലക്കോട് സെന്റ് മേരീസ് ബോയ്സ് ഹോമിന്റെയും ബോർഡ് അംഗം എന്നീ നിലകളിലും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. കാർഡിയോളജിക്കൽ സൊസൈറ്റി ഓഫ് ഇന്ത്യ, ലിസി ഹോസ്പിറ്റൽ, ലൂർദ് ഹോസ്പിറ്റൽ എന്നിവയുടെ എത്തിക്സ് കമ്മിറ്റികളുടെ തലവനായും അദ്ദേഹം പ്രവർത്തിച്ചു.

ഭാര്യ: കേരള ധനകാര്യ സെക്രട്ടറിയായിരുന്ന കുന്നംകുളം ടി. കെ. ചാക്കുണ്ണിയുടെ പുത്രി പരേതയായ ഗ്രേസി. മക്കൾ: സൂസൻ അജിത് (സുമ), മേരി ജോയ് (സുജ), ആനി തോമസ് (മിനി). മരുമക്കൾ: അജിത് മാത്യു പുളിപ്പടവിൽ (റിട്ട. എച്ച്എൻഎൽ), എൻ.ജെ.ജോയ് നടുപറമ്പിൽ (ചാർട്ടേഡ് അക്കൗണ്ടന്റ്), തോമസ് ഐസക് മാടത്തിമ്യാലിൽ (ബിസിനസ്).

എളംകുളം സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ സെമിത്തേരിയിൽ സംസ്കാരം നടത്തി.

മലങ്കരസഭയ്ക്ക് നഷ്ടമാകുന്നത് പ്രിയ പുത്രനെ

ഇന്ത്യൻ നീതിന്യായ ചരിത്രത്തിൽ തന്റെ പേര് അടയാളപ്പെടുത്തിയ പ്രതിഭാശാലിയായിരുന്നു റിട്ട. ജസ്റ്റിസ് കെ ജോൺ മാത്യു. 209 പ്രവൃത്തിദിനങ്ങൾക്കുള്ളിൽ 28221 കേസുകൾ തീർപ്പാക്കി അദ്ദേഹം ലിംക ബുക്ക് ഓഫ് റെക്കോർഡ്സിൽ ഇടം പിടിച്ചു. നീതിക്കു വേണ്ടി വിശന്നു ദാഹിച്ചവർക്ക് നീതിയുടെ വെളിച്ചം പകർന്ന നിയമജ്ഞൻ എന്ന് ശ്രീ. കെ ജോൺ മാത്യുവിനെ വിശേഷിപ്പിക്കാം. മലങ്കരസഭയുടെ വർക്കിംഗ് കമ്മിറ്റി അംഗമെന്ന നിലയിലും സ്തുത്യർഹമായ സേവനമാണ് അദ്ദേഹത്തിൽ നിന്ന് പരിശുദ്ധ സഭയ്ക്ക് ലഭിച്ചത്. എറണാകുളത്ത് അടുത്തിടെ സഭ സംഘടിപ്പിച്ച ജൂറിസ്റ്റ്കോൺ ലീഗൽ കോൺഫറൻസിന്റെ ഭാഗമായി ജസ്റ്റിസ് ജോൺ മാത്യുവിനെ ഭവനത്തിൽ സന്ദർശിക്കുവാനും ആശയവിനിമയം നടത്തുവാനും കഴിഞ്ഞിരുന്നു. നിയമവിദഗ്ദരുടെ ആ സമ്മേളനത്തിൽ പങ്കെടുക്കുവാൻ അദ്ദേഹം അതിയായി ആഗ്രഹിച്ചിരുന്നു. ആരോഗ്യപരമായ പ്രയാസങ്ങൾക്കിടയിലും മനസിൽ ചെറുപ്പം സൂക്ഷിക്കുന്നതിനാലാകാം ഉത്സാഹത്തോടെയാണ് അദ്ദേഹം ഓരോ വിവരങ്ങളും ചോദിച്ചറിഞ്ഞത്. ജസ്റ്റിസ് കെ ജോൺ മാത്യുവിന്റെ വേർപാടിലൂടെ മലങ്കരസഭയ്ക്ക് നഷ്ടമാകുന്നത് പ്രിയ പുത്രനെയാണ്. അദ്ദേഹത്തിന്റെ വേർപാടിൽ ദുഖാർത്ഥരായിരിക്കുന്ന കുടുംബാംഗങ്ങളെ സർവശക്തൻ ആശ്വസിപ്പിക്കട്ടെ. അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു. ആദരാഞ്ജലികൾ.

- പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ

പ്രതിഭാശാലിത്വമുള്ള വ്യക്തിത്വം

തന്റെ അസാധാരണമായ സേവനങ്ങളിലൂടെ ഇന്ത്യൻ നീതിന്യായ ചരിത്രത്തിൽ സ്മരണീയനായി മാറിയ പ്രതിഭാശാലിത്വമുള്ള വ്യക്തിത്വമായിരുന്നു റിട്ട. ജസ്റ്റിസ് കെ. ജോൺ മാത്യു.

അശ്രാന്ത പരിശ്രമവും നീതിയോടുള്ള അനന്തമായ പ്രതിബദ്ധതയും അദ്ദേഹത്തെ നയിച്ചു. നീതിക്കായി കാത്തിരുന്നവർക്ക് നീതിയുടെ പ്രകാശം പകർന്ന, കരുണയും കൃത്യതയും നിറഞ്ഞ ഒരു നിയമജ്ഞനായിരുന്നു അദ്ദേഹം.

മലങ്കരസഭയുടെ വർക്കിംഗ് കമ്മിറ്റി അംഗമായി സഭയ്ക്കായി നൽകിയ അദ്ദേഹത്തിന്റെ സേവനം അമൂല്യമാണ്. ഉത്തമ സഭാ സ്നേഹിതനും ദൈവഭക്തനുമായ സാറിന് സ്നേഹപൂർവ്വം വിട.

- ഫാ. ഡോ. തോമസ് വർഗീസ് അമയിൽ
(വൈദിക ട്രസ്റ്റി)

നീതിന്യായ രംഗത്തെ സൗമ്യ മുഖം

കോട്ടയം: സൗമ്യത, വിനയം, സഹിഷ്ണത, നീതിബോധം എന്നിവയുടെ പര്യായം, എല്ലാത്തിലും ഉപരി ദൈവത്തിൽ ആശ്രയിച്ച് ജീവിച്ച പുണ്യ പുരുഷൻ, അതാണ് ജസ്റ്റിസ് കെ. ജോൺ മാത്യു. പ. സഭയുടെ വർക്കിംഗ് കമ്മറ്റി, മാനേജിംഗ് കമ്മറ്റി അംഗമായും, പരുമല സെന്റ് ഗ്രീഗോറിയോസ് ആശുപത്രി ഗവേണിംഗ് ബോർഡ് അംഗമായും, തലക്കോട് ബോയിസ് ഹോമിന്റെ ഭരണ സമിതി അംഗമായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. സഭയുടെ വർക്കിംഗ് കമ്മിറ്റി അംഗമെന്ന നിലയിൽ അദ്ദേഹം ചെയ്ത സേവനങ്ങൾ നിസ്തുലമാണ്. സഭയെ ജീവനുതുല്യം സ്നേഹിച്ചിരുന്ന ഒരു പ്രതിഭാശാലിയെയാണ് നഷ്ടമായിരിക്കുന്നത്.

തന്റെ ഔദ്യോഗിക ജീവിതത്തിൽ യുവ അഭിഭാഷകരോട് പ്രത്യേകമായ വാത്സല്യവും പരിഗണനയും നൽകിയിരുന്നു. അദ്ദേഹത്തിന്റെ വിധിന്യായങ്ങളിൽ നീതിയും ന്യായവും എന്നും തിളങ്ങിയിരുന്നു. 2002-ൽ പരുമലയിൽ ജ. മളീമഠ് നിരീക്ഷകനായി നടത്തിയ അസോസിയേഷന്റെ പ്രധാന സംഘാടകരിൽ ഒരാളായിരുന്നു ജസ്റ്റിസ് ജോൺ മാത്യു. തന്റെ എല്ലാ വിജയങ്ങൾക്കും ദൈവകൃപ മാത്രമാണ് കാരണമെന്ന് ഉറച്ചു വിശ്വസിച്ച അദ്ദേഹം തനിക്ക് സത്യമെന്ന് തോന്നുന്ന നിലപാടുകളിൽ ഉറച്ചു നിൽക്കുകയും, തന്റെ മന സാക്ഷിക്കനുസരിച്ച് സഭയുടെ സമിതികളെയും, പിതാക്കന്മാരെയും അതു

ബോധ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സഭയുടെയും സഭാമക്കളുടെയും നന്മ മാത്രം കാണുവാൻ ആഗ്രഹിച്ചിരുന്ന ആ മനസ്സ്, ഇന്നത്തെ തലമുറയ്ക്ക് ഒരു മാതൃകയും വഴികാട്ടിയുമാണ്. "ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ അവർ ദൈവത്തെ കാണും.' ഹൃദയശുദ്ധിയുടെ പര്യായമായ ജസ്റ്റിസ് ജോൺ മാത്യു സാറിനെ ഇമ്പങ്ങളുടെ പറുദീസായിൽ ദൈവം ആശ്വസിപ്പിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും ആ പുണ്യാത്മാവിന്റെ ഓർമ്മകൾക്കു മുമ്പിൽ ശിരസുനമിക്കുകയും ചെയ്യുന്നു.

– അഡ്വ. ബിജു ഉമ്മൻ
(അസോസിയേഷൻ സെക്രട്ടറി)

അന്തരിച്ച ജസ്റ്റിസ് കെ. ജോൺ മാത്യുവിന്റെ ഭൗതിക ശരീരത്തിൽ പരിശുദ്ധ കാതോലിക്കാ ബാവായ്ക്ക് വേണ്ടി യൂഹാനോൻ മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്താ പുഷ്പചക്രം സമർപ്പിച്ച് പ്രാർത്ഥന നടത്തി.

മലങ്കരസഭയുടെ എറണാകുളം പബ്ലിക്ക് റിലേഷൻസ് സെന്ററിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ജൂറിസ്റ്റ്കോൺ ലീഗൽ കോൺഫറൻസിന്റെ ഭാഗമായി പരിശുദ്ധ കാതോലിക്കാ ബാവാ ജസ്റ്റിസ് ജോൺ മാത്യു സാറിനെ ഭവനത്തിൽ സന്ദർശിക്കുന്നു. ശാരീരിക ബുദ്ധിമുട്ടുകൾക്കിടയിലും ദീർഘ നേരം അദ്ദേഹം പരിശുദ്ധ പിതാവുമായി ആശയ വിനിമയം നടത്തി. നിയമ മേഖലയിൽ ഉൾപ്പെട്ട സഭാമക്കൾക്കായി സെമിനാർ സംഘടിപ്പിച്ചതിലുള്ള സന്തോഷം പരിശുദ്ധ ബാവാ തിരുമേനിയെ നേരിട്ട് അറിയിച്ചു. ചടങ്ങിൽ പങ്കെടുക്കാൻ അദ്ദേഹം അതിയായി ആഗ്രഹിച്ചിരുന്നു. എന്നാൽ ആരോഗ്യ പരമായ കാരണങ്ങളാൽ സാധ്യമായില്ല.

അന്തരിച്ച ജസ്റ്റിസ് കെ ജോൺ മാത്യുവിന്റെ ഭൗതിക ശരീരത്തിൽ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയ്ക്കു വേണ്ടി അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ പുഷ്പചക്രം സമർപ്പിച്ച് സഭയുടെ അനുശോചനം രേഖപ്പെടുത്തി.

അഖില മലങ്കര പ്രസംഗ മത്സരം

പ. ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ (കുറിച്ചി ബാവാ)യുടെ 62-ാം ഓർമ്മപെരുനാളിനോടനുബന്ധിച്ച് പ. പിതാവിന്റെ അനുസ്മരണാർത്ഥം നടത്തപ്പെടുന്ന അഖില മലങ്കര സൺഡേസ്ക്കൂൾ പ്രസംഗ മത്സരം 2025 ഡിസംബർ 21-ാം തീയതി ഞായറാഴ്ച (21-12-2025) 11.30 a.m.-ന് കുറിച്ചി വലിയ പള്ളിയിൽ വച്ച് നടത്തപ്പെടുന്നു..

വിഷയം: കാതോലിക്കേറ്റ് സിംഹാസനത്തിന്റെ വളർച്ചയും പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവായും

നിബന്ധനകൾ: 1) സൺഡേസ്ക്കൂളിൽ 12-ാം ക്ലാസ്സ് വരെ പഠിക്കുന്ന വിദ്യാർത്ഥികൾ (VII-XII) 2) 20-12-2025-ന് മുൻപായി പേര് രജിസ്റ്റർ ചെയ്യണം; 3) പ്രസംഗ സമയം 5 മിനിറ്റ് 4) ഒന്നും രണ്ടും മൂന്നും നാലും അഞ്ചും സ്ഥാനങ്ങൾ നേടുന്ന വിദ്യാർത്ഥികൾക്ക് 5000, 3000, 2000, 1000, 500 രൂപാ വീതം സമ്മാനം നൽകും. 5. സമ്മാനങ്ങൾ 2026 ജനുവരി 2-ന് കുറിച്ചി വലിയ പള്ളിയിൽ പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ ഓർമ്മപ്പെരുന്നാളിനു നൽകും.

For Registration-
Fr. Philipos Philipos, St. Peters & St. Paul's
Orthodox Church, Neelamperoor P.O., Kurichy-686534
Ph: 9497888047 (Vicar)
9947124980, 97448 37674, 9539531665

◆ ഈശ്വര പ്രാർത്ഥന ഈ ലോകത്തെ പല വിധത്തിലും ദൈവത്തിന്റെ പാദാരാവിന്ദങ്ങളോടു ചേർക്കുന്ന പൊന്നിൻ ചങ്ങലയത്രെ.

◆ ഹൃദയം നിറഞ്ഞ ഭക്തിയോടെ ചെയ്യുന്ന പ്രാർത്ഥന ദൈവം കൈക്കൊൾകയും ഒരു അനുഗ്രഹരൂപമായി അതു നമുക്കു തിരികെ ലഭിക്കുകയും ചെയ്യും.

◆ നാം ചെയ്യുന്നതു ദൈവത്തെക്കുറിച്ചു എന്നിരുന്നാൽ മതി. അപ്പോൾ നമുക്കു തന്നിൽനിന്നു പ്രതിപകരം കിട്ടും.

– പ. പരുമല തിരുമേനി

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ഡോ. ടി. എ. ജോർജ് അന്തരിച്ചു

പത്തനംതിട്ട: കാതോലിക്കേറ്റ് കോളജ് പ്രിൻസിപ്പലും (1982-1992) മലങ്കര ഓർത്തഡോക്സ് സഭ മാനേജിങ് കമ്മിറ്റി അംഗവുമായിരുന്ന തെള്ളീരേത്ത് ഡോ. ടി. എ. ജോർജ് (89) അന്തരിച്ചു. മലങ്കര ഓർത്ത ഡോക്സ് സഭ വർക്കിങ് കമ്മിറ്റി യംഗം, പരുമല മലങ്കര അസോസിയേഷൻ മുഖ്യ വരണാധികാരി, ഓർത്ത ഡോക്സ് സഭ എപ്പിസ്കോപ്പൽ തിരഞ്ഞെടുപ്പ് കമ്മിറ്റിയംഗം, ഓൾ ഇന്ത്യ ക്രിസ്ത്യൻ ഹയർ എജ്യുക്കേഷൻ എക്സിക്യൂട്ടീവ് കമ്മിറ്റിയംഗം, പ്രൈവറ്റ് കോളജ് ടീച്ചേഴ്സ് അസോസിയേഷൻ സ്ഥാപകാംഗം, ട്രഷറർ, പ്രൈവറ്റ് കോളജ് പ്രിൻസിപ്പൽസ് അസോസിയേഷൻ പ്രസിഡന്റ്, സെക്രട്ടറി, പ്രകാശ ധാര ഭിന്നശേഷി സ്കൂൾ സ്ഥാപകാംഗം. മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് ക്രൈസ്തവ വിദ്യാർഥി പ്രസ്ഥാനം ജനറൽ സെക്രട്ടറി, സെന്റ് മേരീസ് ഹൈസ്കൂൾ മാനേജർ എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്നു. സംസ്കാരം പിന്നീട്.

ഭാര്യ: ആറാട്ടുപുഴ ചെറുതാല താഴത്തേടത്ത് സാറാമ്മ ജോർജ്. മക്കൾ: ഏബ്രഹാം ജോർജ് (യു .എസ്), ആഷു എലിസബത്ത് ജോർജ് (എറണാകുളം), അജി ത്ത് മാത്യു ജോർജ് (ബെംഗളൂരു). മരുമക്കൾ: മേരി ഏബ്രഹാം (യുഎസ്). ജോർജ് തോമസ് (എറണാകുളം), അഞ്ജലി മേരി (ബെംഗളൂരു).

With profound grief, We join the faithful of our Church and the people of Pathanamthitta in mourning the passing of Dr. T. A. George, Former Principal of Catholicate College, Pathanamthitta, a stalwart of our Church and society, who entered his heavenly mansion at the age of 89.

Dr. George was truly a gift of God, especially to Pathanamthitta and the Malankara Orthodox Church. His life reflected unwavering dedication to faith, scholarship, and service. He served on the Malankara Orthodox Church Managing Committee for many years, founded the Prakashadara School for the Mentally Challenged (a name he himself suggested), and the Mar Philoxenos Private ITI, Mylapra. He initiated the Mar Philoxenos Memorial Building at Pathanamthitta and was Chief Coordinator of the historic Malankara Association of 1989.

A man of zeal and gentleness, he stood close to our former Metropolitans of the Thumpamon Diocese, especially H.G. Daniel Mar Philoxenos and H.G. Philipose Mar Eusebius. He was remembered as a committed Principal, raconteur, author, opinion leader, and orator, whose speeches and writings in Malayalam and English remain treasures of wisdom.

Beyond the Church, Dr. George was instrumental, along with Late K. K. Nair MLA, in the formation of Pathanamthitta District. His active involvement in YMCA, Lions Club, and other associations reflected his altruistic spirit, rooted in Christian love and service, free of selfish motives.

He accepted success and defeat alike as God's will, remaining unaffected by bouquets and brickbats. His powerful voice inspired generations of students, and his personal touch in guiding them left indelible impressions. I personally recall, after completing my college education at Catholicate College, requesting a conduct certificate from him to submit to the Orthodox Theological Seminary, Kottayam. Instead of a formal certificate, he gave me a detailed, heartfelt letter on an A4 sheet, expressing his vision about me. Today, I recollect that letter with tears, seeing his signature as a testimony of his fatherly care.

We implore God's mercy to grant him rest in the bosom of Abraham, Isaac, and Jacob, in the light and love of the Most Holy Trinity. We extend heartfelt condolences to his family and pray for a hallowed funeral.

May the Lord, who is the Resurrection and the Life, grant eternal memory to His faithful servant, Dr. T. A. George. May his memory be eternal!

- Abraham Mar Seraphim

അതുല്യ മാതൃക സൃഷ്ടിച്ച കുട്ടപ്പൻ സാർ (ഡോ. ടി. എ. ജോർജ്)

അഡ്വ. ബിജു ഉമ്മൻ
(മലങ്കര അസോസിയേഷൻ സെക്രട്ടറി)

അന്തരിച്ച ഡോ.ടി.എ ജോർജ് (കുട്ടപ്പൻ സാർ) അതുല്യ മാതൃക സൃഷ്ടിച്ച സഭാസ്നേഹിയും അനുകരണീയ നേതൃഗുണങ്ങൾക്ക് ഉടമയും മികച്ച ഗവേ ഷകനും പ്രതിഭാ ധനനായ അധ്യാപകനും, ദീർഘദർശിയായ ഭരണകർത്താവു മായിരുന്നു. അദ്ദേഹം സഭയ്ക്കും സമൂഹത്തിനും കാലങ്ങളായി നൽകിവന്നി രുന്ന ക്രിയാത്മക നേതൃത്വം പ്രശംസനീയമാണ്. ദൈവം നിശ്ചയിച്ച ആയുസ് പൂർത്തിയാക്കിയ അദ്ദേഹം, ഒരു അൽമായൻ എന്ന നിലയിൽ തനിക്ക് സഭക്ക് വേണ്ടി എന്ത് ചെയ്യാൻ കഴിയും എന്ന് എപ്പോഴും ഉത്സാഹത്തോടെ അന്വേഷിച്ചി രുന്നു. തന്റെ ആരോഗ്യവും സമ്പത്തും ബന്ധങ്ങളും അറിവും പ്രാപ്തിയും ജീവിതാവസാനം വരെ സഭക്കുവേണ്ടി വ്യയം ചെയ്ത അദ്ദേഹം, അധികാര ങ്ങളോ സ്ഥാനമാനങ്ങളോ സഭാസേവനം നിർവഹിക്കാൻ ആവശ്യമില്ലെന്ന് ജീവിതംകൊണ്ട് തെളിയിച്ചു. സഭാപിതാക്കന്മാരുമായി ഊഷ്മളമായ ആത്മ ബന്ധം സൂക്ഷിച്ചിരുന്ന അദ്ദേഹം അവർക്ക് കരുത്തും ഊർജ്ജവുമായി നില കൊണ്ടു എന്നത് യഥാർത്ഥ്യമാണ്. പ്രശംസനീയമായി പൂർത്തീകരിച്ച പല പദ്ധതികളുടെയും തിരശീലക്ക് പിന്നിൽ അദ്ദേഹം ശാന്തമായി ഉറച്ചുനിന്നു എന്നത് പ്രത്യേകം സ്മരിക്കപ്പെടേണ്ടതാണ്. സഭാ മാനേജിങ് കമ്മിറ്റിയിൽ ദീർഘകാലം പ്രവർത്തിച്ച അദ്ദേഹത്തിന്റെ വാക്കുകളും അഭിപ്രായങ്ങളും എല്ലാ അംഗങ്ങളും ആദരവോടെ കണ്ടിരുന്നു. പരുമലയിൽ നടന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ മുഖ്യ വരണാധികാരി, മലങ്കര ഓർത്തഡോക സ് സഭ എപ്പിസ്കോപ്പൽ തിരഞ്ഞെടുപ്പ് കമ്മറ്റിയംഗം എന്നിങ്ങനെ സുപ്രധാന ചുമതലകൾ പരിശുദ്ധ സഭക്കുവേണ്ടി അദ്ദേഹം സ്തുത്യർഹമായി നിർവഹിച്ചു. ഭവന നിർമ്മാണ സമിതി ചുമതലക്കാരൻ എന്ന നിലയിൽ അദ്ദേഹത്തിന്റെ നേതൃത്വം കൂടുതൽ ദിശാബോധത്തോടെ ആ സംരഭത്തെ അർത്ഥപൂർണമാക്കി. ഭാഗ്യ സ്മരണാർഹനായ ഒസ്താത്തിയോസ് തിരുമേനിയോടൊപ്പം മാതൃകാ പരമായ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക്കും തുടക്കംകുറിച്ചത് അദ്ദേഹ ത്തിന്റെ ശ്രദ്ധേയമായ സംഭാവനകളിൽ ഒന്നാണ്.

സഭയിൽ മാത്രമല്ല സമൂഹത്തിൽ ഉടനീളം അദ്ദേഹം ശ്രേഷ്ഠമായ നേതൃത്വം നൽകി. രാഷ്ട്രീയ സാമൂഹിക രംഗങ്ങളിൽ അദ്ദേഹത്തിന്റെ നേതൃ ഗുണത്തെ മാതൃകയായി സ്വീകരിക്കാവുന്നതാണ്. അക്ഷരാർത്ഥത്തിൽ സർവ്വാ ദരവ് ഏറ്റുവാങ്ങിയ വ്യക്തിത്വത്തിനുടമയിരുന്നു അദ്ദേഹം. വ്യക്തി താൽപര്യങ്ങ ൾക്കതീതമായി പൊതു നന്മയെ ലക്ഷ്യംവച്ചു എന്നതാണ് അദ്ദേഹത്തിന്റെ സാമൂ ഹിക രാഷ്ട്രീയ രംഗങ്ങളിലുള്ള അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ വ്യത്യസ്ത മാക്കിയത്.

മികച്ച അധ്യാപകനും ഗവേഷകനുമായി അദ്ദേഹം വിജ്ഞാന ലോകത്തിനും ഉന്നത വിദ്യാഭ്യാസ രംഗത്തിലും അനുപമ സംഭാവനകൾ നൽകി. പാഠങ്ങൾ മാത്രമല്ല തന്റെ വിദ്യാർത്ഥികളുടെ മനസുകൾ കൂടി ഉൾക്കൊണ്ടതുകൊണ്ടാണ് ഒരു കാലഘട്ടത്തിലെ വിദ്യാർഥികളുടെ ഹൃദയത്തിൽ അദ്ദേഹം ചിരപ്രതിഷ്ഠ നേടിയത്. ഓൾ ഇന്ത്യ ക്രിസ്ത്യൻ ഹയർ എഡ്യൂക്കേഷൻ എക്സിക്യൂട്ടീവ് കമ്മിറ്റിയംഗം, പ്രൈവറ്റ് കോളജ് ടീച്ചേഴ്സ് അസോസിയേഷൻ സ്ഥാപകാംഗവും ട്രഷററും, പ്രൈവറ്റ് കോളജ് പ്രിൻസിപ്പൽസ് അസോസിയേഷൻ പ്രസിഡന്റ്, പ്രകാശധാര ഭിന്നശേഷി സ്കൂൾ സ്ഥാപകാംഗം തുടങ്ങിയ നിലകളിൽ കാല ഘട്ടത്തിന്റെ സ്പന്ദനങ്ങൾ തിരിച്ചറിഞ്ഞ് അദ്ദേഹം സമൂഹത്തിൽ പ്രകാശം പരത്തി. പത്തനംതിട്ട കാതോലിക്കേറ്റ് കോളേജിന്റെ പൂർവ വിദ്യാർത്ഥിയും അധ്യാപകനും പ്രിൻസിപ്പലുമായി പ്രവർത്തിച്ച കുട്ടപ്പൻസാറിനെ കൂടാതെ ആ കലാലയത്തിന്റെ ചരിത്രം പൂർണമാകില്ല. ഒരു പതിറ്റാണ്ടോളം കാതോലിക്കേറ്റ് കോളേജിന്റെ പ്രിൻസിപ്പൽ എന്ന നിലയിൽ അദ്ദേഹം ദീർഘവീക്ഷണത്തോടെ ആ കലാലയത്തെ മികവിന്റെ കേന്ദ്രമായി വളർത്തി.

വിവിധ രംഗങ്ങളിൽ അതുല്യ മാതൃക അവശേഷിപ്പിച്ച ആ പ്രതിഭാധനൻ, അനന്യസാധാരണമായ വ്യക്തിത്വത്തിനുടമയും സഭാ സേവനത്തിൽ മികച്ച മാതൃകയുമായിരുന്നു. അദ്ദേഹത്തിന്റെ ദീപ്തമായ സ്മരണകൾക്ക് മുൻപിൽ പ്രണാമം അർപ്പിക്കുകയും കുടുംബത്തിന്റെ ദുഖത്തിൽ പങ്കുചേരുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

വേദപുസ്തകത്തിലെ സ്ത്രീ കഥാപാത്രങ്ങൾ

ബിൽഹ

സിസ്റ്റർ മേരി OSM
(ബേത്‌ലഹേം ദയറ കിഴക്കമ്പലം)

ഉല്പത്തി പുസ്തകത്തിൽ, പ്രധാനമായും 29 മുതൽ 35 വരെയുള്ള അധ്യായങ്ങളിലാണ് ബിൽഹയേക്കുറിച്ചുള്ള പരാമർശം കാണപ്പെടുന്നത്. റാഹേൽ യാക്കോബിനെ വിവാഹം കഴിച്ചപ്പോൾ റാഹേലിന്റെ പിതാവായ ലാബാൻ അവൾക്ക് നൽകിയ ദാസിയായിരുന്നു ബിൽഹ. പിന്നീട്, റാഹേൽ ബിൽഹയെ യാക്കോബിന് ഒരു വെപ്പാട്ടിയായി നൽകി. അങ്ങനെ റാഹേലിനു വേണ്ടി കുട്ടികളെ പ്രസവിക്കാൻ ബിൽഹക്ക് കഴിഞ്ഞു.

ബിൽഹ ഒരു ദുഷ്കരമായ സാഹചര്യത്തിലാണ് ജീവിച്ചത്, എന്നിരുന്നാലും ഇസ്രായേലിന്റെ ചരിത്രത്തിൽ അവളുടെ പങ്ക് വളരെ പ്രധാനമായിരുന്നു. ബിൽഹയുടെ പുത്രന്മാരായ ദാൻ, നഫ്താലി എന്നിവരിലൂടെയാണ് ഇസ്രായേലിലെ പന്ത്രണ്ട് ഗോത്രങ്ങളിൽ രണ്ടെണ്ണം രൂപപ്പെട്ടത്.

പ്രശസ്തരായ, ശക്തരായ, വലിയ കാര്യങ്ങൾ ചെയ്യുന്ന ആളുകളെ മാത്രമല്ല ദൈവം വിലമതിക്കുന്നത്, ശാന്തമായ ജീവിതം നയിക്കുന്നവരെയും, പിന്നണിയിൽ പ്രവർത്തിക്കുന്നവരെയും അവൻ സ്നേഹിക്കുകയും കരുതുകയും ചെയ്യുന്നു. ദാസന്മാരോ സഹായികളോ പോലുള്ള ചില ആളുകൾ അറിയപ്പെടുന്നവരായിരിക്കില്ല, പക്ഷേ അവരുടെ വിശ്വാസവും പ്രവൃത്തികളും പ്രധാനമാണെന്ന് തിരുവചനം നമ്മെ പഠിപ്പിക്കുന്നു.

നമ്മുടെ ജോലിയോ പങ്കാളിത്തമോ ചെറുതായി തോന്നിയാലും, ദൈവം നമ്മൾ ചെയ്യുന്ന കാര്യങ്ങൾ കാണുകയും നമ്മുടെ പരിശ്രമത്തെയും വിശ്വസ്തതയെയും വിലമതിക്കുകയും ചെയ്യുന്നുവെന്ന് ഇത് നമ്മെ ഓർമ്മിപ്പിക്കുന്നു. മറ്റുള്ളവർ അത് ശ്രദ്ധിച്ചില്ലെങ്കിൽ പോലും, ദൈവത്തിന്റെ പദ്ധതിയിൽ ഓരോ വ്യക്തിക്കും ഒരു ലക്ഷ്യമുണ്ട്.

1. ബിൽഹയുടെ പശ്ചാത്തലവും സ്ഥാനവും

ഉല്പത്തി 29:29-ൽ ബിൽഹയെക്കുറിച്ച് പരാമർശിക്കുന്നു. അവിടെ ലാബാൻ തന്റെ മകളായ റാഹേലിന് ബിൽഹ എന്ന വേലക്കാരിയെ നൽകിയതായി പറയുന്നു. പുരാതന കാലത്ത്, സമ്പന്ന കുടുംബങ്ങളിൽ വീട്ടുജോലികളിൽ സഹായിക്കുകയും അവരുടെ യജമാനത്തിയെ പരിപാലിക്കുകയും ചെയ്യുന്ന വേലക്കാരോ വേലക്കാരികളോ ഉണ്ടായിരുന്നത് സാധാരണമായിരുന്നു.

തനിക്ക് കുട്ടികളുണ്ടാകില്ലെന്ന് റാഹേൽ മനസ്സിലാക്കിയപ്പോൾ അവൾക്ക് അഗാധമായ ദുഃഖം തോന്നി. അക്കാലത്ത്, കുട്ടികളില്ലാത്തത് ഒരു സ്ത്രീക്ക് വലിയ നാണക്കേടായി കണക്കാക്കപ്പെട്ടിരുന്നു. തന്റെ വേദന സഹിക്കവയ്യാതെ റാഹേൽ ബിൽഹയെ യാക്കോബിന് കൊടുത്തു,"എന്റെ ദാസി ബിൽഹാ ഉണ്ടല്ലോ, അവളുടെ അടുക്കൽ ചെല്ലുക; അവൾ എന്റെ മടിയിൽ പ്രസവിക്കട്ടെ; അവളാൽ എനിക്കും മക്കൾ ഉണ്ടാകും എന്നു പറഞ്ഞു" (ഉല്പത്തി 30:3)

ഇത് കാണിക്കുന്നത് ബിൽഹാ തന്റെ യജമാനത്തിയോട് അനുസരണയുള്ളവളും ആദരവുള്ളവളുമായിരുന്നു എന്നാണ്. റാഹേലിനു വേണ്ടി കുട്ടികളെ പ്രസവിക്കുക എന്ന പ്രയാസകരമായ ദൗത്യം അവൾ ഏറ്റെടുത്തു, അവളുടെ കീഴ്വഴക്കവും വിശ്വസ്ത സേവനവും ഇതിന് തെളിവാണ്. അത് അവളുടെ ഇഷ്ടമല്ലായിരുന്നെങ്കിലും, അവൾ തന്റെ യജമാനത്തിയുടെ നിർദ്ദേശങ്ങൾ പരാതിയില്ലാതെ പാലിച്ചു.

ഒരു ദാസി എന്ന നിലയിൽ ബിൽഹായുടെ പശ്ചാത്തലം അവൾക്ക് വലിയ സ്വാതന്ത്ര്യമൊന്നും നൽകിയില്ല. ഒരു അടിമ പെൺകുട്ടി എന്ന നിലയിൽ, അവൾ തന്റെ യജമാനത്തിയായ റാഹേലിനെ സേവിക്കുകയും മറ്റുള്ളവരുടെ ആജ്ഞകൾ അനുസരിക്കുകയും ചെയ്യണമായിരുന്നു. അവളുടെ ഭാവിയിലോ ജീവിതത്തിന്റെ ദിശയിലോ അവൾക്ക് കാര്യമായ നിയന്ത്രണമൊന്നും ഉണ്ടായിരുന്നില്ല. അവളുടെ സ്ഥാനം താഴ്ന്നതും അപ്രധാനവുമായി തോന്നിയെങ്കിലും, ദൈവം അവളെ വളരെ വലിയ ഒരു പദ്ധതിയിൽ ഉൾപ്പെടുത്തി.

റാഹേലിന് കുട്ടികളുണ്ടാകാൻ കഴിയാത്തപ്പോൾ, ബിൽഹയ്ക് റാഹേലിനു വേണ്ടി കുട്ടികളെ പ്രസവിക്കാൻ കഴിയേണ്ടതിന് റാഹേൽ ബിൽഹയെ യാക്കോബിന് നൽകി. ബിൽഹയുടെ മക്കളായ ദാൻ, നഫ്താലി എന്നിവരിലൂടെ ദൈവം ഇസ്രായേൽ കുടുംബം കെട്ടിപ്പടുക്കുന്നത് തുടർന്നു. ദൈവത്തിന്റെ വാഗ്ദാനങ്ങൾ ഉയർന്ന സ്ഥാനമോ അധികാരമോ ഉള്ള ആളുകളിൽ മാത്രമായി പരിമിതപ്പെടുത്തിയിട്ടില്ലെന്ന് ഇത് കാണിക്കുന്നു. യാക്കോബിനെ നിരവധി ഗോത്രങ്ങളുടെയും ജനതകളുടെയും പിതാവാക്കാനുള്ള തന്റെ പദ്ധതിയുടെ ഭാഗമായി അവൻ ഒരു ദാസിയായ ബിൽഹയെ ഉപയോഗിച്ചു.

ഈ വിധത്തിൽ, ശ്രദ്ധിക്കപ്പെടാത്തവരോ ശക്തിയില്ലാത്തവരോ ആയി തോന്നുന്നവർക്ക് പോലും ദൈവത്തിന്റെ ഉദ്ദേശ്യത്തിൽ ഒരു പ്രധാന സ്ഥാനം ഉണ്ടായിരിക്കാൻ കഴിയുമെന്ന് ബിൽഹയുടെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നു. ദൈവം ഓരോ വ്യക്തിയെയും വിലമതിക്കുന്നുവെന്നും അവളുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു.

2. ബിൽഹായുടെ അനുസരണവും വിശ്വസ്തതയും

ബിൽഹായുടെ ഏറ്റവും ശക്തമായ ഗുണങ്ങളിലൊന്ന് അവളുടെ അനുസ

രണമായിരുന്നു. ബിൽഹയുടെ സ്ഥാനം വളരെ ബുദ്ധിമുട്ടുള്ളതായിരുന്നു. റാഹേലിന്റെ ദാസി എന്ന നിലയിൽ, വ്യക്തിപരമായ ത്യാഗം ഉൾപ്പെട്ടിരുന്നപ്പോൾ പോലും, റാഹേൽ ആവശ്യപ്പെടുന്നതെന്തും അവൾക്ക് ചെയ്യേണ്ടതായി വന്നു. റാഹേലിന്റെ സ്ഥാനത്ത് ബിൽഹയ്ക്ക് കുട്ടികളുണ്ടാകേണ്ടതിന് റാഹേൽ ബിൽഹയെ യാക്കോബിന് വെപ്പാട്ടിയായി നൽകിയപ്പോൾ, നിരസിക്കാനുള്ള സ്വാതന്ത്ര്യം ബിൽഹയ്ക്ക് ഉണ്ടായിരുന്നില്ല. ഈ സാഹചര്യം അവൾക്ക് വൈകാരികമായി വേദനാജനകമായിരുന്നിരിക്കണം – സ്വന്തം ഇഷ്ടപ്രകാരമല്ല, മറ്റാരുടെയെങ്കിലും കുട്ടികൾക്കായുള്ള ആഗ്രഹം നിറവേറ്റാൻ അവളെ ഉപയോഗിച്ചു.

ബന്ധങ്ങൾ സങ്കീർണ്ണവും അസൂയ നിറഞ്ഞതുമായ ഒരു വീട്ടിൽ പ്രത്യേകിച്ച് യാക്കോബിന്റെ രണ്ട് ഭാര്യമാരായ റാഹേലിനും ലേയയ്ക്കും ഇടയിൽ അവൾക്ക് ജീവിക്കേണ്ടിവന്നു. അവളുടെ ജീവിതം എളുപ്പമല്ലായിരുന്നെങ്കിലും അവളുടെ വികാരങ്ങൾ വ്രണപ്പെട്ടതും ആശയക്കുഴപ്പത്തിലായതും ആയിരുന്നിരിക്കാം. എന്നിട്ടും ബിൽഹ ക്ഷമയോടെ തന്റെ പങ്ക് നിർവഹിച്ചു. കഷ്ടപ്പാടുകളിൽ പോലും അവളുടെ അനുസരണം ധൈര്യവും മനോബലവും കാണിക്കുന്നു. ചിലപ്പോൾ വിശ്വസ്തത എന്നാൽ ശരിയായത് ചെയ്യുക, ദൈവത്തിന്റെ പദ്ധതിയിൽ അന്തസ്സോടെയും വിശ്വാസത്തോടെയും ബുദ്ധിമുട്ടുള്ള സാഹചര്യങ്ങളെ സഹിക്കുക എന്നിവയാണെന്ന് ഇത് നമ്മെ ഓർമ്മിപ്പിക്കുന്നു. സാഹചര്യം എളുപ്പമല്ലാതിരുന്നപ്പോഴും അവൾ റാഹേലിനെയും യാക്കോബിനെയും അനുസരിച്ചു. ഒരു ദാസിയും വെപ്പാട്ടിയും ആയിരിക്കുക എന്നത് വൈകാരികമായി വേദനാജനകവും ആശയക്കുഴപ്പമുണ്ടാക്കുന്നതും ആയിരുന്നിരിക്കണം. എന്നിരുന്നാലും, ബിൽഹാ തന്റെ ഉത്തരവാദിത്തങ്ങളിൽ വിശ്വസ്തത പുലർത്തി.

ബിൽഹാ ദാനെ പ്രസവിച്ചപ്പോൾ റാഹേൽ പറഞ്ഞു, "ദൈവം എനിക്കു ന്യായം നടത്തി, എന്റെ അപേക്ഷ കേട്ടു, എനിക്ക് ഒരു മകനെ തന്നു" (ഉല്പത്തി 30:6). പിന്നീട്, ബിൽഹാ നഫ്താലിയെ പ്രസവിച്ചപ്പോൾ റാഹേൽ പറഞ്ഞു,"ഞാൻ എന്റെ സഹോദരിയോട് വലിയൊരു പോർ പൊരുതു ജയിച്ചു മിരിക്കുന്നു" (ഉല്പത്തി 30:8).

ഈ വാക്യങ്ങളിലൂടെ, ബിൽഹായുടെ മക്കളെ റാഹേലിന്റെ അനുഗ്രഹങ്ങളായി കാണുന്നു. ബിൽഹാ അഭിമാനിക്കുകയോ സ്വയം ശ്രദ്ധ ആവശ്യപ്പെടുകയോ ചെയ്തില്ല. പകരം, അവൾ നിശബ്ദമായി തന്റെ പങ്ക് സ്വീകരിച്ചു, തന്റെ യജമാനത്തിക്ക് ബഹുമാനം ലഭിക്കാൻ അനുവദിച്ചു.

ബിൽഹയുടെ എളിമ വേറിട്ടുനിൽക്കുന്നത് അവൾ ഒരിക്കലും തന്നെത്തന്നെ പ്രാധാന്യമുള്ളവളാക്കാനോ ശ്രദ്ധ ആവശ്യപ്പെടാനോ ശ്രമിച്ചില്ല എന്നതാണ്. മത്സരവും വികാരങ്ങളും നിറഞ്ഞ ഒരു കുടുംബത്തിൽ ജീവിച്ചിട്ടും അവൾ തന്റെ പങ്ക് നിശബ്ദമായി സ്വീകരിച്ചു. ജീവിതം അന്യായമോ ആശയക്കുഴപ്പമുണ്ടാക്കുന്നതോ ആയിരുന്നപ്പോൾ പോലും അവൾ പരാതിപ്പെടുകയോ മത്സരിക്കുകയോ ചെയ്തില്ല. പകരം, അവൾ വിശ്വസ്തതയോടെ സേവിക്കുകയും തന്നോട് ആവശ്യപ്പെട്ടത് ചെയ്യുകയും ചെയ്തു.

റാഹേലിനോടും യാക്കോബിനോടുമുള്ള അവളുടെ വിശ്വസ്തത ആഴമായ ബഹുമാനത്തേയും മനസ്സൊരുക്കമുള്ള ഹൃദയത്തേയും പ്രകടമാക്കുന്നു. അവൾക്ക് ഉയർന്ന സ്ഥാനമോ സമ്പത്തോ അധികാരമോ ഇല്ലായിരുന്നെങ്കിലും, അവളുടെ അനുസരണം പിന്നീട് ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനതയുടെ ഭാഗമായിത്തീരുന്ന കുടുംബം കെട്ടിപ്പടുക്കാൻ അവളുടെ മക്കളായ ദാൻ, നഫ്താലി എന്നിവരിലൂടെ, ഇസ്രായേലിനു വേണ്ടിയുള്ള ദൈവത്തിന്റെ മഹത്തായ പദ്ധതിയുടെ ഭാഗമായി. ദൈവം പദവിയെക്കാൾ ഹൃദയത്തെ വിലമതിക്കുന്നുവെന്ന് ബിൽഹയുടെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നു. നമ്മൾ എത്ര ശക്തരോ പ്രശസ്തരോ ആണെന്നല്ല, മറിച്ച് നമ്മൾ മറ്റുള്ളവരെ എത്ര വിശ്വസ്തതയോടെ സേവിക്കുകയും എളിമയോടെ തുടരുകയും ചെയ്യുന്നു എന്നതാണ് ഏറ്റവും പ്രധാനം. ആരും ശ്രദ്ധിക്കാത്തപ്പോൾ പോലും, യഥാർത്ഥ മഹത്വം എളിമയിലും വിശ്വസ്തതയിലും സേവിക്കാനുള്ള സന്നദ്ധതയിലുമാണ് കാണപ്പെടുന്നതെന്ന് അവളുടെ ജീവിത മാതൃക നമ്മെ പഠിപ്പിക്കുന്നു.

3. പ്രയാസകരമായ സാഹചര്യങ്ങളിൽ ബിൽഹയുടെ ശക്തി

ബിൽഹയുടെ ജീവിതം സഹിഷ്ണുതയെക്കുറിച്ച് നമ്മെ പഠിപ്പിക്കുന്നു. ദാസന്മാർക്ക് സ്വന്തം അഭിപ്രായം രേഖപ്പെടുത്താൻ കഴിയാത്ത ഒരു ലോകത്തിലാണ് അവൾ ജീവിച്ചത്, പക്ഷേ അവൾ അപ്പോഴും വിശ്വസ്തതയോടെ തന്റെ പങ്ക് നിർവഹിച്ചു. വൈകാരിക വേദനയും അനിശ്ചിതത്വവും നേരിട്ടപ്പോഴും അവൾ സ്ഥിരത പുലർത്തി.

ബിൽഹയുടെ ജീവിതം സഹനത്തിന്റെ ശക്തമായ ഒരു ഉദാഹരണമാണ്. ജീവിതം ദുഷ്കരമാകുമ്പോഴും ഉറച്ചുനിൽക്കാനും വിശ്വസ്തത പുലർത്താനുമുള്ള അവളുടെ കഴിവ് ശ്രദ്ധേയമാണ്. ഒരു ദാസിയായ അവൾക്ക് അവളുടെ സാഹചര്യങ്ങളിൽ വളരെ കുറച്ച് അധികാരങ്ങളെ ഉണ്ടായിരുന്നുള്ളൂ. മറ്റുള്ളവരാണ് അവൾക്കുവേണ്ടി പ്രധാനപ്പെട്ട തീരുമാനങ്ങൾ എടുത്തിരുന്നത്. അവ അവൾക്ക് വേദനയുണ്ടാക്കിയപ്പോൾ പോലും അവൾക്ക് അവ സ്വീകരിക്കേണ്ടതായി വന്നു. ഉദാഹരണത്തിന്, റാഹേൽ അവളെ യാക്കോബിന് കുട്ടികളുണ്ടാകാൻ നൽകിയപ്പോൾ, ബിൽഹയ്ക്ക് തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരുന്നില്ല. ആ സാഹചര്യം വൈകാരികമായി ബുദ്ധിമുട്ടുള്ളതും ആശയക്കുഴപ്പം ഉണ്ടാക്കുന്നതുമായിരുന്നു.

റാഹേലും ലേയയും തമ്മിലുള്ള മത്സരം നിറഞ്ഞ ഒരു വീട്ടിലായിരുന്നിട്ടും, ബിൽഹ പ്രതിബദ്ധതയോടെയും ശാന്തതയോടെയും ജീവിതം തുടർന്നു. ജീവിതം അനിശ്ചിതത്വത്തിൽആയിരുന്നപ്പോഴും മുന്നോട്ട് പോകാനുള്ള അവളുടെ കഴിവ് യഥാർത്ഥ ആന്തരിക ശക്തിയെ കാണിക്കുന്നു. സഹനശക്തി എന്നാൽ സ്ഥിരത പുലർത്തുക, ശരിയായത് ചെയ്യുക, വേദനാജനകമായ അനുഭവങ്ങൾ പോലും ഒരു വലിയ ഉദ്ദേശ്യത്തിനായി ഉപയോഗിക്കാൻ ദൈവത്തിന് കഴിയുമെന്ന് വിശ്വസിക്കുക എന്നിവയാണ്. വിശ്വാസത്തിനും സഹിഷ്ണുതയ്ക്കും ഏറ്റവും പ്രയാസകരമായ സാഹചര്യങ്ങളിൽ പോലും പ്രകാശിക്കാൻ കഴിയുമെന്ന് അവളുടെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നു.

ഉല്പത്തി 35:22-ലെ സംഭവം ബിൽഹയുടെ ജീവിതത്തിലെ ദാരുണവും വേദനാജനകവുമായ ഒരു നിമിഷമായിരുന്നു. യാക്കോബിന്റെ മൂത്ത മകനായ രൂബേൻ അവളോടൊപ്പം ശയിച്ചുകൊണ്ട് ഗുരുതരമായ ഒരു പാപം ചെയ്തു. ഈ പ്രവൃത്തി വളരെ തെറ്റായിരുന്നു, മുഴുവൻ കുടുംബത്തിനും, പ്രത്യേകിച്ച് ബിൽഹയ്ക്ക്, അത് നാണക്കേട് വരുത്തിവച്ചു. എന്നിരുന്നാലും ബിൽഹ തെറ്റുകാരിയല്ലായിരുന്നു. ഒരു വേലക്കാരി എന്ന നിലയിൽ, സ്വയം പ്രതിരോധിക്കാനോ സംഭവിച്ചതിനെതിരെ സംസാരിക്കാനോ അവൾക്ക് പരിമിതികൾ ഉണ്ടായിരുന്നു. ബിൽഹയുടെ വാക്കുകളോ പ്രതികരണമോ ബൈബിൾ രേഖപ്പെടുത്തിയിട്ടില്ലെങ്കിലും ഈ സാഹചര്യത്തിൽ അവൾ ഇരയായിരുന്നു.

യഥാർത്ഥ ശക്തി എല്ലായ്പ്പോഴും വാക്കുകളിലൂടെയോ പ്രവൃത്തികളിലൂടെയോ പ്രകടമാകുന്നില്ലെന്നും കൃപയോടെ കഷ്ടപ്പാടുകൾ സഹിക്കാനുള്ള കഴിവിൽ ഇത് കാണാൻ കഴിയുമെന്നും അവളുടെ പ്രതികരണം വെളിപ്പെടുത്തുന്നു. നിരപരാധികളുടെ വേദന ദൈവം കാണുന്നുവെന്നും എളിമയോടെയും ധൈര്യത്തോടെയും കഷ്ടപ്പാടുകൾ സഹിക്കുന്നവരുടെ ശക്തിയെ വിലമതിക്കുന്നുവെന്നും അവളുടെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നു. കഷ്ടപ്പാടുകളുടെ സമയത്ത് വിശ്വസ്തത പുലർത്തുന്നത് ചിലപ്പോൾ ധൈര്യത്തിന്റെ അടയാളമാണെന്ന് ബിൽഹ നമ്മെ പഠിപ്പിക്കുന്നു.

4. ബിൽഹയുടെ ജീവിതത്തിൽ നിന്നുള്ള പാഠങ്ങൾ

ബൈബിളിലെ പ്രശസ്ത സ്ത്രീകളിൽ ഒരാളല്ലെങ്കിലും, അവളുടെ ജീവിതം ആഴത്തിലുള്ള പാഠങ്ങൾ ഉൾക്കൊള്ളുന്നതാണ്.

ബിൽഹയുടെ ജീവിതം ചെറിയ കടമകളിൽ പോലും വിശ്വസ്തത പുലർത്തേണ്ടതിന്റെ പ്രാധാന്യം നമ്മെ പഠിപ്പിക്കുന്നു. റാഹേലിന്റെ വേലക്കാരിയായി അവൾ സേവനമനുഷ്ഠിച്ചെങ്കിലും, ശ്രദ്ധയോടെയും അനുസരണയോടെയും അവൾ തന്റെ ഉത്തരവാദിത്തങ്ങൾ നിർവഹിച്ചു. റാഹേലിനോടുള്ള അവളുടെ വിശ്വസ്തത, ഏറ്റവും എളിയ സേവന പ്രവൃത്തികൾ പോലും ദൈവം കാണുകയും വിലമതിക്കുകയും ചെയ്യുന്നുവെന്ന് കാണിക്കുന്നു. നമ്മുടെ ജോലികൾ എത്ര വലുതാണെന്ന് ദൈവം നോക്കുന്നില്ല, മറിച്ച് നാം ചെയ്യുന്ന വിശ്വസ്തതയും ആത്മാർത്ഥതയുമാണ് ദൈവം നോക്കുന്നതെന്ന് അവൾ നമ്മെ പഠിപ്പിക്കുന്നു. ബിൽഹയുടെ നിശബ്ദ സമർപ്പണം കാണിക്കുന്നത് ദൈവത്തിന്റെ പദ്ധതിയിൽ സാധാരണ വിശ്വസ്ത പ്രവൃത്തികൾക്ക് പോലും വലിയ അർത്ഥമുണ്ടാകുമെന്നാണ്.

സാമൂഹിക പദവിയോ സ്ഥാനമോ പരിഗണിക്കാതെ ദൈവത്തിന് ആരെയും ഉപയോഗിക്കാൻ കഴിയുമെന്നും ബിൽഹയുടെ ജീവിതം കാണിക്കുന്നു. അവളിലൂടെ, ദൈവം യാക്കോബിന് ദാൻ, നഫ്താലി എന്നീ രണ്ട് പുത്രന്മാരെ

നൽകി അനുഗ്രഹിച്ചു, അവർ പിന്നീട് ഇസ്രായേലിന്റെ രണ്ട് ഗോത്രങ്ങളായി. ഇതിനർത്ഥം ബിൽഹ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തിന്റെ അടിത്തറയുടെ ഭാഗമായി. ദൈവത്തിന്റെ പദ്ധതികൾ എല്ലാവരെയും ഉൾക്കൊള്ളുന്നുവെന്നും, വലിയ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി അവൻ പലപ്പോഴും ചെറുതോ ശ്രദ്ധിക്കപ്പെടാത്തവരോ ആയി തോന്നുന്നവരിലൂടെ പ്രവർത്തിക്കുന്നുവെന്നുള്ളതിന് അവളുടെ ജീവിതം തെളിവാണ്.

ബിൽഹയുടെ ജീവിതത്തിൽ നിന്നുള്ള മറ്റൊരു പാഠം, നിശബ്ദതയിലും ക്ഷമയിലും കാണപ്പെടുന്ന ശക്തിയാണ്. അവൾ വേദനാജനകവും അന്യായവുമായ നിരവധി സാഹചര്യങ്ങളിലൂടെ ജീവിച്ചു, എന്നിട്ടും ഒരിക്കലും കയ്പ്പ്, കോപം, അസൂയ എന്നിവകൊണ്ട് ജീവിതത്തെ നിയന്ത്രിക്കാൻ അവൾ അനുവദിച്ചില്ല. അവളുടെ ശാന്തതയും സംയമനവും യഥാർത്ഥ ആന്തരിക ശക്തിയെ കാണിക്കുന്നു. റാഹേലും ലേയയും തമ്മിലുള്ള മത്സരം നിറഞ്ഞ ഒരു വീട്ടിൽ, ബിൽഹ സ്ഥിരതയോടെയും ആദരവോടെയും തുടർന്നു. യഥാർത്ഥ ശക്തി അംഗീകാരത്തിനായി നിലവിളിക്കുകയോ പോരാടുകയോ ചെയ്യുന്നതല്ല, മറിച്ച് കഷ്ടപ്പാടുകളുടെ സമയങ്ങളിൽ പോലും സമാധാനവും വിശ്വാസവും നിലനിർത്തുന്നതാണെന്ന് അവളുടെ നിശബ്ദ സഹിഷ്ണുത നമ്മെ പഠിപ്പിക്കുന്നു.

മറ്റുള്ളവരെ സേവിക്കുന്നത് ബലഹീനതയുടെ അടയാളമല്ല, മറിച്ച് കൃപയുടെയും ശക്തമായ സ്വഭാവത്തിന്റെയും പ്രതിഫലനമാണെന്ന് ബിൽഹയുടെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നു. അവളുടെ സ്ഥാനം താഴ്ന്നതാണെങ്കിലും ജീവിതം ദുഷ്കരമാണെങ്കിലും അവൾ വിശ്വസ്തതയോടെ സേവിച്ചു. അവളുടെ താഴ്മയിലൂടെ അവൾ ദൈവത്തെയും അവൾ സേവിച്ച ആളുകളെയും ബഹുമാനിച്ചു. ഓരോ സേവന പ്രവൃത്തിക്കും - അത് എത്ര ചെറുതായാലും - ദൈവത്തിന്റെ സ്നേഹത്തെയും ഉദ്ദേശ്യത്തെയും പ്രതിഫലിപ്പിക്കാൻ കഴിയുമെന്ന് അവളുടെ മാതൃക നമ്മെ പഠിപ്പിക്കുന്നു. ദയ, ക്ഷമ, വിശ്വസ്തത എന്നിവയോടെ സേവിക്കാൻ തയ്യാറുള്ള ഒരു ഹൃദയത്തിൽ നിന്നാണ് യഥാർത്ഥ മഹത്വം വരുന്നതെന്ന് ബിൽഹയുടെ എളിമയുള്ള മനോഭാവം കാണിക്കുന്നു.

ബിൽഹയെക്കുറിച്ചുള്ള പരാമർശം ചെറുതായി തോന്നാമെങ്കിലും, ദൈവ ജനത്തിന്റെ ചരിത്രത്തിൽ അവളുടെ സ്വാധീനം വളരെ വലുതാണ്. അവളുടെ അനുസരണം, വിനയം, വിശ്വസ്തത എന്നിവ അബ്രഹാം, യിസ്ഹാക്ക്, യാക്കോബ് എന്നിവരോടുള്ള ദൈവത്തിന്റെ വാഗ്ദാനത്തിന്റെ നിവൃത്തിയിൽ അവളെ പങ്കാളിയാക്കി.

രഹസ്യമായി ചെയ്യുന്ന ഓരോ വിശ്വസ്ത പ്രവൃത്തിയെപ്പോലും ദൈവം കാണുന്നുവെന്ന് അവൾ നമ്മെ പഠിപ്പിക്കുന്നു. മറ്റുള്ളവരെ സ്നേഹത്തോടെ സേവിക്കാനും, എല്ലാ സാഹചര്യങ്ങളിലും എളിമയുള്ളവരായിരിക്കാനും, എത്ര ശ്രദ്ധിക്കപ്പെടാതെ പോയവരാണെങ്കിൽ കൂടിയും ദൈവത്തിന്റെ പദ്ധതിയിൽ എല്ലാവരെയും ഉൾക്കൊള്ളുന്നുവെന്ന് വിശ്വസിക്കാനും ബിൽഹയുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു.

ഫാ. ജോർജ് വി. വർഗീസ് അന്തരിച്ചു

കൽക്കത്ത ഭദ്രാസനത്തിലെ വൈദിക നായിരുന്ന ഫാ. ജോർജ് വി. വർഗീസ് അന്തരിച്ചു. കൽക്കത്ത ഭദ്രാസനത്തിലെ സെന്റ് തോമസ് ഓർത്തഡോക്സ് വൈദിക സംഘം സെക്രട്ടറിയായിരുന്നു.

റൂർകേല സെന്റ് പോൾസ് ഓർത്തഡോക്സ് പള്ളി വികാരിയും റൂർകേല എം.ജി.എം. ഇംഗ്ലീഷ് ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പലുമായിരുന്നു.

സംസ്കാരശുശ്രൂഷ പിന്നീട്. മുളന്തുരുത്തി മാർത്തോമൻ പള്ളി ആണ് മാതൃഇടവക.

CMAI യുടെ റീജിയണൽ സെക്രട്ടറിയായി ഫാ. എബി എം. ചാക്കോ തിരഞ്ഞെടുക്കപ്പെട്ടു

ക്രിസ്ത്യൻ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യ (CMAI) ചെന്നൈ/ പോണ്ടിച്ചേരി റീജിയണൽ സെക്രട്ടറിയായി ഫാ. എബി എം. ചാക്കോ തിരഞ്ഞെടുക്കപ്പെട്ടു. CMAI യുടെ ബൈന്നിയൽ സമ്മേളനത്തിൽ വച്ചാണ് ഈ അംഗീകാരം. മലങ്കര ഓർത്തഡോക്സ് സഭയുടെ മദ്രാസ് ഭദ്രാസനത്തിലെ പാടി സെൻറ് ജോർജ് ഇടവകയുടെ വികാരിയാണ് ഫാ. എബി എം. ചാക്കോ. CMAI യുടെ ചെന്നൈ പോണ്ടിച്ചേരി റീജിയണൽ ചാപ്ലൈൻസി സെക്രട്ടറിയായും മദ്രാസ് മെഡിക്കൽ മിഷൻ ഹോസ്പിറ്റൽ ചാപ്ലൈൻ H.O.D. ആയും ദീർഘകാലം സേവനമനുഷ്ഠിച്ചിട്ടുണ്ട്.

ക്രിസ്ത്യൻ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യ (CMAI) എന്നത് ക്രിസ്ത്യൻ ഡോക്ടർസ്, നഴ്സസ്, ചാപ്ലൈൻസ്, അഡ്മിനിസ്ട്രേറ്റേർസ് എന്നിവരുടെ 1905-ൽ സ്ഥാപിതമായ ഒരു മിഷനറി കൂട്ടായ്മ ആണ്.

ജോൺസിമോൾ ജോയ് കമ്പ്യൂട്ടർ സയൻസ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഡീപ് ലേർണിംഗിൽ ചെന്നൈ സത്യഭാമാ യൂണിവേഴ്സിറ്റിയിൽ നിന്നും ഡോക്ടറേറ്റ് കരസ്ഥമാക്കി. ചോഴിയക്കാട് വടക്കേതിൽ വി. ജെ. ജോയിയുടേയും ലീലാമ്മ ജോയിയുടേയും പുത്രി ആണ്. കുഴിമറ്റം മുതലകേരിൽ രാജ് ഫിലിപ്പിന്റെ ഭാര്യ. പത്താമുട്ടം സെന്റ് ഗിറ്റ്സ് അപ്ലൈഡ് സയൻസ് കോളജ് അധ്യാപിക. കുഴിമറ്റം സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളി ഇടവകാംഗമാണ്.

◆ നിത്യവും ദൈവപ്രാർത്ഥന ചെയ്യുന്നവൻ ഒരിക്കലും അസത്യവാനോ ദുർമ്മാർഗ്ഗിയോ, അവിശ്വാസിയോ, ഭക്തിഹീനനോ, ജനദ്വേഷിയോ, സ്വാമിദ്രോഹിയോ ആയിത്തീരുന്നതല്ല. **- പ. പരുമല തിരുമേനി**

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വചനതീർത്ഥം

സഖറിയായോടുള്ള അറിയിപ്പിന്റെ ഞായർ

(ലൂക്കോസ് 1:1-25)

ഫാ. ബ്രിൻസ് അലക്സ് മാത്യൂസ്
(ഓർത്തഡോക്സ് സെമിനാരി, കോട്ടയം)

വചനം ജഡം ധരിച്ച മഹാ സംഭവത്തിനായി സഭ ഒരുങ്ങുന്ന ഒരു വലിയ യാത്രയ്ക്ക് പ്രാരംഭമാവുകയാണ്. യോഹന്നാൻ സ്നാപകന്റെ ജനന അറിയിപ്പിന്റെ വിവരണത്തോടുകൂടിയാണ് വിശുദ്ധ ലൂക്കോസ് മനുഷ്യാവതാര സംഭവത്തെ പരിചയപ്പെടുത്തി തുടങ്ങുന്നത്. തന്റെ മുന്നോടിയുടെ ജനനത്തിന് മുൻപായി അദ്ദേഹത്തിൻറെ പിതാവായ സഖറിയാ പുരോഹിതന് ദൈവ സന്നിധിയിൽ നിന്ന് ഗബ്രിയേൽ മാലാഖ മുഖാന്തരം ഉണ്ടായ വെളിപാടിനെ കുറിച്ച് നാം വായിക്കുന്നു.

ദാവീദ് രാജാവിന്റെ കാലത്ത് തന്നെ പുരോഹിതന്മാരുടെ എണ്ണം വർധിച്ചപ്പോൾ അവരെ 24 ഗണങ്ങളായി തിരിക്കുകയും തവണ പ്രകാരം ദേവാലയത്തിൽ ശുശ്രൂഷ ചെയ്യുന്നതിനുള്ള ക്രമീകരണം ചെയ്യുകയും ഉണ്ടായി. പുതിയ നിയമ കാലഘട്ടത്തിൽ യെരുശലേം ദേവാലയത്തിൽ വിവിധ ഗണങ്ങളായി പുരോഹിത സംഘത്തിൽ ഏതാണ്ട് ഇരുപതിനായിരം പുരോഹിതന്മാർ ഉണ്ടായിരുന്നു. അബിയാ ഗണത്തിൽ ഉള്ള സഖറിയാ പുരോഹിതൻ തൻറെ മുറപ്രകാരം ധൂപാർപ്പണം ചെയ്യുമ്പോഴാണ് അദ്ദേഹത്തിന് ഈ വെളിപാട് ലഭിക്കുന്നത്.

"തക്ക സമയത്തെ" കുറിച്ചുള്ള ഓർമ്മപ്പെടുത്തൽ

ഇന്നത്തെ വേദഭാഗത്ത് മിഴിവോടെ നിൽക്കുന്ന ആശയങ്ങളിൽ ഒന്നാണ് "തക്ക സമയം" എന്നത്. ദീർഘകാലത്തെ പ്രതീക്ഷകൾക്കു ഇനിയും സാധ്യതയില്ല എന്ന നിരാശയുടെ ഇടത്തുനിന്ന് പ്രതീക്ഷയിലേക്ക് മനുഷ്യനെ കൂട്ടിക്കൊണ്ടുവരുന്ന സമയമാണ് ഈ തക്ക സമയം. സഖറിയയുടെയും എലിസബെത്തിന്റെയും ജീവിതത്തിൽ സന്താനഭാഗ്യം എന്നത് പ്രതീക്ഷ നഷ്ടപ്പെട്ട ഒന്നായിരുന്നു. എന്നാൽ മാലാഖ നല്കിയ വെളിപാട് അവരുടെ ജീവിതത്തിലെ തക്ക സമയമാണ്.

ഈ രണ്ട് വ്യക്തികളുടെ ജീവിതത്തിലെ തക്കസമയം മാത്രമല്ല ഇത്. യഹൂദ ജനത നൂറ്റാണ്ടുകളായി കാത്തിരുന്ന ഒന്നായിരുന്നു മശിഹായുടെ ആഗമനം. തങ്ങൾ ആയിരിക്കുന്ന അധപതന അവസ്ഥയിൽ നിന്ന് തങ്ങൾക്ക് ഒരു വിമോചനം ഉണ്ടാകും എന്നുള്ള വലിയ പ്രതീക്ഷയാണ് മിശിഹായുടെ ആഗമനം. മലാഖി പ്രവചനം അവസാനിക്കുന്നത് തന്നെ മശിഹായുടെ മുന്നോടിയായി ഏലിയാ പ്രവാചകന്റെ ആത്മാവോടെ ഒരുവൻ വരുമെന്ന പ്രതീക്ഷയിലാണ്. സഖറിയ പുരോഹിതന് അരുളപ്പാട് ലഭിക്കുമ്പോൾ ചരിത്രത്തിൻറെ തക്ക സമയവും കൂടെയാണത്. കാത്തിരിപ്പിന് അവസാനം വന്നുചേർന്ന തക്ക സമയം. എല്ലാ സങ്കടക്കടലുകൾക്കും നോവുകൾക്കും ഒരു അവസാനം ഉണ്ട് എന്ന പ്രത്യാശ കൂടെയാണ് ഈ തക്ക സമയത്തിന്റെ ആഗമനം.

നമ്മുടെ ജീവിതങ്ങളിലും ഈ തക്കസമയം ഉണ്ട് എന്ന ബോധ്യത്തോടെ ജീവിക്കുവാൻ കഴിയണം. നിരാശ ബാധിച്ച, പ്രതീക്ഷയറ്റ നിമിഷങ്ങളിലും വരുവാനുള്ള കൃപയിൽ പ്രത്യാശ വെച്ച് (1 പത്രോസ് 2:13) ആ തക്കസമയത്തിനായി കാത്തിരിക്കണം.

നമ്മുടെ കർത്താവിൻറെ രണ്ടാമത്തെ വരവും അത്തരത്തിലുള്ള ഒരു തക്കസമയത്ത് ആകും എന്ന പ്രത്യാശയും ക്രിസ്തീയ ജീവിതത്തിൻറെ അനിവാര്യതയാണ്.

ചുമതലാബോധത്തിന്റെ അടയാളപ്പെടുത്തൽ

ചരിത്രത്തിൽ ഇടം പിടിക്കുന്ന നിയോഗങ്ങളിലേക്ക് സഖറിയാവിന്റെ പുരോഹിത കുടുംബത്തെ ചുമതലപ്പെടുത്തുന്ന വേദഭാഗമാണിത്. ധൂപാർപ്പണം എന്ന പുരോഹിത കർമ്മമനുഷ്ഠിച്ചിരുന്ന സക്കറിയാവിന് മശിഹായുടെ

മുന്നോടിയുടെ പിതാവ് ആകുവാനുള്ള പുതിയ ചുമതലകൾ ഭരമേൽപ്പിക്കുകയാണ്. നിങ്ങൾക്ക് ജനിക്കുന്ന മകന് യോഹന്നാൻ എന്ന പേരിടണം എന്ന നിർദേശം മുതൽ യോഹന്നാനെ കുറിച്ചുള്ള ഓരോ വർണ്ണനകളും ആ വൃദ്ധ മാതാപിതാക്കൾക്കുള്ള അടയാളങ്ങളാണ്. ഇത്തരം ദൗത്യങ്ങൾക്കായി നിങ്ങളുടെ മകനെ ക്രമപ്പെടുത്തിയെടുക്കുക എന്ന ചുമതലയാണ് മാലാഖ ഭരമേല്പിക്കുന്നത്. ചുമതലകൾ ഏറ്റെടുക്കുവാൻ വൃദ്ധരായ തങ്ങൾ അശക്തരാണ് എന്ന സഖറിയാവിന്റെ തോന്നലാണ് മാലാഖ അദ്ദേഹത്തെ മൌനത്തിലേക്ക് നയിക്കുവാനുള്ള കാരണം.

ഓരോ ജീവിതത്തിനും ഉദ്ദേശങ്ങൾ ഉണ്ട് എന്ന തിരിച്ചറിവിലേക്ക് സഖറിയാ നമ്മെ കൂട്ടി കൊണ്ട് വരുന്നുണ്ട്. ചുമതലാ ബോധത്തോടെ അത് തിരിച്ചറിയുകയും നിറവേറ്റുകയും ചെയ്യുവാൻ ഉള്ള താത്പര്യമാണ് നമ്മുടെ ഭാഗത്ത് നിന്ന് ഉണ്ടാവേണ്ടത്.

വിശ്വസ്ഥ അനുസരണത്തിനുള്ള ആഹ്വാനം

മാലാഖ സഖറിയയിൽ നിന്ന് പ്രതീക്ഷിക്കുന്നത് വിശ്വസ്ഥ അനുസരണം (Faithful obedience) എന്ന ഭാവമാണ്. മാനുഷിക യുക്തി കൊണ്ട് ദൈവീക കൽപനകളെ വാഖ്യാനിക്കുവാൻ ശ്രമിച്ചു എന്നതാണ് സഖറിയയുടെ സംശയത്തിന്റെ കാരണം.

"ഞാൻ ദൈവ സന്നിധിയിൽ നിൽക്കുന്ന ഗബ്രിയേൽ ആകുന്നു" എന്ന് മാലാഖ സൂചിപ്പിക്കുമ്പോൾ താൻ പറയുന്നത് ദൈവകൽപനയാണ് എന്ന ശക്തമായ സന്ദേശമാണ് നൽകുന്നത്. ആ കൽപനയോടുള്ള അനുസരണമാണ് സഖറിയയിൽ നിന്ന് പ്രതീക്ഷിക്കുന്നത്. ഫിലിപ്പ്യർ 2:6 ൽ മനുഷ്യാവതാരത്തെ കുറിച്ച് പറഞ്ഞ് അവസാനിപ്പിക്കുമ്പോൾ '....അവൻ ക്രൂശിലെ മരണത്തോളം അനുസരണമുള്ളവനായി" എന്നാണ് പറയുന്നത്.

നമ്മുടെ ജീവിതങ്ങളിലും യുക്തിക്കപ്പുറമുള്ള ഭക്തിയാണ് വിശ്വസ്ഥ അനുസരണത്തിലേക്ക് നമ്മെ ചേർത്ത് നിർത്തുന്നത്.

❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Church Calendar

The God Who Makes the Impossible Possible

Annunciation to Zechariah (Luke 1:1-25)



Philipose Ramban
(Jyothis Ashram, Abu Road, Rajasthan)

The first two Sundays of the Church's liturgical year are celebrated as days of Sanctification and Dedication, respectively. The third Sunday that follows is observed as the Sunday of the Annunciation to the Priest Zechariah, the father of John the Baptist, the forerunner of the Lord.

Zechariah and his wife, Elizabeth, can always be pointed to as a model couple. "Both of them were righteous before God, walking blamelessly in all the commandments and ordinances of the Lord" (Luke 1:6). The descriptions given to this couple are righteous and blameless.

This family had passed through many trials, humiliations, and pains. Zechariah and Elizabeth were old, and they had no children. "But they had no child, because Elizabeth was barren, and both were advanced in years" (Luke 1:7). For the barren Elizabeth to bear a child was an impossible matter. However, when we examine their lives, we can see the work of God, who made the impossible possible. This is also the main theme of this week's Gospel portion (Luke 1:1-25).

With Hope, Without Faltering in Divine Service

Zechariah, the father, receives a revelation about the birth of John the Baptist, who came as the forerunner of the Lord. This occurred when he entered the temple to offer sacrifice according to his priestly duties. The priests in Israel are descendants of Aaron, the brother of Moses. They are divided into 24 groups. Zechariah was a priest from the lineage of Abijah, who belonged to the eighth group (1 Chronicles 24:1–10). Members of each group received the opportunity for temple ministry through the casting of lots. In this way, Zechariah received his chance to serve.

This is a blessed opportunity that a priest might receive only once in his lifetime. Therefore, with great preparation, holiness, and prayer, he entered the holy place to offer incense. At that moment, the angel Gabriel appeared and informed Zechariah about the birth of John the Baptist. However, Zechariah found it difficult to believe. There are similar stories in the Old Testament where births were announced, such as those of Ishmael (Genesis 16:11-12), Isaac (Genesis 17:19), and Solomon (1 Chronicles 22:9-10).

Zechariah and Elizabeth were advanced in years, and there was no longer any possibility of them having children. The Jews considered childlessness a divine curse and a great disgrace. Society condemned childless couples, especially women, as those cursed by God. Despite this, the couple Zechariah and Elizabeth lived with hope, serving God without wavering or any shortcomings.

In our own personal lives, we too may face various kinds of pain and difficulties. Nevertheless, we must be able to set them aside and move forward in divine service. However, there is often a tendency to step back when small trials arise in life. St. James reminds us of this: "Blessed is the one who perseveres under trial because, having stood the test, that person will receive the crown of life that the Lord has promised to those who love

him" (James 1:12). We must not forget that there is a good outcome at the end of everything. Therefore, we must be able to do Christ's work with hope and without tiring. "And as for you, brothers and sisters, never tire of doing what is right" (2 Thessalonians 3:13).

The Interpreter of Divine Revelations Becomes a Doubter

Everywhere in the Bible, the natural human first reaction to a divine appearance is to be afraid and unsettled. This is precisely what happens to Zechariah. The angel reassures him: "Do not be afraid." This is the message of comfort that God gives to all who are fearful or unsettled when they encounter Him. Zechariah, however, disbelieves. The fact that the priest Zechariah did not believe signifies how the Jewish leadership, including the priests, did not believe that God had fulfilled His promise in Jesus. This is reminiscent of Abraham's disbelief. "Then Abraham fell facedown; he laughed and said to himself, Will a son be born to a man a hundred years old? Will Sarah bear a child at the age of ninety?" (Genesis 17:17).

The scripture readings and prayers (Promion-Sedra) of these days clearly teach us, "O God, the Word and true Son, eternally begotten of the heavenly Father from before all time, eternal and self-existent; prophets, seers, patriarchs, the righteous, priests, and the blessed foretold of you. They revealed you through various examples, parables, and likenesses." It is easy for Him, who is the embodiment of love, to do all things for His beloved, because nothing is difficult for His divine will.

Here are just a few examples:

- Adam from the new earth
- Eve from his rib
- The family that came out of the wooden ark
- The serpent made from Moses' staff
- The fruit that budded on Aaron's staff
- The water that flowed from the flint rock

Zechariah was a person who knew these facts clearly. It is to this Zechariah that the angel Gabriel announces: "Your prayer has been heard. Your wife Elizabeth will bear you a son, and you are to call him John. He will be great in the sight of the Lord... and he will go on before the Lord, in the spirit and power of Elijah, to make ready a people prepared for the Lord."

However, Zechariah is unable to believe this announcement. "How can I be sure of this? I am an old man and my wife is well along in years," Zechariah asks the angel Gabriel.

Although Zechariah's disbelief was natural for the couple under the circumstances, God punished him for it. This was because Zechariah was a priest of God, the very person who was supposed to interpret divine revelations for the people. Therefore, the punishment was given to him as a sign. The angel told him he would be mute until the prophecy was fulfilled. This muteness was a sign that the promise God gave through the angel would be accomplished.

As the beginning of the fulfilment of God's word, Elizabeth conceived by Zechariah. She recognized this as the Lord's mercy to take away her disgrace of being childless, and she gave thanks to the Lord.

For this couple, the days of pain, shame, and ridicule they had endured for years passed, and days of joy and peace entered their lives. Although she had to endure some pain at the beginning, after Elizabeth conceived and gave birth to a son, she realized, "The Lord has looked on me to take away my disgrace among men." Even though her husband had become mute, God gave her the opportunity to conceive and bear a son.

In the midst of the pain and struggles in our own lives, are we able to recognize the good things God gives us? God's timing and purpose for us are different from this world's. The prophet Jeremiah says, "I have a great purpose for you. It is not for your destruction, but for your good." Although the righteous Zechariah and Elizabeth did not immediately receive the reward they deserved according to worldly standards, in due time, they received every blessing and goodness. Our only duty is to surrender ourselves to God's will. In the book of the prophet Jeremiah, we read: "Before I formed you in the womb I knew you, before you were born I set you apart; I appointed you as a prophet to the nations."

Therefore, let us pray: O God, grant us transcendent eyes of wisdom to see the mysteries of your salvific incarnation! Strengthen our hearts with faith so that we may never doubt your coming to us.

❑

പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവായുടെ 29-ാം ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് കോട്ടയം മാർ ഏലിയാ കത്തീഡ്രൽ യുവജനപ്രസ്ഥാനം നടത്തിയ അഖില മലങ്കര മാർത്തോമ്മൻ കിസ് മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ വാകത്താനം സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി ഇടവകാംഗങ്ങളായ ഡെറിൻ രാജു, എബിൻ രാജു എന്നിവർ പുരസ്ക്കാരം പരിശുദ്ധ കാതോലിക്കാ ബാവായിൽ നിന്നും ഏറ്റുവാങ്ങുന്നു. രണ്ടാം സമ്മാനം ബിനു പാപ്പച്ചൻ, ജിനു കോശി സെന്റ് ജോർജ് ഓർത്തഡോക്സ് ചർച്ച് പുത്തൂർ, മൂന്നാം സമ്മാനം അരുൺ ജേക്കബ് സെന്റ് ജോൺസ് ഓർത്തഡോക്സ് ചർച്ച് കൂരോപ്പട.

സപ്തതി ആഘോഷിക്കുന്ന മുൻ വൈദിക ട്രസ്റ്റി ഫാ. ഡോ. എം. ഒ. ജോൺ തദവസരത്തിൽ കേക്ക് മുറിക്കുന്നു. ദേവലോകം അരമന മാനേജർ യാക്കോബ് റമ്പാൻ, അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, വൈദിക സെമിനാരി പ്രിൻസിപ്പൽ ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ, അഡ്വ. ചാണ്ടി ഉമ്മൻ എം.എൽ.എ. എന്നിവർ സമീപം.

സാന്ദ്രാ മെറിൻ സാജുവിന് രസതന്ത്രത്തിൽ ഡോക്ടറേറ്റ് (NIT-CALICUT) ലഭിച്ചു. കോട്ടയം ഭദ്രാസനത്തിലെ പാമ്പാടി സെന്റ് ജോൺസ് ചെറിയ പള്ളി ഇടവകാംഗം കൊല്ലംപറമ്പിൽ പ്രൊഫ. സാജു ഏലിയാസിന്റെയും നാൻസി സാജുവിന്റെയും മകളാണ്.

കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയിൽ നിന്ന് പ്ലാന്റ് പത്തോളജിയിൽ ആൽബി ജോൺ ഡോക്ടറേറ്റ് നേടി. കക്കാട്ടുചിറയിൽ ജോൺസി റ്റി. കുര്യാക്കോസിന്റെയും, അച്ചാമ്മ ജോൺസിയുടെയും മകളാണ്. പായിപ്പാട് കൃഷി ഭവനിൽ കൃഷി ഓഫീസറാണ്. പാച്ചിറ താബോർ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗമാണ്.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

അഭയാർത്ഥി

ഫാ. അജീഷ് ബാബു

ജീവിതത്തിൽ ഒരിക്കലെങ്കിലും കരഞ്ഞിട്ടുള്ളവർക്ക് കരയുന്നവരെ കാണുമ്പോൾ മനസ്സലിവ് ഉണ്ടാകും. കൊട്ടാരത്തിൽ നിന്ന് തന്റെ സുഹൃത്തുക്കൾക്കൊപ്പം നദിയിൽ മുങ്ങിക്കുളിക്കുവാൻ വന്ന അവൾ, ഫറവോന്റെ പുത്രി കരഞ്ഞിരുന്നോ? ആർക്കറിയാം. പക്ഷേ താൻ തീരത്ത് നിൽക്കുന്ന നദിയിൽ ഒഴുകിവരുന്ന പെട്ടി തുറന്നപ്പോൾ കേട്ട കരച്ചിൽ അവളുടെ മനസ്സലിയിച്ചു അവളുടെ കണ്ണിൽനിന്ന് കണ്ണുനീർ നദിയിൽ വീണു, താൻ മുങ്ങി കുളിക്കുവാൻ പോകുന്ന നദിയിൽ തന്നെ.

കുട്ടി ഇതാ, കരയുന്നു. അവൾക്ക് അതിനോട് അലിവു തോന്നി (Exodus 2: 6). നദിയിൽ ഒഴുകിവരുന്ന പെട്ടകം ഒന്നുങ്കിൽ മനപ്പൂർവം ആരോ ഉപേക്ഷിച്ചതാണ് അല്ലെങ്കിൽ അറിയാതെ ആർക്കും കൈമോശം വന്നതാണ്. ഏതു രീതിയിലായാലും നഷ്ടങ്ങളുടെ ഓർമ്മ അതാണ് നൈൽ നദിയിൽ ഒഴുകിവരുന്ന പെട്ടി. വെള്ളം കേറാത്ത ഞാങ്ങണപ്പെട്ടകം ഇതിനുമുമ്പ് ഇവർ കണ്ടിരുന്നുവോ?, അതിലും ഇതുപോലെയുള്ള കുഞ്ഞുങ്ങൾ ഉണ്ടായിരുന്നുവോ? വ്യക്തമല്ല. ഒരു കാര്യം കൃത്യമാണ് തന്റെ പിതാവിന്റെ മനുഷ്യരെ പീഡിപ്പിക്കുന്ന പുതിയ നിയമം പുറത്തിറങ്ങിയതിനു ശേഷം താൻ അനുഭവിക്കുന്ന മാനസികമായ പിരിമുറുക്കം ചെറുതല്ല.

ഭൂഗോളത്തിലെ ഏറ്റവും നീളമേറിയ നദിയിൽ,നൈൽ നദിയിലെ തന്റെ ദാസിമാരും ആയുള്ള സൗഹൃദവും കുളിയും ഒരുപക്ഷേ ഒരു രാജകുമാരി എന്ന നിലയിൽ ഏറെ ആസ്വദിക്കേണ്ടതാണ്. ബഹുമാനിക്കാനും സ്തുതിവാക്കുകൾ പറയുവാനും ആളുകൾ കൂടെയുള്ളപ്പോൾ പരിസരങ്ങളെ മറന്ന് എല്ലാ അധികാരികളും ജീവിച്ചു പോകുന്നത്.

കൂട്ട് യാത്രകളിലെ കാഴ്ച:

കൂട്ട് ദാസിമാരാണ്. അവരുമൊത്ത് സ്വപ്നങ്ങൾ പങ്കിട്ടും സൗഹൃദം കൂടിയും തന്റെ യൗവനത്തെ അവൾ ഭംഗിയാക്കുന്നത്. ഇതിനിടയിൽ എബ്രായ മനുഷ്യരോട് തന്റെ പിതാവ് കാണിക്കുന്ന വിയോജിപ്പുകൾ തന്നിൽ ഉണ്ടാക്കുന്നത് സങ്കടത്തിന്റെ ഒരു വലിയ നദിയാണ്. താൻ മുങ്ങി കുളിക്കുന്ന നദിയോളം ആഴമുണ്ട് ആ സങ്കടത്തിന്. തന്റെ രാജ്യത്ത് പിതാവിന്റെ പുതിയ നിയമം കൊണ്ട് ശരീരം കൊണ്ട് ഏറെ അധ്വാനിക്കുന്ന കുറേ മനുഷ്യർ, അവരുടെ ശാരീരിക ബലഹീനത, കരഞ്ഞ് കലങ്ങിയ കണ്ണുകൾ, നിറ വയറുമായി നിൽക്കുന്ന അമ്മമാരുടെ സങ്കടം ഇതെല്ലാം അവളുടെ ദാസിമാരും ചേർന്ന യാത്രയിൽ സ്ഥിരം കാഴ്ചയാണ്.

ബലഹീനമായ ശരീരങ്ങളെ കണ്ടിട്ട് ഫറവോന്റെ പുത്രി പലപ്പോഴും ചിന്തിച്ചിട്ടുണ്ട്, ശരീരംന്നാ എന്താ? കുറച്ച് സ്വപ്നങ്ങളെ ചുമക്കുന്ന കൂട്. ഏതോ ഒരു മെഷീനെപ്പോലെ അതിന്റെ പാട്ടിന് ഓടുന്നു. കുറച്ചു സ്നേഹം, കുറച്ചു മോഹം, സ്വപ്നം. എല്ലാറ്റിനെയും ചുമന്നോണ്ട് നടമാടുന്ന അടയാളം മാത്രമാണ് ശരീരം. ഈജിപ്തിലെ അനാഥമാകുന്ന ശരീരത്തോട് അകലമില്ലാതെ ജീവിക്കാൻ അവൾ മനസ്സുകൊണ്ട് തയ്യാറായിക്കഴിഞ്ഞു.

അഭയാർത്ഥി

രാജാവിന്റെ നയം, ഭൂമിയിൽ ജനിക്കുന്ന ഒരു ജന്തു മറ്റൊരു ജന്തുവിനോട് ഒരിക്കലും കാണിച്ചുകൂടാത്ത നയമാണ്. മറ്റു ജന്തുക്കളെ കൊന്നു തിന്നുന്ന മൃഗങ്ങൾ പോലും തങ്ങളുടെ വിശപ്പിനു വേണ്ടിയാണ് അത് ചെയ്യുന്നത്. എന്നാൽ മനുഷ്യൻ മാത്രം അങ്ങനെയല്ല അധികാരത്തിനു വേണ്ടി സ്വന്തം വർഗ്ഗത്തെ കൊല്ലുന്ന ഈ ഭൂമിയിലെ ഏക ജന്തു മനുഷ്യനാണ്. ഇതിന്റെ മറ്റൊരു പുറം മനുഷ്യർ മനുഷ്യരെ തന്നെ അഭയാർത്ഥികളാക്കുന്നു. ഒരു ദേശത്ത് ജനിച്ച കുഞ്ഞു അഭയാർത്ഥിയാകുന്നത് എങ്ങനെയാണ്, അഭയാർത്ഥികളായ മാതാപിതാക്കൾക്ക് ജനിച്ചവരും അഭയാർത്ഥികളായി മാറുന്നു. അഭയാർത്ഥികൾക്ക് നരകമായി കൊണ്ടിരിക്കുന്ന തന്റെ ദേശത്ത് അവൾ അഭയാർത്ഥികളെ അകലങ്ങളില്ലാതെ പ്രണയിച്ചു തുടങ്ങുന്നു.

കരഞ്ഞ കുഞ്ഞിനെ കൈമാറുന്നത് അതിന്റെ സ്വന്തം അമ്മയായ എബ്രായ സ്ത്രീയുടെ കൈയിലേക്കാണ്. ആ കുഞ്ഞിന്റെ അമ്മയാണ് അത് എന്ന് അവൾക്ക് കൃത്യമായി ധാരണയില്ല. എന്നാൽ അവൾ കുഞ്ഞിനെ ആ സ്ത്രീക്ക് കൈമാറുമ്പോൾ സ്വയം മനസ്സിലാക്കിയത്, ഈ ഭൂമിയിൽ ഈ കുഞ്ഞിനെ നോക്കാൻ ഇതിനപ്പുറം മറ്റൊരു അമ്മയില്ല എന്ന് മനസ്സിലാക്കലിൽ തന്നെയാണ്. കുഞ്ഞിനുവേണ്ടി ദാഹിക്കുന്ന അമ്മയെയാണ്, ഒരു സഹോദരന് വേണ്ടി പ്രതീക്ഷിക്കുന്ന പെൺകുട്ടിയെയാണ് അവൾ കണ്ടത്. എബ്രായ ആൺകുട്ടികളെ കൊല്ലുന്ന തന്റെ പിതാവിന്റെ നിയമത്തിനു മുമ്പിൽ തനിക്ക് നദിയിൽ കിട്ടിയ ഒരാൺകുട്ടിയെ ഒരു എബ്രായ സ്ത്രീയുടെ പക്കൽ ഏൽപ്പിക്കുക വഴി അവൾ ഒരു പുതിയ കലാപത്തിന് തുടക്കം കുറിക്കുകയാണ്. പിതാവിന്റെ തെറ്റായ നയങ്ങൾക്ക് നേരെ മകൾ തുടങ്ങിവെക്കുന്ന കലാപം, അഭയാർത്ഥികളുടെ വീണ്ടെടുപ്പിന് വേണ്ടി തുടങ്ങിവെക്കുന്ന കലാപം.

മനുഷ്യർ ജീവിതത്തിൽ നിർബ്ബന്ധമായും കാണേണ്ടുന്ന ചില ഇടങ്ങളുണ്ടെന്നു ഞാൻ പറയും.'

'ഒരു ജയിൽ. മെന്റൽ ഹോസ്പിറ്റൽ, പിന്നെ മാറാരോഗികളെ പരിചരിക്കുന്ന ഒരു വാർഡ്. അല്ലേ?'

'മൂന്നും കാണേണ്ടതു തന്നെ.'

മനുഷ്യരുടെ അഹന്ത കുറയ്ക്കാൻ അത്തരം സന്ദർശനങ്ങൾ സഹായിക്കും.' തപോമയി സമ്മതിച്ചു.

'എന്നാൽ ഇക്കാലത്ത്. അതിന്റെകൂടെ ചേർക്കേണ്ട ഒന്നു കൂടിയുണ്ട്: അഭയാർത്ഥിക്യാമ്പുകൾ.'

'തപോമയിയുടെ അച്ഛൻ' ഈ സന്തോഷ് കുമാറിന്റെ നോവൽ. നോവലിന്റെ ആദ്യ രണ്ട് അധ്യായങ്ങൾ വായിച്ചു കഴിയുമ്പോൾ തന്നെ മനുഷ്യജീവിതത്തെ കീഴ്മേൽമറിക്കുന്ന ചോദ്യങ്ങളും അതിന്റെ ഉത്തരങ്ങളും ആണ് തപോമയിയും അയാളുടെ അച്ഛനും വാതോരാതെ പറയുന്നത്. പേര് രേഖപ്പെടുത്തിയിട്ടില്ലാത്ത ആളിന് അഭയാർത്ഥികളുടെ ഇടയിൽ ഡൽഹിയിലെ സാമൂഹ്യപ്രവർത്തകനായ തപോമയി അയക്കുന്ന എഴുത്ത് അതിലെ വളരെ വിചിത്രമായ ചിത്രങ്ങൾ, ആ ചിത്രങ്ങളുടെ അർത്ഥതലങ്ങൾ തേടിയുള്ള അന്വേഷണങ്ങൾ ഹൃദയസ്പർശിയാണ്. തപോമയിയുടെ അച്ഛൻ അഭയാർത്ഥികളുടെ ക്ഷേമപ്രവർത്തനങ്ങളിലേർപ്പെട്ട ഒരാളാണ് തപോമയി ബറുവ. കിഴക്കൻ ബംഗാളിൽ നിന്നുള്ള അഭയാർത്ഥികളായിരുന്നു തപോമയിയുടെ അച്ഛനായ ഗോപാൽ ബറു

വയും കുടുംബവും. സുന്ദർബൻസിലെ ഒരു ദ്വീപിലേക്കും പിന്നീട് പ്രളയത്തിൽ ദ്വീപ് മുങ്ങിയപ്പോൾ കൊൽക്കത്തയിലേക്കും പറിച്ചു നടപ്പെട്ട ബംഗാളി ബുദ്ധിസ്റ്റുകളായിരുന്നു.

ആദ്യ അധ്യായത്തിന്റെ അവസാനഭാഗത്ത് ഗോപാൽ ബറുവ എന്ന അഭയാർത്ഥിയെയും, അഭയാർത്ഥികളുടെ ഇടയിലെ സാമൂഹ്യപ്രവർത്തകനെയും ഓർമ്മകളിൽ നിന്ന് പറഞ്ഞുവെക്കുന്ന രീതി വളരെ വൈകാരികമാണ് .

(ഒരറ്റത്ത് ഒരു പഴയ മരക്കസേരയിലിരുന്ന് മഴ പെയ്യുന്നതു നോക്കിക്കൊണ്ടിരിക്കുന്ന ഗോപാൽ ബറുവ. ഇടയ്ക്കെല്ലാം വെള്ളത്തുള്ളികൾ ആ ശരീരത്തിൽ വീണുകൊണ്ടിരുന്നു. അവ അദ്ദേഹത്തിന്റെ അയഞ്ഞ കുപ്പായത്തിൽ നനവുള്ള ഭൂപടങ്ങൾ സൃഷ്ടിച്ചു. പക്ഷേ, അദ്ദേഹം ശ്രദ്ധിച്ചില്ല. ഈ പെയ്യുന്ന മഴയല്ല; പകരം പഴയ, വളരെ പ്രാചീനമായൊരു മഴയാണ് താൻ കാണുന്നത് എന്നായിരുന്നു അദ്ദേഹം പറഞ്ഞിരുന്നത്. വയസ്സുചെന്ന ഒരാൾ എന്തെങ്കിലും പറയുകയാവുമെന്നേ ഞാൻ അപ്പോഴെല്ലാം വിചാരിച്ചുള്ളൂ. പിന്നീട്, അദ്ദേഹത്തിന്റെ മരണശേഷമാണ് അതു സത്യമാണെന്ന് എനിക്കു മനസ്സിലായത്.

ശരിക്കും അതൊരു പഴയ മഴതന്നെയായിരുന്നില്ലേ? മനസ്സിൽ നിന്നും ഒരിക്കലും തോർന്നുപോകാത്ത, കാലം ചെല്ലുന്തോറും കനത്തുകനത്തുവരുന്ന അശാന്തമായ മഴ. നൂറു കുട ചൂടിയാലും അതിൽ ഒരാൾക്കു ചോർന്നൊലിക്കാതെ വയ്യ...)

ആലുവാ കോളജ് ഹിൽ സെന്റ് തോമസ് പള്ളി നടത്തിയ അഖില മലങ്കര ഉപന്യാസ മത്സര വിജയികൾ.



സ്തേഫാനോസ് മാർ തേവോദോസ്യോസ് അവാർഡ് വെല്ലൂർ സ്നേഹഭവന് യൂഹാനോൻ മാർ പോളികാർപോസും അലക്സിയോസ് മാർ യൗസേബിയസും ചേർന്ന് സമ്മാനിച്ചു. ഭിലായിലെ സെന്റ് തോമസ് മിഷന്റെ 52-ാമത് വാർഷിക ദിനത്തിലാണ് അവാർഡ് ദാനം നടന്നത്. വെല്ലൂരിൽ ചികിത്സയിലിരിക്കുന്ന രോഗികൾക്കും സമീപത്തുള്ളവർക്കും നിസ്വാർത്ഥവും, വികാരഭരിതവും, ദൃഢതയും, മാതൃകാപരവുമായ സേവനം നൽകുന്നതിൽ സ്നേഹഭവന്റെ മികച്ച സംഭാവനയും പ്രതിബദ്ധതയും കണക്കിലെടുത്താണ് അവാർഡ് സമ്മാനിച്ചത്.

അന്താരാഷ്ട്ര റേഡിയോളജി ദിനത്തോടനുബന്ധിച്ച് പരുമല ആശുപത്രിയിൽ ക്ലിനിക്കൽ റേഡിയോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട പ്രത്യേക പരിപാടി മാവേലിക്കര എം.എൽ.എ. എം. എസ് അരുൺ കുമാർ ഉദ്ഘാടനം ചെയ്തു. പരുമല സെമിനാരി മാനേജർ ഫാ. എൽദോസ് എലിയാസ് അധ്യക്ഷത വഹിച്ച പരിപാടിയിൽ, ആശുപത്രി സി.ഇ.ഒ ഫാ. എം. സി പൗലോസ്, ചാപ്ലെയിൻ റവ. ഫാ. ജിജു വർഗ്ഗീസ്, മെഡിക്കൽ സൂപ്രണ്ട് ഡോ. ഷെറിൻ ജോസഫ് എന്നിവർ വേദിയിൽ സന്നിഹിതരായിരുന്നു. പ്രശസ്ത ചലച്ചിത്ര താരവും 2016-ലെ മികച്ച നടിക്കുള്ള സംസ്ഥാന ചലച്ചിത്ര അവാർഡ് ജേതാവുമായ രജീഷ വിജയൻ മുഖ്യാതിഥിയായിരുന്നു.